# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ് സുപ്രിമെന്റു്

പരിശുദ്ധ ബാവാ തിരുമനസിലെ എൺപതാം പിറന്നാൾ പതിപ്പ്

വാല്യം 3 | 1986 ഏപ്രിൽ 23 | ലക്കം 20

# കർമ്മകുശലനും ഭരണ സാരഥിയുമായ സഭാധിപൻ

## പൗലോസ് മാർ ഗ്രീഗോറിയോസ്

തന്റെ എൺപതാം ജന്മദിനം അനാർഭാടമായി ആഘോഷിച്ചു, സങ്കീർത്തനക്കാരൻ പറഞ്ഞിട്ടുള്ള മുപ്പിരുപതും പത്തും എന്നുള്ള ജീവിതപരിധിയെ മറികടന്നു് പത്തു കൊല്ലംകൂടി മുമ്പോട്ടു് പോയിട്ടുള്ള നമ്മുടെ പരിശുദ്ധ ബാവാ തിരുമേനിക്കു് തന്റെ രണ്ടു് പൂർവ്വികന്മാരേയുംപോലെ തൊണ്ണൂറും കടക്കാൻ ദൈവം തമ്പുരാൻ ആരോഗ്യവും ദീർഘായുസ്സും നല്കട്ടെ.

മലങ്കര സഭ അതിന്റെ പത്തൊമ്പതു് നൂറ്റാണ്ടുകളിലെ ജീവിതത്തിൽ എത്രയെത്ര പ്രതിസന്ധികളെ തരണം ചെയ്തു! പോർത്തുഗീസുകാരുടേയും ഇംഗ്ലീഷുകാരുടേയും കടന്നാക്രമണങ്ങളും, പുതിയ നവീകരണ പ്രസ്ഥാനങ്ങളും പ്രലോഭനംകൊണ്ടുള്ള മതപരിവർത്തനങ്ങളും നമ്മുടെ എത്രയോ ലക്ഷം ആളുകളേയാണു് പാശ്ചാത്യ സഭകളിലേക്കു് പിടിച്ചുകൊണ്ടു പോയിരിക്കുന്നതു്! പൌരസ്ത്യ സിറിയൻ സഭയിൽനിന്നും അത്രപോലെയുള്ള കടന്നാക്രമണങ്ങൾ (65% മുതൽ ഇന്നു വരെ) നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു.

സുറിയാ പാത്രിയർക്കീസിന്റെ അടുത്തകാലത്തെ വലിയ കടന്നാക്രമണത്തിന്റെ പ്രതിസന്ധിയിൽക്കൂടെ നമ്മുടെ സഭയെ വഴിനയിച്ചതു് കാലംചെയ്ത പരിശുദ്ധ ഔഗേൻ ബാവായും ഇന്നത്തെ പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായുമാണല്ലോ. കഴിഞ്ഞൊരു ശതാബ്ദത്തിൽ നവീകരണകാലത്തു് പരുമലതിരുമേനിയും ഈ രാജ്യത്തിലാദ്യം വട്ടശ്ശേരിൽ തിരുമേനിയും — രണ്ടു് രീതിയിലാണെങ്കിലും — സഭയ്ക്കു് വേണ്ടി പൊരുതി അതിനെ കാത്തു രക്ഷിച്ചതുപോലെയുള്ള ഒരു വലിയ നേതൃത്വമാണു് ഇപ്പോഴത്തെ ബാവാ തിരുമേനി നമ്മുടെ സഭയ്ക്കു് നൽകിക്കൊണ്ടിരിക്കുന്നതു്.

സഭയുടെ ദൈനംദിനകാര്യങ്ങളിൽ വി.കെ. മാത്യൂസായും, മാത്യൂസച്ചനായും, പിന്നീടു് അത്താനാസ്യോസു് തിരുമേനിയായും ബാവാ തിരുമേനി നല്കിയ നേതൃത്വം സുപ്രീം കോടതിയിലെ വലിയ വിജയത്തിലേക്കു് സഭയെ നയിച്ചു. പക്ഷേ ആ വിധിനമുക്കൊരു വലിയ തടങ്ങൽ പാറയായി അനുഭവപ്പെട്ടു. കാരണം ആ വിധിയിലുള്ള നമ്മുടെ ആശ്രയം കുറെ കൂടിപ്പോയതുകൊണ്ടു് സഭയെ ദൈവം ശിക്ഷിച്ചു. ഇന്നു് കോടതി വിധികളിലുള്ള നമ്മുടെ ആശ്രയം കുറച്ചൊന്നു് കുറഞ്ഞു് യഥാർത്ഥമായ ദൈവാശ്രയത്തിലേക്കു് നാം നീങ്ങിക്കൊണ്ടിരിക്കുകയാണു്. ബാവാ തിരുമേനിയിലും ആ പരിവർത്തനം വ്യക്തമായി കാണാം.

കർത്താവിന്റെ കുരിശിനെയാണു് ബാവാ തിരുമേനി ഇന്നു് പ്രധാന ആശ്രയമാക്കുന്നതു്. പരിശുദ്ധ കന്യകമറിയാമ്മിന്റെയും മറ്റു് പരിശുദ്ധന്മാരുടേയും കബറിടിയോനുകൾ ചൊല്ലുന്നതിനു് മുൻപു് തന്നെ സ്ലീബായുടെ കബറിടിയോൻ ചൊല്ലിക്കൊണ്ടാണു് ബാവാ മദ്ധ്യസ്ഥപ്രാർത്ഥനകളാരംഭിക്കുന്നതു്. സഭയെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ കാര്യംതന്നെ. കോടതികളും, മറ്റും അന്നന്നത്തെ രാഷ്ട്രീയമനുസരിച്ചു മാറിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളാണു്. അവയേയും അവയുടെ വിധികളേയും ആശ്രയിച്ചു് ഒരു സഭയ്ക്കും മുൻപോട്ടുപോകാൻ സാധ്യമല്ല. ദൈവത്തിന്റെ കരുണയാണു് സഭയെ രണ്ടായിരത്തിലധികം ഇതുവരെ നാട്ടിൽ നടത്തിക്കൊണ്ടു പോയതു്. ആ കരുണയിൽത്തന്നെ ഇനിയും നാം ആശ്രയിക്കുന്നതിനുവേണ്ടിയാണു് ബാവാ തിരുമേനി നല്കിക്കൊണ്ടിരിക്കുന്ന നേതൃത്വമാണു് സഭയ്ക്കു് പ്രത്യാശനല്കുന്നതു്.

ഭരണപരമായ കാര്യങ്ങളിൽ ഇതിനു് മുൻപുണ്ടായിട്ടില്ലാത്ത വലിയ നേട്ടങ്ങളാണു് ബാവാ തിരുമേനിയുടെ ഈ ദശകത്തിലധികം വരുന്ന ഭരണകാലത്തുണ്ടായിട്ടുള്ളതു്. അസോസ്യേഷനും മാനേജിങ്ങ് കമ്മിറ്റിയും വിളിച്ചുകൂട്ടി കമ്മിറ്റിയും എപ്പിസ്കോപ്പൽ സുന്നഹദോസും നിശ്ചിത സമയങ്ങളിൽ കൂടുകയും കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്യുക എന്ന പതിവു് ബാവാ തിരുമേനിയുടെ കാലത്തു് മാത്രമാണു് ശരിക്കു് നടപ്പിൽവന്നിട്ടുള്ളതു്. 91 ബാവായുടെ കാലത്തിനു മുൻപു് എപ്പിസ്കോപ്പൽ സുന്നഹദോസു് കൂടിയതു് വല്ലപ്പോഴും ഒരിക്കൽ, എന്നെങ്കിലും പ്രതിസന്ധിയുണ്ടാകുമ്പോൾ മാത്രമായിരുന്നു. ഇന്നതുകൊണ്ടു് ആണ്ടിൽ രണ്ടു പ്രാവശ്യം. പൌരസ്ത്യാരിയിലും പാശ്ചാത്യയിലും പതിവായി ഓരോ വർഷത്തേയ്ക്കു് സുന്നഹദോസ് കൂടി സഭാകാര്യങ്ങൾ ചർച്ചചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുക എന്ന പതിവുണ്ടായിരിക്കുന്നു. ജനങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾക്കു് മുൻതൂക്കം കൊടുത്തുകൊണ്ടു് സുന്നഹദോസു് ചെയ്യുന്ന പരിഗണനകളും പുതിയ തീരുമാനങ്ങളും പത്രത്തിൻ അധികം വരാത്തതുകൊണ്ടു് അതിന്റെ പ്രാധാന്യത്തെ വേണ്ടുംവിധം വിലയിരുത്താൻ പലർക്കും സാധിക്കാറില്ല. എന്നാൽ ആരാധനാക്രമങ്ങളുടെ പരിഷ്കരണം, പ്രസാധനം, പരിഭാഷ (ഹിന്ദി, തമിഴ്, ഇംഗ്ലീഷ്) മുതലായ കാര്യങ്ങളിൽ വളരെയധികം കാര്യങ്ങൾ ചെയ്യുവാൻ സുന്നഹദോസിനു് സാധിച്ചതു് ബാവാ തിരുമേനിയുടെ കർമ്മകുശലതയും ഭരണശേഷിയും കൊണ്ടാണു്. വിദ്യാർത്ഥി

(ശേഷം 2-ാം പേജിൽ)

ലേഖകൻ

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്
1986 ഏപ്രിൽ 23
വാല്യം 3 ലക്കം 20

# കർമ്മകുശലനും ഭരണസാരഥിയുമായ സഭാധിപൻ

(1-ാം പേജിൽനിന്നു തുടർച്ച)

പ്രസ്ഥാനം, യുവജന പ്രസ്ഥാനം, സണ്ടേസ്കൂൾ, മർത്തമറിയം സമാജം, മിഷ്യൻ ബോർഡ്, ബാലികാ സമാജം, വൈദിക സംഘടന, അൽമായർക്കുവേണ്ടിയുള്ള ദിവ്യബോധനം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്കെല്ലാം ഭരണഘടനയും ചിട്ടയും ഉണ്ടാക്കുവാൻ ബാവാതിരുമേനിയുടെ നേതൃത്വത്തിൽ സുന്നഹദോസിനു സാധിച്ചിട്ടുണ്ട്. വൈദിക സെമിനാരിയുടെ കഴിഞ്ഞ ഇരുപതു വർഷത്തെ വലിയ പുരോഗതിയിൽ ബാവാതിരുമേനി സുപ്രധാനമായ നേതൃത്വമാണു നല്കിയിട്ടുള്ളതു. കാതോലിക്കാദിനപ്രചാരവും ഒരു നല്ല നിലയിൽ എന്നെ പറയേണ്ടിയിരിക്കുന്നു.

പരുമല സെമിനാരിയുടെ ഭരണവും കണക്കും, പുതിയ ഭദ്രാസനങ്ങളുടെ രൂപീകരണം, എം.ഡി. ആർക്കേഡിന്റെ പണി പൂർത്തിയാക്കൽ, സഭയുടെ കണക്കുകൾ ശരിയായി പ്രസിദ്ധപ്പെടുത്തൽ, എന്നിങ്ങനെയുള്ള കാര്യങ്ങളിലും ബാവാതിരുമേനിയുടെ ഭരണകാലത്തുണ്ടായിട്ടുള്ള പുരോഗതി അസാധാരണം എന്നു തന്നെ പറയാം. സുപ്രധാന പ്രശ്നങ്ങളിൽ ഒരു മാതിരി ഭംഗിയായിത്തന്നെ മുൻപോട്ടു പൊയ്ക്കൊണ്ടിരിക്കുന്നതു.

സുപ്രധാന ആഘോഷം, പാപ്പായുടെ സന്ദർശനം, സഹോദരീ സഭകളുടെ സന്ദർശനം മുതലായ പരിപാടികൾ ആവിഷ്കരിച്ച് നമ്മുടെ സഭയും മറ്റു സഭകളും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുന്നതിലും തിരുമേനി വലിയ ഒരു പങ്കാണു നിർവ്വഹിച്ചിട്ടുള്ളതു.

ബാവാതിരുമേനിയുടെ വ്യക്തി സ്വഭാവത്തിൽ കാണുന്ന നിരവധി ഗുണങ്ങളുണ്ട്. ലളിതജീവിതം, കർമ്പാനയും പട്ടം കൊടയും പള്ളിമുദ്രയും പോലുള്ള ആത്മീയ കർമ്മങ്ങളിൽ ശരീരത്തിന്റെ ക്ഷീണത്തേയും വാർദ്ധക്യത്തേയും കണക്കാക്കാതുള്ള ജാഗ്രതകത, പുറമേ മറിച്ചു തോന്നാമെങ്കിലും യഥാർത്ഥത്തിലുള്ള താഴ്മയും മനുഷ്യസ്നേഹവും, വിശ്രമംകൂടാതെയുള്ള പ്രവർത്തനനിരതതയും, വിശ്വാസസംബന്ധമായ കാര്യങ്ങളിലുള്ള പാണ്ഡിത്യവും വിവേചനശക്തിയും-എന്നിങ്ങനെ അനേകകാര്യങ്ങൾ എടുത്തു പറയുവാൻ കഴിയും.

സഭയ്ക്ക് ദീർഘനാൾ അതുല്യമായ സാരഥ്യവും നേതൃത്വവും നല്കുവാൻ തക്കവണ്ണം ദൈവം തമ്പുരാൻ ശരീരാരോഗ്യവും ബുദ്ധി വൈഭവവും നല്കുവാൻവേണ്ടി നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം.

0

## എഡിറ്റോറിയൽ

# കൃതജ്ഞതാപൂർവം

പരിശുദ്ധ ബാവാതിരുമനസിലെ എൺപതാം ജൻമദിനത്തോടനുബന്ധിച്ചു ഹൊറാൾഡിനു ഒരു സപ്ലിമെന്റു പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ദൈവകൃപയുടെ പ്രഭാപൂരത്താൽ പ: ബാവാതിരുമനസിലെ ശിഷ്യായുസു പൂർവ്വാധികം പ്രശോഭിതമാകട്ടെ എന്നു ഇത്തരുണത്തിൽ ഞങ്ങൾ ആശംസിക്കുന്നു.

ഈ സപ്ലിമെന്റിന്റെ പ്രസിദ്ധീകരണത്തിനായി ഞങ്ങളോടൊപ്പം സഹകരിച്ച സകലരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തട്ടെ, ഡൽഹിയിലുള്ള നമ്മുടെ സഭാമക്കൾ ഈ സംരംഭത്തിൽ ഞങ്ങൾക്കു വളരെയധികം പ്രോത്സാഹനം നല്കുകയുണ്ടായി. ഡൽഹി ഭദ്രാസനാധിപൻ ഡോ: പൗലൂസ് മാർ ഗ്രീഗോറിയോസ്; ഫാ: ജോസഫ് വെണ്ടറപ്പിള്ളി; മുത്തൂറ്റ്. എം ജി. ജോർജ്ജ് (സഭാമാനേജിംഗ് കമ്മറ്റിമെംബർ) പി. എം. തോമസ് (സഭാമാനേജിംഗ് കമ്മറ്റിമെമ്പർ); പി. വി. വറുഗീസ് (കാനം റമ്പേഴ്സ്); ജോർജ്ജ് വറുഗീസ് (യു. എൻ. ഐ); ജോർജ്ജ് ജോൺ (ഉക്കാ അഡ്വർട്ടൈസിംഗ് കമ്പനി) തുടങ്ങി, ധാരാളംപ്രമുഖ വ്യക്തികളും, ഈ സപ്ലിമെന്റിന്റെ പ്രവർത്തനങ്ങൾക്കായി ഡൽഹിയിലെത്തിയ ഞങ്ങൾക്കു നല്കിയ നിർലോഭമായ പ്രോത്സാഹനം ഇത്തരുണത്തിൽ കൃതജ്ഞതയോടെ സ്മരിക്കുന്നു.

പ: ബാവാതിരുമേനിയുടെ ജീവിതത്തിന്റെ വിവിധ വശങ്ങളും അനാവരണം ചെയ്തുകൊണ്ടു ആധികാരികലേഖനങ്ങളും നല്കി ഈ സപ്ലിമെന്റിന്റെ പ്രൗഢി വർദ്ധിപ്പിക്കുവാൻ സഹകരിച്ച എല്ലാ ലേഖനകർത്താക്കളോടുമുള്ള കൃതജ്ഞതയും രേഖപ്പെടുത്തട്ടെ. അതോടൊപ്പം പരസ്യങ്ങളും നല്കി ഈ സംരംഭത്തിന് ഞങ്ങളുടെ സാമ്പത്തിക ഭാരം ലഘൂകരിച്ച, ഡൽഹിയിലും കേരളത്തിലുമുള്ള സകല സഭാസ്നേഹികളോടും ഞങ്ങൾക്കുള്ള കടപ്പാടുകളും നിസ്സീമമാണു.

*Compliments from:*

KALPANA
PRINTING
HOUSE

**L-4, Green Park Extn:**
**New Delhi~16**

Phone: 669407

# "എന്റെ ബാല്യകാല സ്മരണകൾ

# പരിശുദ്ധ ബാവാ

ആമുഖം തയ്യാറാക്കിയത്

**എൻ. എം. മാണി**

'വലിയ വിദ്യാഭ്യാസമൊന്നും ഇല്ലായിരുന്നെങ്കിലും വടക്കൻ മണ്ണൂർ ഇടവകക്കാർ അന്നും പൊതുവേ പരിജ്ഞാനവും ആത്മീയ ബോധവുമുള്ളവർ ആയിരുന്നു.'' വടക്കൻമണ്ണൂർ ഇടവകയെക്കുറിച്ചുള്ള പഴയ ഓർമ്മകളിലേക്കിറങ്ങിച്ചെന്നുകൊണ്ട് പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞ വാക്കുകളാണിവ. 1984 ഓഗസ്റ്റ് 31-ന് പാമ്പാടി മാർ കുറിയാക്കോസ് ദയറായിൽ മാത്യൂസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ശ്രാദ്ധപ്പെരുന്നാൾ ചടങ്ങുകൾക്കശേഷം അവിടെ വിശ്രമിക്കുകയായിരുന്ന പരിശുദ്ധ ബാവായെ കണ്ടു കൈമുത്തി തിരിച്ചുപോകാൻ വടക്കൻമണ്ണൂർ ഇടവകയിലെ വൈദികരും അത്മായക്കാരുംകൂടി ചെന്നപ്പോഴാണ് പരിശുദ്ധ ബാവാ ഇങ്ങനെ പറഞ്ഞത്.

പിന്നീട് ഈ ലേഖകൻ ദേവലോകം അരമനയിലെത്തി പരിശുദ്ധ ബാവായെ കണ്ടപ്പോൾ സന്തുഷ്ടനായ ബാവാതിരുമേനി താൻ ജനിച്ചു വളർന്ന വടക്കൻ മണ്ണൂർ ഇടവകയുമായുള്ള ബാല്യകാലബന്ധങ്ങൾ സുദീർഘമായി വിവരിച്ചു പറയുകയുണ്ടായി.

പരിശുദ്ധ ബാവായുടെ ഭാഗ്യസ്മരണാർഹനായ പിതാവ് ദിവ്യശ്രീ വട്ടശ്ശേരിൽ കുര്യൻ കത്തനാർ സ്ഥാപകവികാരിയായി വടക്കൻമണ്ണൂർ ഇടവകയിൽ താമസിച്ചിരുന്ന കാലയളവിലാണ് ബാവാ തിരുമേനിയുടെ ജനനം. തുടർന്നുള്ള നാലര വർഷം കൂടി വടക്കൻമണ്ണൂർ പള്ളിക്ക സമീപം പണികഴിപ്പിച്ച സ്വന്തം വീട്ടിൽ ആ കുടുംബം താമസിച്ചു. പിന്നീട് കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യം മുൻനിർത്തി കുടുംബം താമസം കോട്ടയത്തേക്ക മാറ്റുകയാണുണ്ടായത്.

വടക്കൻമണ്ണൂരിൽനിന്നു കോട്ടയത്തേക്കുള്ള അന്നത്തെ യാത്രതന്റെ ബാല്യഹൃദയത്തിൽ പതിപ്പിച്ച അനുഭൂതികളുടെ വളരെ നേരിയ ഓർമ്മകൾ അയവിറക്കിക്കൊണ്ട് ബാവാതിരുമേനി ഇങ്ങനെ പറഞ്ഞു:

'പള്ളിത്താഴെ ആഞ്ഞിലിച്ചോട്ടു കടവിൽനിന്നു വള്ളത്തിലായിരുന്നു അന്നത്തെ യാത്ര. പോകാൻ എനിക്കു മടിയായിരുന്നു. ഓമത്തിൽ കൊച്ചുട്ടൻ ചിറപ്പനും (ഫാ. ഒ. ടി. കുറിയാക്കോസിന്റെ പിതൃസഹോദരൻ) എന്നെ വലിയ കാര്യമായിരുന്നു. ഞാൻ വള്ളത്തിൽ കയറാൻ മടിച്ചുനിന്നപ്പോൾ അദ്ദേഹം കൂടെ കയറി. വള്ളം വിട്ടുകുറേ മുന്നോട്ടുപോയപ്പോൾ ചിറപ്പൻ ഇറങ്ങി...'

നാലര വയസ്സിൽ കോട്ടയത്തേയ്ക്കു തിരിച്ചുപോന്നശേഷം പിന്നീടു ഇടയ്ക്കിടയ്ക്കു വടക്കന്മണ്ണൂരിൽ പോയി അവിടത്തെ ഓമനത്തിൽ പിതാവിനോടൊത്തു താമസിക്കാറുണ്ടായിരുന്നു. വാർദ്ധക്യംമൂലം പഴയതുപോലെയുള്ള ഓടിനടപ്പു പറ്റാതെ വന്നപ്പോൾ വടക്കൻമണ്ണൂരുള്ള വീട്ടിൽതന്നെ താമസിച്ചുകൊണ്ട് ആ പള്ളിക്കുടാതെ മണർകാട്ടു പള്ളിയിലേയും നിലയ്ക്കൽ പള്ളിയിലേയും ആദ്ധ്യാത്മിക കാര്യങ്ങൾ പിതാവു നടത്തിവന്നു.

വല്ലപ്പോഴും മാത്രമേ അപ്പച്ചൻ കോട്ടയത്തു വന്നു താമസിക്കുമായിരുന്നുള്ളൂ. ഇടയ്ക്കിടയ്ക്കു ഞാനും അമ്മച്ചിയുംകൂടി കോട്ടയത്തുനിന്നു അവിടെ പോയി അപ്പച്ചനോടൊത്തു താമസിക്കുമായിരുന്നു. പ്രത്യേകിച്ചു സ്കൂൾ അവധി കിട്ടുമ്പോൾ. ഞാൻ അന്നു കൊച്ചു ബാലനാണ്.

അന്നത്തെ കാര്യങ്ങൾ രസാവഹമാണ്. പറമ്പിൽ കൃഷി ചെയ്യാൻ പോകും, കപ്പയും ചേനയുമൊക്കെയാണ് കൃഷികൾ. കപ്പയും ചേനയും ഒക്കെ പറിച്ചെടുക്കാൻ വലിയ ഉത്സാഹമായിരുന്നു.

ഓമത്തിൽക്കാരും, മണലേൽക്കാരും, മാടത്താനിക്കാരുമായിരുന്ന ഞങ്ങളുടെ അയൽവാസികൾ. ഓമത്തിലെ കൊച്ചുട്ടൻ ചിറപ്പൻ, തോമ്മാ ചിറപ്പൻ, കുര്യൻ ചിറപ്പൻ, കുറുമുള്ളിലെ കൊച്ചുകൊച്ചുചേട്ടൻ, കൊച്ചുകൊച്ചുചേട്ടന്റെ അപ്പൻ, നട്ടപ്പീടികയിൽ കുഞ്ഞപ്പൻ. ഇവരൊക്കെ വീട്ടിൽ വരും. ഞാൻ അങ്ങോട്ടും പോകും.

കുറുമുള്ളിൽ ചെന്നാൽ ശർക്കരയും തേങ്ങയും കിട്ടും, തിന്നാൻ നല്ല രസം.

'ഞാൻ വടക്കന്മണ്ണൂരിലാണ്' ജനിച്ചത്. 1907 മാർച്ച് 27-ാം തീയതി. മാമ്മോദീസായും വടക്കന്മണ്ണൂർ പള്ളിയിൽ ആയിരുന്നു. 1907-മേയ് 12-ാംനു. ഓമത്തിലെ വല്യപ്പൻ (തൊമ്മൻ തോമസ്) ആണു തലതൊട്ടപ്പൻ. ബാവാതിരുമേനി ഒരു പഴയ ബുക്ക് എടുത്തു അതിന്റെ പുറംതാളിൽ ജനനത്തീയതിയും മാമ്മോദീസാതീയതിയും എഴുതിയിരുന്നതു വായിച്ചു. എന്നിട്ടു പറഞ്ഞു: ''അപ്പച്ചൻ എഴുതിയിട്ടിരുന്നതാണ്. പിന്നീടു ഞാൻ പകർത്തിയെഴുതി.''

ആദ്യകാലത്തു എന്റെ പിതാവിനെക്കുറിച്ചു നാലുവാക്കു പറയാൻ വന്നിരുന്ന വൈദികരെ ഓർക്കുന്നു. വട്ടമല അച്ചൻ, പൈനുങ്കൽ അച്ചൻ, ആലയ്ക്കപ്പറമ്പിലച്ചൻ എന്നിവരെ. എന്നാൽ തൊട്ടെക്കാട്ടച്ചനെ എനിക്കു ഓർമ്മയില്ല.

വടക്കന്മണ്ണൂർ താമസിച്ചിരുന്ന കാലത്തു വടക്കന്മണ്ണൂരാണു കുർബ്ബാനയിൽ സംബന്ധിച്ചിരുന്നതു.

ആദ്യമൊക്കെ മണർകാട്ടുപള്ളിയിൽനിന്നു വന്നിരുന്ന കപ്യാരന്മാരാണു ശുശ്രൂഷകരായുണ്ടായിരുന്നതു. അതിൽ കുറുത്ത കുഞ്ഞപ്പൻ എന്ന കപ്യാരെ ഞാൻ ഓർക്കുന്നുണ്ടു. അതു തോമ്മാ (റിട്ടയർ ചെയ്ത ശുശ്രൂഷകൻ ചുരനാനിക്കൽ തോമസ്) വരുന്നതിനു മുമ്പാണു.

അന്നു ഞാൻ തീരെ ചെറുപ്പമായിരുന്നല്ലോ. അതുകൊണ്ടു മദ്ബഹായിൽ ശുശ്രൂഷിക്കാൻ കയറിയിരുന്നില്ല, തീരെ ചെറുപ്പത്തിൽ ശുശ്രൂഷക്കാരായി മദ്ബഹായിൽ കയറുന്ന രീതി അന്നുണ്ടായിരുന്നില്ല.

അന്നു കാളവണ്ടിയിൽ പോകാൻ ബഹുരസമാണ്. നട്ടപ്പീടികയിൽ കുഞ്ഞപ്പന്റെ കൂടെ പോകും.

ഇന്നത്തേതുപോലെ കാറോ ബസ്സോ വല്ലതും അന്നുണ്ടോ? യാത്രമിക്കവാറുംതന്നെ നടന്നാണ്. പിന്നെ, അപ്പച്ചനു വാർദ്ധക്യമായപ്പോൾ 'പ്രാവിൻകൂടുവണ്ടി' ഉപയോഗിക്കുമായിരുന്നു.

ഇടവകക്കാർക്ക് അപ്പച്ചനോടു വലിയ ബഹുമാനവും താല്പര്യവുമായിരുന്നു. വലിയ ആകാരം. ആ രൂപംതന്നെ ആരിലും ബഹുമാനമുളവാക്കും. അപ്പച്ചന്റെ ഒരു കൈയുടെ ശക്തിപോലും എനിക്കില്ല. ശബ്ദവും അതുപോലെതന്നെ ഘനഗംഭീരം. വിശുദ്ധ കുർബ്ബാനവേളയിൽ ആ ശബ്ദമൊന്നു പ്രത്യേകംതന്നെ ആയിരുന്നു. ശുദ്ധമലയാളപദങ്ങളേ ഉപയോഗിക്കുമായിരുന്നുള്ളൂ. സുറിയാനിക്രമം അപ്പച്ചൻ സ്വന്തമായി തർജ്ജമ ചെയ്താണ് ചൊല്ലിയിരുന്നതു. ''പിതാവായി, സർവ്വശക്തനായി, ആകാശത്തിന്റേയും ഭൂമിയുടേയും'' എന്നു ചൊല്ലുന്നതു ഇപ്പോഴും കാതുകളിൽ മുഴങ്ങുന്നു. എന്നാൽ രാത്രി നമസ്കാരം സുറിയാനിയിൽ മാത്രമേ ചൊല്ലിയിരുന്നുള്ളൂ.

അയൽപക്കത്തുള്ള കുട്ടികളെ അപ്പച്ചൻ കുംതാപാട്ടുകൾ പഠിപ്പിക്കുമായിരുന്നു. ഞാനും അക്കൂട്ടത്തിൽ ചെന്നിരിക്കുമായിരുന്നു.

അപ്പോൾ ഡോ. ജോർജ് അച്ചൻ ചോദിച്ചു: ബാവാതിരുമേനി പട്ടമേറ്റതു എത്ര വയസ്സിലാണ്?

പരിശുദ്ധ ബാവാ ചിരിച്ചു. ഞാൻ തെ പ്രത്യേക ടൈപ്പ് ആണു. ഇളയമകനായതിനാൽ ചെറുപ്പത്തിൽ വളരെ ''റിസേർവ്ഡ്'' (അധികമാളുകളോടും ഇടപെടാത്ത ഒതുങ്ങിയ സ്വഭാവം) ആയിരുന്നു.

ചിറയിൽ അയ്യപ്പൻപിള്ളയാണ് എന്റെ ആദ്യഗുരു. അദ്ദേഹം കോട്ടയത്തു ഒരു പലചരക്കുകച്ചവടക്കാരനായിരുന്നു. അദ്ദേഹമാണ് എന്റെ ആശാൻ.

പള്ളിക്കൂടത്തിലാക്കിയപ്പോൾ എനിക്ക് ആറുവയസ്സായിരുന്നു. എം. ഡി. സെമിനാരിയിൽ ഒന്നാം ക്ലാസ്സിലാണ് ചേർത്തതു.

മൂന്നാംക്ലാസ്സിൽ ചെറിയാൻ സാറായിരുന്നു അദ്ധ്യാപകൻ. കുട്ടികളെ നല്ലവണ്ണം അടിക്കുമായിരുന്നു. പക്ഷേ, എനിക്കു തല്ലൊന്നും കൊള്ളേണ്ടിവന്നില്ല.

പ്രിപ്പാരട്ടറി ക്ലാസ്സിലെത്തിയശേഷമാണ് കളികളിൽ ശ്രദ്ധിച്ചതു. അന്നു കിളിത്തട്ടുകളിയിൽ മിടുക്കൻ ഞാനായിരുന്നു. മിക്കപ്പോഴും 'കിളി' ആയിരുന്നതും ഞാൻ തന്നെ.

ഹൈസ്കൂളിൽ കയറിയതോടെ പന്തുകളിയിലും മുന്നിലായി. ലെഫ്റ്റ്ഹോർവേഡ് ആയിരുന്നു സ്കൂൾ ടീമിൽ. രണ്ടാമത്തെ ചേട്ടൻ (പരേതനായ വി. കെ. ജോസഫ്) ആയിരുന്നു ഗോളി. ഒരു തവണ ഞങ്ങളുടെ കുടുംബങ്ങളിൽനിന്നുതന്നെ പതിനൊന്നുപേർ കളിക്കാരായുണ്ടായിരുന്നു. സ്കൂൾ ഫൈനലിലെത്തിയപ്പോൾ ഞാൻ ഹെഡ്മാസ്റ്റർ കൃപ്പറനായി.

കൊള്ളരുതാത്ത കുട്ടികൾ അന്നും ഉണ്ടായിരുന്നു. എങ്കിലും ഞങ്ങൾ ആ കൂട്ടുകെട്ടിലൊന്നും ഉൾപ്പെട്ടിരുന്നില്ല. അപ്പച്ചൻ വിവിധ പള്ളികളിലെ ആവശ്യങ്ങൾക്കായി വീട്ടിൽ ഇല്ലാത്തതിനാൽ അമ്മച്ചിയാണ് എല്ലാറ്റിലും ഞങ്ങൾക്കു ശിക്ഷണവും മാർഗ്ഗദർശനവും നൽകിയതു. അപ്പച്ചൻ സ്ഥലത്തു ഇല്ലാത്തതിനാൽ തെറ്റായി ഒന്നും ചെയ്യുകൂടാ എന്ന ബോധം ഞങ്ങളിൽ ശക്തമായിട്ടുണ്ടായിരുന്നു.

സ്കൂളിൽ പഠിക്കുമ്പോൾതന്നെ എല്ലാവരും എന്നെ 'അച്ചൻ' എ

(ശേഷം 26-ാം പേജിൽ)



എൻ.എം. മാണി

# പഴയ സെമ്മിനാരിയിൽനിന്ന് ദേവലോകത്തേക്ക്

### ഡോ. സാമുവൽ ചന്ദനപ്പള്ളി

1907 മാർച്ച് 27-ാം തീയതിയാണ് പ: മാത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ജന്മദിനം. മാത്യൂസ് എന്നായിരുന്നു ബാല്യകാല നാമം. കോട്ടയം വട്ടക്കുന്നേൽ കുര്യൻ കത്തനാരും, ഒളശ്ശ പുളിക്കപ്പറമ്പിൽ ഇട്ടി അയിപ്പിന്റെ പുത്രി മറിയാമ്മയും ആയിരുന്നു മാതാപ്രിതാക്കൾ. സ്വന്തം തറവാടിനു സമീപമുള്ള എം.ഡി. സെമ്മിനാരിയിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ച മാത്യൂസ് ഉപരിപഠനം നടത്തിയതു് കോട്ടയം സി.എം.എസ്. കോളജിലും, തിരുവനന്തപുരം മഹാരാജാസ് കോളജിലും ആയിരുന്നു. 1930-ൽ കെമിസ്ട്രിയിൽ ബി.എ. ബിരുദം കരസ്ഥമാക്കി. ആദ്ധ്യാത്മിത നിറഞ്ഞുനിന്ന ഭവനാന്തരീക്ഷവും, എം.ഡി. വൈദിക സിമ്മനാരിയുടെ സാമീപ്യവും മാത്യൂസിന്റെ മനസ്സിൽ സദാ നിറഞ്ഞു നിന്നിരുന്നു. അധികം വൈകാതെ, ചെറിയ മഠത്തിൽ സ്റ്റോറിയാമല്പാനെ ഗുരുവായി സ്വീകരിച്ച് സുറിയാനിഭാഷാപഠനം തുടങ്ങി. 2 വർഷം അതു് തുടർന്നു. അനന്തരം കൽക്കട്ടാ ബിഷപ്പ്സ് കോളജിൽ ബി. ഡി. വിദ്യാർത്ഥിയായി. 1936-ൽ ആ ബിരുദവും നേടി നാട്ടിലെത്തിയ വി.കെ. മാത്യൂസ് വീണ്ടും സുറിയാനി ഭാഷയിൽ അവഗാഹം ആർജ്ജിച്ചു. വായനയിലും പഠനത്തിലും മുഴകി. സഭാചരിത്രവും, വേദശാസ്ത്രവും അദ്ദേഹത്തിനു് പ്രിയംകരവിഷയങ്ങളായി മാറി. 37 വയസ്സായപ്പോഴേക്കും മലങ്കര സഭാ മാനേജിംഗ് കമ്മറ്റിയിലംഗമായിത്തീർന്നു. അവൈദികനായിരിക്കെത്തന്നെ, എം.ഡി. വൈദിക സെമ്മനാരിയിൽ അദ്ധ്യാപകനായി നിയോഗിക്കപ്പെട്ടു. ദൈവശാസ്ത്ര വിജ്ഞാനീയത്തിലും, സഭാ പാരമ്പര്യശാസ്ത്രത്തിലും, കാനോനിലുമുള്ള അദ്ദേഹത്തിന്റെ അനുപമ വ്യക്തിത്വത്തിനുള്ള അംഗീകാരമായിരുന്നു അതു്. വി.എം. മാത്യൂസ് അവസാനം ദൈവത്തിന്റെ മുന്തിരിത്തോപ്പിലെ ശുശ്രൂഷകനായിത്തീരാൻ തീരുമാനിച്ചു. 1945-ൽ പഴയ സെമ്മിനാരിയിലെ വിശുദ്ധ മദ്ബഹയിൽ വച്ച് മലങ്കര സഭയിലെ സ്വാതന്ത്ര്യസമര പോരാളികളായ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെയും, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെയും മദ്ധ്യസ്ഥതയിൽ അഭയം തേടിക്കൊണ്ടു്, അദ്ദേഹം ശെമ്മാശുപട്ടം ഏറ്റുവാങ്ങി. വൈദികപഠനം എല്ലാം ഇതിനോടകം പൂർത്തീകരിച്ചിരുന്ന മാത്യൂസ് ശെമ്മാശനു് 1946 ഒക്ടോബർ 27-നു് കോട്ടയം മാർ ഏലിയാ ചാപ്പലിൽ വച്ചു് കശ്ശീശാ പട്ടവും നല്കി. പ: ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ



ഓർത്തഡോക്സ് വൈദിക സിമ്മനാരിയുടെ പ്രിൻസിപ്പലായി നിയമിച്ചു. സുശിക്ഷിതരും സുസമ്മതരുമായ വൈദികരുടെ നിര, സഭയുടെ ശക്തിദുർഗ്ഗമാണെന്നു് അദ്ദേഹം വിശ്വസിച്ചിരുന്നു. സ്വഭാവശുദ്ധിയും, മൂല്യബോധവും, വിജ്ഞാനകൗതുകവും, വിദ്യാഭ്യാസ യോഗ്യതയുമുള്ള വൈദികരെ വാർത്തെടുക്കുന്ന മൂശയായിരിക്കണം സെമ്മിനാരിയെന്നു് പുതിയ പ്രിൻസിപ്പൽ ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചു. തദനുസരണം പാഠ്യപദ്ധതിയും ശിക്ഷണരീതിയും സംവിധാനം ചെയ്തു. അച്ചടക്കത്തിനും ആത്മവിശുദ്ധിക്കും അമിത പ്രാധാന്യം നല്കി. ഒരു വൈദികകോളജിന്റെ അന്തസ്സും ആഭിജാത്യവും അരക്കിട്ടുറപ്പിക്കാൻ ഫാ. വി. കെ. മാത്യൂസിന്റെ പ്രവാചക പ്രതിഭയ്ക്കു കഴിഞ്ഞു. വൈദിക സെമ്മിനാരി പഠനം, ഒരഭിമാനവും പദവിയുമായി വൈദികർ കരുതി. ചുരുങ്ങിയ കാലംകൊണ്ടു് ഓർത്തഡോക്സ് വൈദിക സെമ്മിനാരിയും, അതിന്റെ പ്രിൻസിപ്പലും, സഭാംഗങ്ങളുടെയിടയിൽ ശ്രദ്ധേയമായി.

1951 സെപ്തംബർ 21-ാം തീയതി ഫാ. വി.കെ. മാത്യൂസിനു് റമ്പാൻ സ്ഥാനം നല്കി. രണ്ടു വർഷം ആ നിലയിൽ തുടർന്നു. 1953 മെയ് 15-ാം തീയതി മലങ്കര സഭയ്ക്കുവേണ്ടി, അഞ്ചു മെത്രാന്മാരെ വാഴിച്ചപ്പോൾ അതിലൊരാൾ മാത്യൂസ് റമ്പാൻ ആയിരുന്നു. മാത്യൂസ് മാർ അത്താനാസ്യോസ് എന്ന പേരിലാണു് അദ്ദേഹം അഭിഷിക്തനായതു്. ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്തായായി അദ്ദേഹം നിയമിതനായി. മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ട, അമേരിക്ക എന്നീ അഞ്ചു ഭദ്രാസനങ്ങൾക്കു് ആധാരശില പാകി, അവയെ സ്വയംപര്യാപ്തതയിൽ എത്തിക്കുവാൻ മെത്രാപ്പോലീത്തായിക്കു കഴിഞ്ഞു. ചിതറിക്കിടന്ന അജഗണങ്ങളെ സഭാ കേന്ദ്രത്തിന്റെ ആലയിലേക്കു് അടുപ്പിച്ചുകൊണ്ടു വരാൻ അസാധാരണ നേതൃത്വമാണു് അദ്ദേഹം നല്കിയതു്. ഭദ്രാസന ഭരണകാര്യങ്ങളിൽ വ്യാപൃതനായിരുന്നപ്പോഴും, വൈദിക സിമ്മനാരിയുടെ പ്രിൻസിപ്പൽ എന്ന നിലയിൽ എല്ലാ കാര്യങ്ങളിലും ഉത്ഗ്രഥാനനായിരുന്ന അദ്ദേഹം. സഭാസംബന്ധമായ സുപ്രധാന സമ്മേളനങ്ങളിൽ അദ്ദേഹത്തിന്റെ അഭിപ്രായം അനർഘവും ആദരണീയവുമായിരുന്നു. മലങ്കര സഭാ വർക്കിംഗ് കമ്മറ്റി ഉപാദ്ധ്യക്ഷൻ, കാതോലിക്കേറ്റ് സ്കൂൾ ബോർഡ് പ്രസിഡന്റ് എപ്പിസ്കോപ്പൽ കൗൺസിൽ അംഗം, എന്നീ നിലകളിൽ ഇക്കാലങ്ങളിൽ അദ്ദേഹം നല്കിയ സംഭാവനകൾ വിസ്മരിക്കാനാവില്ല.

ചെറുപ്രായത്തിൽ തന്നെ ഓർത്തഡോക്സ് വിശ്വാസത്തിന്റെ വീറും വിശുദ്ധിയും സ്വാംശീകരിച്ചിരുന്ന മെത്രാപ്പോലീത്ത, അതു് അദ്ദേഹം കാത്തുസൂക്ഷിക്കുന്നതിൽ സദാ ജാഗ്രത്തുകനായിരുന്നു. ദൈവവചന പഠനം, പ്രാർത്ഥന, തപസ്യയാക്കി. പരമ സത്യം കണ്ടെത്തി അതിലടിയുറച്ചു നിന്നു. അസാധാരണമായ ധിഷണാവൈഭവത്തോടെ പാശ്ചാത്യ പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ നിഗൂഢ മേഖലകളിലേക്കു കടന്നുചെന്നു, സ്വതന്ത്രവും മൗലികവുമായ ചിന്തകൾ അവതരിപ്പിച്ചു. നിരന്തരമായ വായനയിലും പഠനത്തിലും നിന്നു് ഉയർത്തിരിഞ്ഞ ഉജ്ജ്വലാശയങ്ങൾ സഭയുടെ പ്രതിസന്ധികളിൽ പ്രത്യാശാ രേഖകളായി പ്രകാശിച്ചു. സഭയുടെ കാനോനുകൾ, വിശുദ്ധ കുദാശകൾ എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ആധികാരികങ്ങളായിരുന്നു. ദാനിയേൽ കേസിലും, കോട്ടയം ജില്ലാ കോടതി സ്പെഷ്യൽ ബഞ്ചിൽ നടന്ന സമുദായക്കേസിലും കാനോൻ വിദഗ്ദ്ധ സാക്ഷി എന്ന നിലയിൽ മൊഴി കൊടുത്ത മെത്രാപ്പോലീത്ത നിയമജ്ഞന്മാരുടെയും നിയമപാലകന്മാരുടെയും പ്രശംസയ്ക്കു് പാത്രീഭവിച്ചിട്ടുണ്ടു്.

കാതോലിക്കാ ബാവായുടെ അസിസ്റ്റന്റു് എന്ന നിലയിൽ ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള സന്ദർഭങ്ങളിൽ മെത്രാപ്പോലീത്ത സുധീരതീരുമാനങ്ങളും നിലപാടുകളും എടുത്തിരുന്നു. ആ അവസരങ്ങളിൽ അദ്ദേഹം അധൈര്യപ്പെട്ടിട്ടില്ല. അസ്സോസിയേഷൻ യോഗങ്ങളിൽ പലപ്പോഴും 'സ്പീക്കർ' സ്ഥാനം വഹിച്ചിരുന്നതു് മെത്രാപ്പോലീത്തായാണു്. അസാമാന്യമായ പാടവവും, സംയമനവും സ്വായത്തമാക്കിയിട്ടുള്ള വ്യക്തികൾക്കു മാത്രമേ ഇവിടെ പിടിച്ചു നില്ക്കാൻ കഴിയൂ. ഭിന്നതാല്പര്യക്കാരും സ്വാർത്ഥമോഹമുവായിരത്തിൽപരം സഭാ പ്രതിനിധികളെ ഏകലക്ഷ്യോന്മുഖമായി ചിന്തിക്കാനും ചലിപ്പിക്കുവാനും മെത്രാപ്പോലീത്തായുടെ ബുദ്ധിവൈഭവത്തിനു് സാധിച്ചിരുന്നു. പരിശുദ്ധാത്മാവിന്റെ വരപ്രസാദം കൊണ്ടു മാത്രമാണു് ഈ പരമാധികാര സഭയെ നിയന്ത്രിക്കാൻ സാധിക്കുന്നതെന്നു് പലപ്പോഴും അദ്ദേഹം അനുസ്മരിക്കാറുണ്ടു്.

അറിവു ശക്തിയാണെന്നു് വിശ്വസിച്ചിരുന്ന മെത്രാപ്പോലീത്ത ബഹുവിധ ജ്ഞാനിത്തിരക്കിനിടയിലും അറിവിന്റെ നൂതന മേഖലകളെ ആശ്ലേഷിക്കുവാൻ സമയം കണ്ടെത്തിയിരുന്നു. ആരാധനാമദ്ധ്യേ നടത്താൻ പ്രതിവാര പ്രഭാഷണങ്ങൾ തയ്യാറാക്കുക, വി. കുദാശകളുടെ രഹസ്യങ്ങൾ ലളിതസുന്ദരശൈലിയിൽ പ്രതിപാദിക്കുന്ന ലേഖനങ്ങളും, സഭയുടെ സനാതന സത്യങ്ങളുടെ സംരക്ഷണത്തിനുവേണ്ടി രക്തസാക്ഷി മരണം വരിച്ചിട്ടുള്ള പിതാക്കന്മാരുടെ ജീവചരിത്രക്കുറിപ്പുകളും എഴുതി പ്രസിദ്ധീകരിക്കുക, ഇതിനൊക്കെ അദ്ദേഹം

# പൗരസ്ത്യകാതോലിക്കാ മാത്യൂസ് പ്രഥമൻ ബാവാ തിരുമേനി

### ഗീവർഗീസ് മാർ ദിയസ്കോറോസ്



വിദ്യാർത്ഥി കോൺഫ്രൻസ് പ്രസ്ഥാനമായി രൂപാന്തരം കൊള്ളുന്ന ഘട്ടം. 1946-50 കാലയളവിൽ അയിരുന്നു അതു്. വാർഷിക കോൺഫ്രൻസിൽനിന്നു് പ്രാപിച്ച സ്വാധീന തരംഗങ്ങളുടെ ശക്തമായ വേലിയേറ്റത്തിൽനിന്നു് പ്രചോദനം കൈവരിച്ച പാരിഷ് മിഷൻ പ്രവർത്തനങ്ങൾ കോഴഞ്ചേരി, നാരങ്ങാനം ഇടവകകളിൽ നടത്താൻ തീരുമാനിച്ചു. ദിവ്യശ്രീ വട്ടക്കുന്നേൽ വി. കെ. മാത്യൂസ് അച്ചനു് (പ: ബാവായിരുന്നു മേനി) ആ മിഷൻ പ്രവർത്തകസംഘത്തിൽ, നേതൃത്വം നൽകുന്നതിനു് എത്തിയിരുന്നു. അന്നുമുതലാണു് ഈ ലേഖകനു് പ. ബാവാതിരുമേനിയുമായുള്ള പരിചയം ആരംഭിക്കുന്നതു്. പരിപാടിയുടെ പ്രധാന ഇനമായഭവനസന്ദർശനത്തിലും തിരുമേനി പങ്കെടുക്കുകയുണ്ടായി അന്നു്.

## വൈദിക സെമിനാരി അദ്ധ്യാപകൻ

അതിനു് ശേഷം വൈദിക സെമിനാരി അദ്ധ്യാപകനും പ്രിൻസിപ്പലുമായി എം. ഡി. സെമിനാരിയിൽ താമസിക്കുന്ന കാലം തിരുമേനി 'സഭയും ക്രദാശകളും', 'വി: കുർബ്ബാന തക്സായും' 'വി. പാരമ്പര്യങ്ങൾ' തുടങ്ങിയ വിഷയങ്ങൾക്കു് എടുത്തിരുന്ന ക്ലാസ്സും എഴുതി പ്രസിദ്ധപ്പെടുത്തിയ പുസ്തകവും (സഭയും ക്രദാശകളും) അദ്ദേഹത്തിന്റെ സഭാവിജ്ഞാനീയത്തിന്റെ വാചാലമായ തെളിവാണു്. തിരുമേനിയുടെ സുറിയാനിഭാഷാ പാണ്ഡിത്യം പ്രത്യേകം എടുത്തു പറയേണ്ട ഒരു വസ്തുതയാണു്.

## പാണ്ഡിത്യത്തിന്റെ അംഗീകാരമായ ബിരുദലബ്ദി

ബാവാ തിരുമേനിയുടെ വേദശാസ്ത്ര നിപുണതയുടെയും ഭാഷാപാണ്ഡിത്യത്തിന്റെയും വേദപുസ്തക പഠനത്തിന്റെയും അംഗീകാരമായിട്ടാണു് സെറാമ്പൂർ സർവ്വകലാശാല ബാവാതിരുമേനിക്കു് ബഹുമതിയായ ഡോക്ടറേറ്റു് നൽകി ബഹുമാനാദരവുകൾ പ്രകടിപ്പിച്ചതു്. ബഹുമതി പ. പിതാവിനെ തേടി വരികയായിരുന്നു.

മാത്തോമ്മാ സഭയിലെ കേസ്സിൽ വിദഗ്ദ്ധനായ സാക്ഷിയായി കമ്മീഷൻ മുഖാന്തിരം നടത്തിയ തെളിവെടുപ്പിൽ മൊഴി നൽകിയതു് അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെയും പരിജ്ഞാനത്തിന്റെയും തെളിവാണു്.

പുന്തോട്ടം നിർമ്മാണം ചെറിയതയ്യൽജോലികൾ, മസ്നപ്സാ നെയ്യൽ തുടങ്ങി പലതും അദ്ദേഹത്തിന്റെ ഹോബിയിൽ പെടുന്നു.

ആരാധനാകാര്യങ്ങളിൽ പലതിലും— വിവാഹക്രദാശാക്രമം— പിൻതുടരുന്ന ക്രമത്തിൽ ചിലഭാഗങ്ങൾ കൂട്ടിച്ചേർത്തു് ഉപയോഗിക്കുന്നതും അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയാണു്.

എൺപതാം വയസ്സിലേക്കു് കടക്കുകയും 10 വർഷം സഭാനായകയുടെ പ്രധാന അദ്ധ്യക്ഷനായി ചുമതലകൾ നിർവഹിക്കുകയും ചെയ്ത തിരുമേനിക്കു് സ്നേഹപൂരസ്സരം ആശംസകൾ അർപ്പിക്കുകയും ദീർഘായുസിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

○

---

സമയം കണ്ടെത്തിയിരുന്നു. ഇവയെല്ലാം സമാഹരിച്ചാൽ വലിയൊരു ഗ്രന്ഥമാകും. അദ്ദേഹം രചിച്ച വി. സഭ എന്ന കൃതി സഭാപിഠിപ്പുക്കൾക്കു് ഒരു വഴികാട്ടിയാണു്! ഇന്നും ആ ഗ്രന്ഥം ഒരു നിധിപോലെ പലരും സൂക്ഷിക്കുന്നു. അതുപോലെ വി. കുർബ്ബാനക്രമം ഉൾക്കൊള്ളുന്ന ആരാധനാഗ്രന്ഥം അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന്റെ പരിപാകഫലമാണു്. അപ്പോൾ, ആശയ മാദ്ധ്യമങ്ങളിലൂടെ പ്രത്യയശാസ്ത്രത്തിന്റെ പ്രചാരണവും പ്രഘോഷണവും സമ്പന്നമാക്കാൻ സഭയ്ക്കു് ബാദ്ധ്യതയുണ്ടെന്നു് മെത്രാപ്പോലീത്ത ആത്മാർത്ഥമായി വിശ്വസിച്ചിരുന്നുവെന്നു് വ്യക്തം.

കോട്ടയം പട്ടണത്തിന്റെ ഹൃദയഭാഗത്തുള്ള ഏലിയാ കത്തീഡ്രൽ ആയിരുന്നു ദീർഘനാൾ മെത്രാപ്പോലീത്തായുടെ ആസ്ഥാനം. സഭാചരിത്രവുമായി അവിഭക്തവും അവിസ്മരണീയവുമായ ബന്ധം പുലർത്തുന്ന ആ പുണ്യഭൂമിയെ അദ്ദേഹം ദർശിക്കുന്നതും സ്പർശിക്കുന്നതും ആത്മഹർഷത്തോടുകൂടിയാണു്. പഴയ സിമ്മനാരിയുടെ പടവുകൾ ചവിട്ടിക്കയറിയാണു് ആദ്ധ്യാത്മിക ജീവിതത്തിന്റെ ആദിപാഠങ്ങളിൽ ഉപസ്ഥിതി നേടിയതു്. ഏലിയാ കത്തീഡ്രലിന്റെ ഏകാന്തതയിലിരുന്നു സഭയുടെ സത്യത്തെയും സ്വതന്ത്രത്തയും സ്വശക്തിയാൽ സാക്ഷാൽക്കരിച്ചു. അനന്തരം പ. പിതാക്കന്മാരുടെ സന്നിധാനത്തിൽ സാഷ്ടാംഗ പ്രണാമം ചെയ്തുകൊണ്ടു് ദേവലോകത്തു് അണഞ്ഞ ബാവാ, മലങ്കര സഭയുടെ ആധുനിക ചരിത്രത്തിലെ അവിസ്മരണീയനായ നാവികനായിത്തീർന്നു. ആ വർത്തമാനകാല ചരിത്രം ചിരപരിചിതമെങ്കിലും, രേഖപ്പെടുത്തേണ്ടതത്രെ.

[അടുത്തു തന്നെ പ്രസിദ്ധീകരിക്കുന്ന 'വചനത്തിന്റെ സുവർണ്ണം' എന്ന ഗ്രന്ഥത്തിന്റെ മുഖവുരയിൽനിന്നു്.]

# എൺപതാം വയസിലും യുവചൈതന്യം

**പോൾ മത്തായി സഭാ സെക്രട്ടറി**

**ഈ** മാർച്ച് 27-ാംനു എൺപതാം വയസ്സിലേക്കു പ്രവേശിക്കുന്ന പരിശുദ്ധ ബസ്സേലിയോസ് മാത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി പ്രായത്തിനതീതമായ ചൈതന്യത്തോടും ജാഗ്രതയോടും സർവ്വോപരി ദൈവാശ്രയത്തോടും മലങ്കര ഓർത്തഡോക്സു സഭയുടെ ചുക്കാൻ പിടിക്കുന്നതിൽ സഭാംഗങ്ങളായ നാമെല്ലാവരും കൂടുതൽ ധന്യരാണ്. ദൈവത്തോടു കൃതജ്ഞത പ്രകടിപ്പിക്കേണ്ട മുമതലയും നമുക്കുണ്ട്. കഴിഞ്ഞ പത്തുവർഷത്തെ സഭാ ഭരണ രംഗത്തെ നേട്ടങ്ങളെ അനുസ്മരിച്ചുകൊണ്ടു പരിശുദ്ധ തിരുമേനിക്ക ഈ ശുഭാവസരത്തിൽ ഹൃദയം നിറഞ്ഞ മംഗളങ്ങൾ നേരുന്നതിൽ എനിക്ക് അനല്പമായ സന്തോഷമുണ്ട്.

പ്രതിസന്ധികളിൽ പതറാതെ പ്രശോഭിക്കുകയും പ്രലോഭനങ്ങളിൽ വശംവദനാകാതെയും ഒട്ടും എടുത്തുചാട്ടമില്ലാതെയും വിവേകാരത്തെക്കാൾ വിചാരത്തിനു പ്രാധാന്യം നൽകിയും മുന്നോട്ടു നീങ്ങിയതുകൊണ്ടാണ സഭയ്ക്കു ഇന്നു കാണുന്ന അഭൂതപൂർവ്വമായ വളർച്ചയും കെട്ടുറപ്പും കൈവരുത്താൻ സാധിച്ചതെന്നു ഭാവി ചരിത്രകാരന്മാർ രേഖപ്പെടുത്താതിരിക്കില്ല.

സഭയുടെ പരമാദ്ധ്യക്ഷനെന്ന നിലയിലുള്ള കർത്തവ്യഭാരങ്ങൾ വഹിക്കുന്നതോടൊപ്പം സഭാസംബന്ധവും മറ്റുമായ പല സുപ്രധാനപരിപാടികളിലും പരിശുദ്ധ തിരുമേനി അനുദിനം പങ്കെടുക്കുന്നതു യുവചൈതന്യത്തിന്റെ അടയാളമല്ലെങ്കിൽ പിന്നെന്താണു. ആത്മീയനിറവും ദൈവസ്നേഹവും, സേവനാസക്തിയുമാണ് ഈ പ്രവർത്തനങ്ങളുടെ അന്തർധാരയെന്നു സൂക്ഷ്മദൃക്കുകൾക്കു അനായാസം കണ്ടുപിടിക്കാൻ കഴിയും.

ദൈവശാസ്ത്രപണ്ഡിതൻ, കാനോൻ വിദഗ്ധൻ, സഭാചരിത്രനിഷ്ണാതൻ, മികച്ച ഭരണാധികാരി തുടങ്ങിയ വിവിധ നിലകളിൽ തിരുമേനി നേരത്തെ വ്യക്തിമുദ്ര പതിച്ചിട്ടുണ്ട്. കാലം ചെയ്ത ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ, ഔഗേൻ പ്രഥമൻ എന്നീ ബാവാമാരുടെ കീഴിൽ ലഭിച്ച ഭരണപരിചയവും അനുഭവസമ്പത്തും കാതോലിക്കാസ്ഥാനത്തേക്ക് 1975-ൽ അവരോധിക്കപ്പെട്ടപ്പോൾ കൂടുതൽ പ്രയോജനകരമായിത്തീർന്നു. സഭയിലെ ചില ഭിന്നതയും തന്റെ പ്രവർത്തനങ്ങൾക്ക ഭംഗം വരുത്താൻ തിരുമേനി ഇടയാക്കിയിട്ടില്ലെന്നുള്ള വസ്തുത എടുത്തു പറയേണ്ടിയിരിക്കുന്നു.

ദശാബ്ദങ്ങളായി സഭയുടെ ചരിത്രം തിരുമേനിയുടെ ജീവിത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ നിലകൊള്ളുന്നതു. തന്നിമിത്തം തിരുമേനിയുടെ ശബ്ദം സഭാംഗങ്ങളുടെ ആഗ്രഹാഭിലാഷങ്ങളുടെ പ്രതിധ്വനിയായിത്തീർന്നിട്ടുണ്ട്.

ഓർത്തഡോക്സ് വൈദികസെമിനാരി അദ്ധ്യാപകൻ, പ്രിൻസിപ്പൽ, ബാഹ്യകേരള ഭദ്രാസനാധിപൻ തുടങ്ങിയ നിലകളിലുള്ള പ്രവർത്തനങ്ങളും സമ്പർക്കങ്ങളും വിപുലമായ സഞ്ചാരങ്ങളും തിരുമേനിയെ അതിവേഗം ഒരാഗോളക്രൈസ്തവസഭാനേതാവായി ഉയർത്തി എന്നതാണ വസ്തുത.

**ലേഖകൻ**

ഇതര സഭകളുമായുള്ള ബന്ധം മെച്ചപ്പെടുത്താൻ സഭാനേതാക്കളുടെ പരസ്പരസന്ദർശനം, രാജ്യാന്തരരംഗത്തു മലങ്കരസഭയുടെ പ്രശസ്തി വർദ്ധിപ്പിച്ചു. യുറോപ്യൻ രാജ്യങ്ങളിൽ നിന്നും വിശിഷ്യ റഷ്യയിൽനിന്നും മറ്റും സഭാധ്യക്ഷന്മാർ മലങ്കരസഭയിൽ എത്തി അതിന്റെ ചരിത്രവും വിശ്വാസാചാരങ്ങളും മനസ്സിലാക്കി.

റഷ്യയിലെ പീമൻ പാത്രിയർക്കീസിന്റെ സന്ദർശനവും കാതോലിക്കേറ്റ് സപ്തതിവേളയിൽ കിഴക്കൻ യുറോപ്യൻ രാജ്യങ്ങളിൽ നിന്നെത്തിയ സഭാധ്യക്ഷന്മാരുടെ സന്ദർശനവും മലങ്കരസഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ചരമ കനകജൂബിലി ആഘോഷത്തിൽ പങ്കെടുക്കാൻ ഉപരാഷ്ട്രപതി ഹിദായത്തുള്ള എത്തിയതും മറ്റും തിരുമേനിയുടെ ഭരണകാലത്തെ ചില അവിസ്മരണീയ സംഭവങ്ങളാണ്.

1983-ൽ റോമിൽ എത്തി കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പയെ സന്ദർശിച്ചതും കഴിഞ്ഞ ഫെബ്രുവരിയിൽ തന്റെ ആസ്ഥാനത്തുള്ള കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽവച്ചു മാപ്പാപ്പ പ്രതിസന്ദർശനം നടത്തിയതും ക്രൈസ്തവസഭൈക്യചക്രവാളത്തിലെ തിളങ്ങുന്ന നിമിഷങ്ങൾതന്നെയാണ്. ദൂരവ്യാപകമായ അനന്തരഫലങ്ങൾ അവസംജാതമാക്കാൻ പര്യാപ്തവുമാണ്. മലങ്കരസഭയ്ക്ക് ഇന്നുള്ള ഉയർന്ന സ്ഥാനവും മഹിമയുമാണ ക്രൈസ്തവലോകത്തിലെ ഈ ഉച്ചകോടി സമ്മേളനങ്ങൾ പ്രഘോഷിക്കുന്നതു. രാഷ്ട്രത്തോടൊപ്പം ഇരുപത്തിനാലാം നൂറ്റാണ്ടിലേക്ക് ഒരുക്കത്തോടെ കാര്യന്നാൻ വെമ്പുന്ന മലങ്കരസഭയ്ക്ക് ഭാരതത്തിലും അതിനു വെളിയിലും നിസ്തുലകപങ്കു വഹിക്കാനുണ്ടെന്നു ഉദ്ഘോഷിക്കുന്ന ബാവാതിരുമേനിക്ക, കൂടുതൽ ചൈതന്യനിർഭരവും ആദ്ധ്യാത്മികനവോത്ഥാനപ്രധാനവുമായ നേതൃത്വം നല്കാൻ സാധിക്കട്ടെ എന്നാണ സഭാംഗങ്ങളുടെ പ്രാർത്ഥന.

ഇരുപതുലക്ഷത്തോളം അംഗങ്ങൾ ഉള്ള ഈ സഭയുടെ സെക്രട്ടറിയെന്ന നിലയിൽ പ്രവർത്തിക്കാൻ ദൈവം എനിക്ക അവസരം തന്നിരിക്കുന്നതിനാൽ ഞാൻ കൂടുതൽ വിനീതനായിരിക്കുകയാണ്. കഴിഞ്ഞ ഏതാനും ആഴ്ചകൾക്കിടയിൽ തിരുമേനിയെ കൂടുതൽ അടുത്തറിയാനും തിരുമേനിയുടെ ചിന്താഗതികൾ ഒരളവിൽ മനസ്സിലാക്കുന്നതിനും കഴിയെല്ലാം സാധിച്ചിട്ടുണ്ട്. തിരുമേനിയുടെ സഭാസ്നേഹവും കൃതനിശ്ചയും ബുദ്ധിവൈഭവവും ദൈവാശ്രയവും, ഭരണപാടവും സഭയ്ക്ക് എക്കാലവും മുതൽക്കൂട്ടായിരിക്കുമെന്നുള്ളതിനു രണ്ടുപക്ഷമില്ല. ഈ അവസരത്തിൽ സഭയ്ക്കുവേണ്ടിയും തിരുമേനിക്കുവേണ്ടിയും പ്രാർത്ഥിക്കാൻ നമുക്ക കടപ്പാടുണ്ടെന്നുള്ളകാര്യം വിനയപൂർവ്വം അനുസ്മരിപ്പിച്ചുകൊണ്ട് സഭയുടെ പരമാധ്യക്ഷനു് എല്ലാ ഭാവുകങ്ങളും ആദരപൂർവം ആശംസിക്കുകയാണ്.


*Compliments from*

**C. M. ABRAHAM & FAMILY**

7 / 107, LODI COLONY

**New Delhi - 110003**

*Compliments from*

**K. JACOB GEORGE & FAMILY**

B2 / 205 SAFDARJUNG ENCLAVE

**New Delhi - 29**

# പരിശുദ്ധ ബാവാ

# മികച്ച ഒരു

# ഭരണാധിപൻ

പ്രൊഫ. ടൈറസ് വർക്കി (പ്രിൻസിപ്പൽ, പാമ്പാടി കെ. ജി. കോളജ്)

പ. കാതോലിക്കാ ബാവാ തിരുമേനി 80-ാം വയസിലേക്ക് കടക്കുന്ന ഈ സമയത്ത്, പ. പിതാവിനെ ഇരുകയും കാലം ആരോഗ്യത്തോടെ പരിപാലിച്ച കാരുണ്യവാനായ ദൈവത്തിനു് നന്ദിയുടെ പ്രാർത്ഥനകൾ അർപ്പിക്കേണ്ടതു് സഭാമക്കളുടെ കടമയാണു്. കഴിഞ്ഞ പത്തു വർഷങ്ങളായി മലങ്കര ഓർത്തഡോക്സ് സഭയുടെ മേലദ്ധ്യക്ഷനായി ഇതിനെ നയിച്ച തിരുമേനിക്കു് കൃതജ്ഞത നേരുന്നു. ഒരു നേതാവിനെ വിലയിരുത്തുന്നതു്, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വളർന്ന രാഷ്ട്രത്തിന്റെയോ, പ്രസ്ഥാനത്തിന്റെയോ പുരോഗതിയെ അടിസ്ഥാനമാക്കിയാണു്. പ. ബാവാ തിരുമേനിയുടെ ദീർഘവീക്ഷണമായ സഭാ സേവനക്കാലത്തു് അഭിമാനകരമായ പല നേട്ടങ്ങളും സഭയ്ക്കുണ്ടായിട്ടുണ്ടു്. അടുത്ത നൂറാണ്ടിലേക്കുള്ള പ്രയാണത്തിൽ ഈ സഭയെ നയിക്കാനുള്ള നേതൃത്വനിരയെ അദ്ദേഹം കെട്ടിപ്പടുത്തിട്ടുണ്ടു്.

മലങ്കര സഭയ്ക്കു് വളരെയേറെക്കാലം യുദ്ധഭൂമിയിൽ ചിലവഴിക്കേണ്ടതായും, പ്രതിരോധ പ്രവർത്തനങ്ങൾക്കായി സമ്പത്തും ശക്തിയും വ്യയം ചെയ്യേണ്ടതായും വന്നിട്ടുണ്ടു്. ഈ പ്രതിസന്ധികളൊക്കെ തരണം ചെയ്തു്, ലക്ഷ്യപ്രാപ്തിയിലേക്കുള്ള നമ്മുടെ തീർത്ഥാടനത്തിൽ, ഒട്ടും കുറവല്ലാത്ത സഹായങ്ങൾ ഈ പ. പിതാവിൽനിന്നും ഉണ്ടായിട്ടുണ്ടു്. ലോക സഭകളുടെ മുൻപന്തിയിൽ എത്തുവാൻ തക്കവണ്ണം ഈ സഭയെ സജ്ജമാക്കുന്നതിൽ ഇതിന്റെ തലവൻ വിജയിച്ചിട്ടുണ്ടു്. എന്നതിൽ തർക്കമേയില്ല.

പത്രോപ്പോലീത്താ ആയതിനു ശേഷം ദീർഘകാലം ബാഹ്യകേരള ഭദ്രാസനത്തിന്റെ സാരഥിയായി സേവനം അനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ വ്യക്തിത്വ വികസനത്തിനു് വളരെ അധികം സഹായിച്ച കാലയളവാണിതു്. സഭയെ ശക്തിപ്പെടുത്തുവാനും, ഇടവകകളെ ക്രോഡീകരിക്കുന്നതിനും വേണ്ടി കേരളത്തിനു പുറത്തും, ഭാരതത്തിനു വെളിയിലുമായ പല സന്ദർശനങ്ങൾ നടത്തിയിട്ടുണ്ടു്. ഈ സന്ദർശന വേളകളിൽ അതതു സ്ഥലങ്ങളിലെ മറ്റു സഭാ മേലദ്ധ്യക്ഷന്മാരേയും, രാഷ്ട്രത്തലവന്മാരേയും നേരിൽകണ്ടു് സൗഹൃദം സ്ഥാപിക്കാൻ തിരുമേനി കാണിച്ചിരുന്ന ഉത്സാഹം, ആ സ്ഥലങ്ങളിലെ ഇടവകകൾക്കു് വലിയ സഹായമായിട്ടുണ്ടു്. ബാഹ്യകേരള ഇടവകകളിൽ സേവനം ചെയ്യേണ്ട പട്ടക്കാർ സഭയുടെ അംബാസിഡർമാരാണെന്നു് വിശ്വസിച്ചിരുന്ന തിരുമേനി, അതിനു പറ്റിയ പട്ടക്കാരെ തിരഞ്ഞെടുക്കുന്നതിൽ വളരെയധികം ശ്രദ്ധിച്ചിരുന്നു.

കോട്ടയം പഴയ സിമ്മനാരിയിൽ പ്രൊഫസറായും പിന്നീടു് പതിനഞ്ചു് വർഷത്തോളം സിമ്മനാരി പ്രിൻസിപ്പലായും ഉള്ള പ്രവർത്തി പരിചയം സഭാ സേവനത്തിനു് അദ്ദേഹത്തെ സഹായിച്ച കണ്ണികളായിത്തന്നു. പിൽക്കാലത്തുണ്ടായ പല പ്രതിസന്ധിഘട്ടങ്ങളേയും തരണം ചെയ്യാനും, സഭയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഏകോപിപ്പിക്കുന്നതിനും പുതിയ ഭരണ ക്രമീകരങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ വിദ്യാഭ്യാസ പ്രവർത്തന പരിചയം വളരെയേറെ ഉതകിയിട്ടുണ്ടു്. വലിയ ബാവായുടെയും, ഔഗേൻ പ്രഥമൻ ബാവായുടെയും കാലഘട്ടങ്ങളിൽ പലപ്പോഴും ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിനും, വിഷമമുള്ള പ്രശ്നങ്ങൾ ഏൽപ്പിക്കുന്നതിനും, മേലദ്ധ്യക്ഷന്മാക്കുവേണ്ടി മാനേജിംഗ് കമ്മറ്റികളും, മലങ്കര അസ്സോസിയേഷനുകളും നടത്തിക്കുന്നതിനും തിരഞ്ഞെടുക്കപ്പെട്ടതു് മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനിയായിരുന്നു. ഇദ്ദേഹത്തിന്റെ കീഴിൽ പരിശീലനം ലഭിച്ച തിരുമേനിയെത്തന്നെ സഭ ബുദ്ധിപൂർവം പിൽക്കാലത്തു് സഭാ മേലദ്ധ്യക്ഷ സ്ഥാനവും ഏല്പിച്ചു കൊടുത്തതു് തികച്ചും ദൈവഹിതമായിരുന്നു എന്നു് പിൽക്കാലാനുഭവം തെളിയിച്ചിട്ടുണ്ടു്.

ഭിന്നിച്ചു നിന്ന സഭയെ ഒന്നായിത്തീർന്നശേഷം അധിക കാലം കഴിയുന്നതിനു മുൻപു് ഭിന്നതകൾ തലപൊക്കുകയും വിഘടിതർ സഭ വിട്ടു പുറത്തു പോകുകയും ചെയ്തു. ഈ കാലത്തു് അധികാരം ഏറ്റതിരുമേനി, സഭാ വാതായനങ്ങൾ തുറന്നിട്ടുകൊണ്ടു് സഭയുടെ നാനാവിധമായ ഉയർച്ചക്കുവേണ്ടി ശ്രമം ആരംഭിച്ചു. തന്റെ ആളുകളുടെ ആത്മീയ ഉന്നതിയും, സഭയുടെ ദൈവ തേജസ്സും വസിപ്പിക്കുന്നതിനുള്ള ആ ഇടയന്റെ പ്രയത്നത്തിൽ ആകൃഷ്ടരായ പലരും സഭയിലേയ്ക്കു് തിരികെ വന്നു ചേർന്നു. സഭയിലെ ആത്മീയ പ്രസ്ഥാനങ്ങളെ ഏകീകരിക്കുന്നതിനും, അവയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും വേണ്ടി തിരുമേനി പ. സുന്നഹദോസിന്റെ ഉപദേശത്തോടുകൂടി സൃഷ്ടിച്ച പുതിയ സംവിധാനങ്ങൾ വിജയിച്ചുകൊണ്ടിരിക്കുന്നു. ഇടവകകളിലെ ആരാധനയും, ഭരണ സംവിധാനവും, ക്രിസ്തീയ പ്രവർത്തനങ്ങളും, ചൈതന്യവത്താക്കുന്നതിനുള്ള പദ്ധതികളും പ്രവർത്തന സംവിധാനം നൽകുന്നുണ്ടു്.

തീയോളജിക്കൽ സിമ്മനാരിയെ, ആത്മീയ പഠനത്തിനംഗീകാരമുള്ള ഒരു ഉപരിവിദ്യാഭ്യാസ സ്ഥാപനമായി ഉയർത്തുന്നതിനും സഭയുടെ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളെ കോർപ്പറേറ്റുകളാക്കി, പുതിയ ഭരണക്രമത്തിൽ

ലേഖകൻ

കൊണ്ടുവരുന്നതിനും തിരുമേനി ധീരമായ നേതൃത്വം നൽകി. പല തിരുമേനിമാരുടെയും, ഇടവകകളുടെയും. ഭദ്രാസനങ്ങളുടെയും കൈകളിൽ ഇതര പല വിദ്യാഭ്യാസസ്ഥാപനങ്ങളും, ആതുരാലയങ്ങളും, ആശ്രമപത്രികളും കേന്ദ്രീകൃതമായ ഒരു ഭരണശൈലിയിൽ കൊണ്ടുവരുന്നതിനു്. തിരുമേനി വളരെ പരിശ്രമിച്ചു് വിജയിച്ചിട്ടുണ്ടു്. സഭയുടെ ഏറ്റം പ്രധാന വിദ്യാഭ്യാസ സ്ഥാപനമായ കോതമംഗലം കാതോലിക്കേറ്റ് സെമിനാരിയുടെ പ്രാധാന്യം, സഭയിലെ എല്ലാ വീടുകളിലും എത്തിക്കുന്നതിനും, ആ പരിവർത്തനത്തിന്റെ പ്രവർത്തനസംവിധാനത്തിൽ അനുകരണീയങ്ങളായ വ്യത്യാസങ്ങൾ വരുത്തിക്കൊണ്ടു് വിദ്യാഭ്യാസത്തിന്റെ നിലവാരം ക്രമേണ വർദ്ധിപ്പിക്കുവാൻ അദ്ദേഹത്തിനു് സാധിച്ചിട്ടുണ്ടു്. ഇതിന്റെ വിജയത്തിലേക്കായി എല്ലാ ഭദ്രാസനങ്ങളും സന്ദർശിക്കുന്നതിനും, ഭദ്രാസനത്തിലെ പട്ടക്കാരെയും ഇടവകപ്രതിനിധികളെയും അഭിസംബോധന ചെയ്യുന്നതിനും, പ്രായവും, ക്ലേശങ്ങളും തടസ്സമാകാറില്ല. സാമ്പത്തിക ബുദ്ധിമുട്ടുകളിൽ നിന്നു് സഭയെ സഹായിക്കാൻ ഉതകുന്ന എം. ഡി. കൊമേഴ്സിയൽ പദ്ധതിയും മറ്റും എടുത്തു പറയേണ്ട കാര്യങ്ങളാണു്. എത്യോപ്യയിലെ ജനങ്ങൾക്കു വേണ്ടിയുള്ള അരിസംഭരണവും, ആന്ധ്രായിലെ കുഷ്ഠരോഗികളുടെ പുനരധിവാസവും, തോപ്പാലിലെ ദുരിതമനുഭവിക്കുന്നവർക്കു വേണ്ടിയുള്ള സഹായപദ്ധതികളും സഭയുടെ ആത്മീയ വീക്ഷണത്തെ കാണിക്കുന്നു.

ലോക സഭാ കൗൺസിലിൽ നമ്മുടെ സഭയ്ക്കു് അനിഷേധ്യമായ നേതൃത്വം ഇന്നുണ്ടു്. പൗലൂസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ അതിന്റെ പ്രസിഡൻറുമാരിലൊരാളാണെന്നു് മാത്രമല്ല, കൗൺസിലിലെ ഓർത്തഡോക്സ് സഭകളുടെ വക്താവും കൂടിയാണദ്ദേഹം. കേരളസഭകളുടെ നാഷണൽ കൗൺസിലിലും നാമംഗമാണെന്നു മാത്രമല്ല അതിന്റെ ഇപ്പോഴത്തെ പ്രസിഡൻറ് നമ്മുടെ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയാണു്. കേരളത്തിനുള്ളിൽ മാത്രം ഒതുങ്ങിനിന്ന ഓർത്തഡോക്സ് സഭ ഇന്നു് ഭാരത സഭകളുടെയും ലോക ക്രൈസ്തവ സഭകളുടെയും നേതൃത്വനിരയിലെ ഗണനീയമായ ശക്തിയായിത്തീർന്നിട്ടുണ്ടു്. ആകമാന കത്തോലിക്കാ സഭയുടെ തലവൻ ജോൺ പോൾ മാർപാപ്പാ തിരുമേനിയും ആഗോള ആംഗ്ലിക്കൻ സഭയുടെ നേതാവു് റവ. ഡോ. റോബർട്ട് റൺസി തിരുമേനിയും ലോകസഭാ കൗൺസിൽ ജനറൽ സെക്രട്ടറി ഡോക്ടർ എമിലിയോ കാസ്ട്രോയും ഈ വർഷം നമ്മുടെ സഭാ മേലദ്ധ്യക്ഷന്റെ ആതിഥ്യം സ്വീകരിച്ചവരാണു്. അവരൊക്കെ, നമ്മുടെ സമ്പന്നമായ വിശ്വാസത്തേയും മഹത്തരങ്ങളായ പാരമ്പര്യങ്ങളേയും ശ്ലാഘിച്ചു സംസാരിക്കയുണ്ടായി. ഈ സന്ദർശനങ്ങളൊക്കെ നമ്മുടെ സഭയുടെ പ്രതിച്ഛായ അനല്പമായി വർദ്ധിപ്പിച്ചിട്ടുണ്ടു്.

ഇന്നു് സഭ വളർന്നു് 20 ഭദ്രാസനങ്ങളായി പന്തലിച്ചുകിടക്കുന്നു. പ: പിതാവിനൊപ്പം 19 മേൽപട്ടക്കാർ പ. സുന്നഹദോസി നെ അലങ്കരിക്കുന്നു. എല്ലാ മെത്രാന്മാരും ഒന്നിച്ചു് താമസിച്ചു് സുന്നഹദോസ് നടത്തുന്ന പരിഷ്കരിച്ച രീതി ആവിഷ്ക്കരിച്ച പ. പിതാവു് വളരെയേറെ ശ്രദ്ധ പിടിച്ചുപറ്റുന്നുണ്ടു്. സഭയിലെ ജനങ്ങളെയും, പള്ളികളെയും സ്ഥാപനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ടു്. അവരുടെ ഓഹരികൾ ഉപയോഗിച്ച സഭാതലത്തിൽ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ചില പദ്ധതികൾക്കു് തിരുമേനി രൂപം കൊടുത്തു പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വി. കുർബാനക്കു് ആവശ്യമുള്ള വീഞ്ഞു് ഉത്പാദിപ്പിക്കുവാൻ ഒരു ഫാക്ടറി തുടങ്ങിക്കഴിഞ്ഞു. അതുപോലെ പള്ളി ഉപകരണങ്ങളും ആരാധന വസ്തുക്കളും, മെഴുകുതിരികളും ഒക്കെ ഉത്പാദിപ്പിക്കുവാൻ ഉതകത്തക്കവിധം ക്രമീകരണങ്ങൾ ആരംഭിച്ചിട്ടുണ്ടു്. തന്റെ ജീവിതകാലം മുഴുവൻ സഭാ സേവനത്തിനു് ചിലവഴിച്ച പ. പിതാവിനു് ഇനിയും കുറെയൊക്കെ വിശ്രമം ആവശ്യമാണു്. അതു വേണ്ടവിധത്തിൽ ക്രമീകരിക്കാൻ സഭാ മക്കൾ കടപ്പെട്ടിരിക്കുന്നു. ദൈനംദിന പ്രവർത്തനങ്ങൾക്കു് ഒരു സഹായിയായി ദേവലോകത്തു് താമസിച്ചു്, ഓഫീസു് പ്രവർത്തനങ്ങൾക്കു് മേൽനോട്ടം നൽകുന്നതിനും നിത്യേനയുള്ള ആവലാതിക്കാരെയും, പരാതിക്കാരേയും കേട്ടു്, അവർക്കു് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ഒക്കെയായി ഒരു മെത്രാപ്പോലീത്ത മുഴുവൻ സമയവും അദ്ദേഹത്തിനു് കൂട്ടായി ഉണ്ടാകണം. പൂർണ്ണമായ ഒരു റിട്ടയർമെന്റല്ല. പിന്നെയോ ആവശ്യങ്ങൾക്കു് മാത്രം. മിതഭാരം ആ ചുമലുകൾക്കു് ഏകാവൃ ഏന്നുള്ള ഒരു രീതി ഉടനെ ഉണ്ടാക്കണം. നിയുക്ത കാതോലിക്കാ തിരുമേനിയെ ഭദ്രാസന ചുമതലകളിൽനിന്നും മോചിപ്പിച്ചു സഭയുടെ മൊത്തമായ ആവശ്യങ്ങൾക്കായി കൂടുതലായിഉപയോഗിക്കണം.

# പ. ബാവാ തിരുമേനിയും

# നിരണം

# ഭദ്രാസനവും

ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

ബലഹീനനായ എനിക്ക പ. ബാവാതിരുമേനിയോടുള്ള നിസ്സീമമായ കടപ്പാട് ശ്രീ മണ്ണം മൂട് എഡിറ്റു ചെയ്യുന്ന ഗ്രന്ഥത്തിൽ അല്പമായി നല്കിയിട്ടുള്ളതിനാൽ, ഈ ചെറിയ ലേഖനത്തിൽ നിരണം ഭദ്രാസനത്തിനുള്ള പ്രത്യേക കടപ്പാട് മാത്രം കുറിക്കുന്നു. ഭാഗ്യസ്മരണീയനായ തോമസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ നേതൃത്വം നിരണം ഭദ്രാസനത്തിനു നഷ്ടപ്പെട്ടശേഷം ആ ചുമതല മാനേജിംഗ് കമ്മറ്റിയുടെ ശുപാർശപ്രകാരം പ. സുന്നഹദോസിന്റെ തീരുമാനമനുസരിച്ച് എന്നെ ഏല്പിച്ചതു് ഇപ്പോഴത്തെ പരിശുദ്ധ ബാവാതിരുമേനിയാണു്. അതിനു മുമ്പ് അദ്ദേഹത്തിന്റെ നേരിട്ടുള്ള ഭരണത്തിൽ നിരണം ഭദ്രാസനമിരുന്നതാകയാൽ മറ്റ് എല്ലാ മെത്രാസനങ്ങളെക്കാൾ ഈ മെത്രാസനത്തിനു് ബാവാ തിരുമേനിയോടു് പ്രത്യേകം കടപ്പാടുണ്ടു്. നിരണം ഭദ്രാസനത്തിൽ അദ്ദേഹത്തിന്റെ നേരിട്ടുള്ള സന്ദർശനം ലഭിക്കാത്ത ഇടവകകൾ തുലോം ചുരുക്കമാണു്. പുതിയ പള്ളികളുടെ കൂദാശകൾ അധികവും നടന്നിട്ടുള്ളതു് അദ്ദേഹത്തിന്റെ പ്രധാന കാർമ്മികത്വത്തിലുമാണു്.

നിരണം വലിയ പള്ളിയിൽ ചില കേസുകളും മറ്റും ഉണ്ടായപ്പോൾ അതിൽ നേരിട്ട ബാവാതിരുമേനി ഇടപെട്ടാൽ കൊള്ളാമെന്ന അപേക്ഷ രേഖാമൂലം തന്നെ ഞാൻ ബാവാ തിരുമേനിക്കു നല്കുകയുണ്ടായി. അതനുസരിച്ച് ഇരുപാർട്ടികളെയും അദ്ദേഹം പല പ്രാവശ്യം ദേവലോകം അരമനയിൽ വിളിച്ചുവരുത്തി സുദീർഘമായ സംഭാഷണം നടത്തുകയും ഇരുകൂട്ടർക്കും സ്വീകാര്യമായ ഒരു തീരുമാനമെടുക്കുകയും അതു് സുദീർഘമായ ഒരു കല്പനവഴി പള്ളിയിൽ വായിക്കുകയും ചെയ്തു. ആ കല്പനയുടെ വെളിച്ചത്തിൽ തീരാവുന്ന പ്രശ്നങ്ങൾ മാത്രമേ ഇപ്പോഴും ആ പള്ളിയിൽ അവശേഷിക്കുന്നുള്ളു. ഇന്നലെകളിൽ നാളെ അപ്രകാരം കേസുകൾ മുഴുവനും പിൻവലിക്കപ്പെടുമെന്നു തന്നെയാണു് എന്റെ വിശ്വാസം. നിയമപരമായ കാര്യങ്ങളിൽ ബാവാതിരുമേനിക്കുള്ള പ്രത്യേക പരിജ്ഞാനം അറിയാവുന്നതിനാലാണു് ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ സഹായം ഞാൻ ആഭ്യർത്ഥിച്ചതു്.

1976 മേയ് മാസം 30-ാം തീയതി നിരണം വലിയ പള്ളിയിൽ വച്ചാണു് എന്റെ സുന്ത്രോണീസ് ശുശ്രൂഷ നടന്നതു്. ആ പള്ളിയിൽ വച്ചുതന്നെ മെത്രാൻ സ്ഥാനത്തേക്കു് എന്നെയും തിരഞ്ഞെടുത്ത അസ്സോസിയേഷനും നടക്കുകയുണ്ടായി. പ്രതികൂലങ്ങൾ നിലനില്ക്കുന്നു എങ്കിലും ഈ പത്തുവർഷങ്ങൾക്കിടയിൽ അവിടെ ഒരു ഐ. റ്റി. ഐ. ആരംഭിക്കുവാനും ഒരു വലിയ കരിശ്ശും തൊട്ടി പണിയുവാനും, ബാങ്കിനു് ഒരു നല്ല കെട്ടിടം പണിതുവാടകയ്ക്കു കൊടുക്കുവാനും മറ്റും സാധിച്ചതു് നേട്ടങ്ങൾ അല്ലെന്നു പറയുവാൻ സാദ്ധ്യമല്ല. പ. ബാവായുടെ നിർദ്ദേശപ്രകാരം ആവക പ്രശ്നങ്ങൾ പരിഹരിക്കപ്പെടുവാൻ ഈ പത്താം വർഷംതന്നെ സാധിക്കുവാൻ ഏവരുടെയും പ്രാർത്ഥന അത്യന്താപേക്ഷിതമാണു്.

**ലേഖകൻ**

നിരണം ഭദ്രാസനത്തിൽ ഒരുന്നത വിദ്യാഭ്യാസസ്ഥാപനം ഇല്ല എന്ന കുറവു് നിലനില്ക്കുന്നു. ആ കുറവു പരിഹരിക്കുവാൻ പ: ബാവാതിരുമേനിയുടെ നിർദ്ദേശപ്രകാരം ഗാന്ധിസർവ്വകലാശാലയിൽ ഒരു അപേക്ഷ രണ്ടാം പ്രാവശ്യം സമർപ്പിച്ചിട്ടുണ്ടു്. പണ്ടു് ക്രിസ്ത്യീയ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തിയതു് ക്രിസ്തുവിന്റെ മഹത്വത്തിനും, വിദ്യാർത്ഥികളുടെ ആദ്ധ്യാത്മികവളർച്ചയ്ക്കും, വി: വേദപുസ്തകം പഠിപ്പിക്കാനും മറ്റുമായിരുന്നല്ലോ. ഇന്നും അതേ ഉദ്ദേശത്തോടുകൂടി നടത്തുവാൻ മാത്രമേ സഭയ്ക്കു സാധിക്കൂ. അതു് മുൻകാലങ്ങളെക്കാൾ പ്രയാസമായ ഒരു കാലത്തിൽ നാം എത്തിയിരിക്കുന്നു. അവരവർക്കു ജോലിയോ പ്രവേശനമോ കിട്ടുമെങ്കിൽ മാത്രമേ പണം കൊടുക്കൂ എന്ന നിലയിൽ പലതും സ്വാർത്ഥരായി മാറിയിരിക്കുന്നു. നിസ്വാർത്ഥദാനം സന്തോഷകരമാണെന്നു നമ്മുടെ ആളുകളെ പഠിപ്പിക്കേണ്ട കാലം വൈകിയിരിക്കുകയാണു്. 15 ഏക്കർ സ്ഥലം വാങ്ങാൻ അച്ചാരം കൊടുത്തിരിക്കുന്നതു് പുതുക്കിഴപാലത്തിന്നടുത്തുള്ള കരിമ്പിൻതോട്ടത്തിനാണു്. ആ സ്ഥലത്തും അടുത്തുമുള്ള പള്ളികളും ആളുകളും വിചാരിച്ചാൽ 15 ലക്ഷം രൂപാ പിരിച്ചു് ആ സ്ഥലം വാങ്ങാൻ സാധിക്കും. വാങ്ങുകയാണെങ്കിൽ എല്ലാ സഹായങ്ങളും പ: ബാവാതിരുമേനി വാഗ്ദാനം ചെയ്തിട്ടുണ്ടു് എന്നതും സന്തോഷകരമാണു്. മുക്കാൽ ചില സമയങ്ങളിൽ ചില വിദേശപര്യടനം അത്യാവശ്യമായിവരുമ്പോൾ പ: ബാവാതിരുമേനി സസന്തോഷം അനുമതി തരികമാത്രമല്ല ഭദ്രാസനകാര്യങ്ങൾ വേണ്ടവണ്ണം നടത്താറുണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമത്രെ.

പ: ബാവാതിരുമേനിക്കു് ഈ വരുന്ന 80 വയസ്സു തികയുന്നു എന്നതു നിരണം ഭദ്രാസനത്തിലെ ഏവർക്കും മറ്റു മെത്രാസനാംഗങ്ങളെക്കാൾ സന്തോഷം നല്കുന്നു. കോട്ടയം കേന്ദ്ര മെത്രാസനവും, കോട്ടയം മെത്രാസനവും കഴിഞ്ഞാൽ പ: ബാവാതിരുമേനിയുടെ നേതൃത്വം കൂടുതലായി ലഭിച്ചിട്ടുള്ള മെത്രാസനമാണു് നിരണം. ഗീവറുഗീസ് ദ്വിതീയൻ ബാവായും ഔഗേൻ ബാവായും തൊണ്ണൂറുവയസ്സു കഴിഞ്ഞശേഷമാണു് കത്തനാരന്നിധിയിലേക്കു വിളിക്കപ്പെട്ടതു്. ആ രണ്ടു സഭാതലവന്മാരുമാണു് എനിക്കു് കോറൂയോപട്ടവും കശീശാപട്ടവും നല്കിയതു്. എനിക്കു മെത്രാപ്പട്ടവും നല്കിയതിൽ കാർമ്മികത്വം വഹിച്ച ഇപ്പോഴത്തെ പ. ബാവായും തന്റെ മുൻഗാമികളെപ്പോലെയോ കൂടുതലോ ദീർഘായുസ്സോടെ സഭയെ നയിക്കുവാൻ വേണ്ടി പ്രാർത്ഥിക്കേണ്ടകടമ ഏവർക്കും ഉള്ളതാണു്.

എല്ലാക്കാര്യത്തിലും ശരിയായ കണക്കുകൾ സൂക്ഷിക്കുക, സ്വയവിശ്രമം നോക്കാതെ സഭാംഗങ്ങളുടെ ആവശ്യങ്ങൾക്കു് ഓടിയെത്തുക, സഭയുടെ ഭരണം ചിട്ടയോടെ നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുക, പ. സുന്നഹദോസിനെ ശക്തീകരിക്കുക, സഭയുടെ വരുമാനങ്ങൾ വർദ്ധിപ്പിക്കുക, കാതോലിക്കാസിംഹാസനത്തെ അരക്കിട്ടു് ഉറപ്പിക്കുക, സഭയുടെ മിഷൻരംഗത്തു വളർച്ചവരുത്തുക, ആരാധനകൾ ക്രമമായും ഭംഗിയായും നടത്തുക മുതലായ അനേക കാര്യങ്ങൾക്കായി ദൈവം ഉപയോഗിക്കുന്ന പ. ബാവാതിരുമേനി, തന്റെ തൃക്കരങ്ങളിൽ ഇണങ്ങിയ പാനപാത്രമായി അനേകവർഷങ്ങൾ ശോഭിക്കാൻ പ്രാർത്ഥിക്കുന്നു. O

WITH BEST WISHES FROM

**V. C. ALEXANDER & SONS**

**VALIA VEETTIL**

**KOZHENCHERRY**

# രണ്ടാമനില്ലാത്ത ഒന്നാമൻ

ഫാ. ജേക്കബ് മണ്ണാറപ്രായിൽ

കഴിഞ്ഞ മുക്കാൽ ശതാബ്ദത്തിനിടയിൽ മലങ്കര സഭയെ വിവിധ നിലകളിൽ ധന്യമാക്കിയ മലങ്കര സഭയുടെ എല്ലാം എല്ലാമായ പരിശുദ്ധ കാതോലിക്കാബാവായുടെ 80-ാം ജന്മദിനത്തോടനുബന്ധിച്ച് ഓത്തഡോക്സ് ഹെറാൾഡ് ഒരു പ്രത്യേകപതിപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു.

പലതുകൊണ്ടും നമ്മുടെ പ്രത്യേക ശ്രദ്ധയാകർഷിക്കുന്ന തെ മഹാസാത്വികനാണ് പരിശുദ്ധ ബാവാതിരുമനസ്സുകൊണ്ട്. നൂറാണ്ടുകളായി ക്രൈസ്തവസഭയിൽ നിലനിന്നു പോന്നതും ഇപ്പോൾ സാധാരണയായി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതുമായ പല സമുന്നത പാരമ്പര്യങ്ങളുടേയും മഹൽസാക്ഷിയാണദ്ദേഹം. രണ്ടാമനില്ലാത്ത ഒന്നാമനാണ് മാർത്തോമ്മാ മാത്യൂസ് ഒന്നാമൻ ബാവാ തിരുമേനി.

പുതുമയ്ക്ക് ഇടം നല്കികൊണ്ട് പുതിയ ചരിത്രം സൃഷ്ടിച്ചുകൊണ്ട് നവനവങ്ങളായ മേഖലകൾ വെട്ടിപ്പിടിച്ചുകൊണ്ട് ഇന്നും യുവസഹജമായ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് തിരുമനസ്സ് അക്ഷീണം മുന്നോട്ട് യാത്ര തുടരുന്നു. ജീവിത യാത്രയുടെ നാഴികക്കല്ലുകൾ എത്ര കൊഴിഞ്ഞാലും അഴിയാത്ത ഒന്നുണ്ട്, ഹൃദയം, ഹൃദയത്തെ തഴുകുന്ന സൗഹൃദം. അതാണ് ബാവാ തിരുമേനി

മേനിവാക്കുകൾക്ക് കഠിന ദാരിദ്ര്യം പുറം പൂച്ചിൽ പുച്ഛം, പൊയ്മുഖമില്ല; പൊള്ളവാഗ്ധാനങ്ങളോടുവിട. ഇങ്ങനെ ഓർക്കുമ്പോൾ മുന്നിൽ വരുന്ന ഭാവങ്ങളെത്രയെത്ര! ശത്രുവായാലും മിത്രമായാലും അളവുകോൽ ഒന്നുതന്നെ. മറ്റുള്ളവരുടെ ഇഷ്ടത്തിനൊത്തുള്ള ചാഞ്ചാടാത്ത പ്രകൃതം. പ്രാകൃതമെന്നു തെറ്റിദ്ധരിപ്പിച്ചേക്കാം. മറ്റുള്ളവരുടെ നാവിൻ തുമ്പിലാണ് തന്റെ അഭിമാനം കുടികൊള്ളുന്നതെന്നു തിരുമേനി വിശ്വസിക്കുന്നില്ല. കാര്യസാദ്ധ്യത്തിനു വേണ്ടി അടവുകൾ മാറുവാൻ ഇഷ്ടപ്പെടാത്ത തിരുമേനി ചെയ്യേണ്ടതു ചെയ്യും ചെയ്യരുതാത്തതു് ആ

ലേഖകൻ

തു നിർബന്ധിച്ചാലും ചെയ്യുകയില്ലാ- തിച്ച്.

അധ്വാനശീലത്തിലൂടെ ലക്ഷ്യപ്രാപ്തിക്ക് തയ്യാറെടുത്ത സമൂഹത്തിൽ തെറ്റുപറ്റിയാൽ തിരുമേനി ഒറ്റപ്പെടുത്തുക്കാം, അവഗണിക്കപ്പെടുത്തുക്കാം. അതിൽ അല്പംപോലും കണ്ണീരുമോ, നൈരാശ്യമോ ഏശാതെ വേണ്ടിവന്നാൽ ഒറ്റയ്ക്കും അടരാടുവാനുള്ള ചങ്കുറപ്പും കാണിക്കുന്ന എന്തു പേരുണ്ടിവിടെ? അതാണ് തിരുമേനിയുടെ ജീവിതത്തിന്റെ ഒളിമങ്ങാത്ത പ്രത്യയശാസ്ത്രം.

ശാന്തത, ആഴമേറിയ ചിന്തയുടെ ബഹിർസ്ഫുരണമാണ്; ഗാംഭീര്യം അതിനൊരാവരണവും. ആഴവും, പരപ്പും ഒപ്പം ആ പ്രശാന്തസുന്ദരമായ ജീവിതത്തെ ധന്യമാക്കുന്നു. വായനയ്ക്കും പഠനത്തിനും ഊന്നൽ കൊടുത്തുകൊണ്ടുള്ള തെ തപസ്യ. അടിവേരുകൾ ചിതലുകയറാത്തതും, വിശ്വാസം കരുത്തുറ്റതുമത്രേ. ഒന്നുകൊണ്ടും കലുങ്ങാത്ത പ്രകൃതം; ഒരു ഭരണകർത്താവിന് അവശ്യം വേണ്ട ഊന്നുവടികൾ. ലക്ഷോപലക്ഷങ്ങളുടെ ഊഷ്മളമായ സ്നേഹത്തിന്റെ തണലിൽ ആശ്വാസം കണ്ടെത്തുന്ന, ആ ആത്മീയ നായകൻ.

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് വിശ്വക്രൈസ്തവ സഭകളിൽ അർഹമായ ഖ്യാതിയും പ്രസക്തിയും സൃഷ്ടിക്കുന്നതിൽ തിരുമേനി നിർവ്വഹിച്ചിട്ടുള്ള പങ്ക് അസാധാരണമാണ്. സഭയെ സംബന്ധിച്ചിടത്തോളം തിരുമനസ്സുകൊണ്ട് യുഗവിധാതാവും പരിപോഷകനുമാണ്. തന്റെ മുൻഗാമികളുടെ പ്രവർത്തനശൈലികൾ തിരുമേനിക്ക് മാർഗ്ഗദർശകമായിട്ടുണ്ട്.

സ്വന്തം സഭയ്ക്ക് എൽക്കുന്ന ചെറിയ പോറൽപോലും തന്റെ ഹൃദയത്തിൽ ആഞ്ഞു കയറുന്ന കഠാരയായി തിരുമേനി കണക്കാക്കുന്നു. അകലെനിന്നു നോക്കുമ്പോൾ അടുക്കുവാൻ കഴിയാത്തതും അടുക്കുന്തോറും അകലുവാൻ കഴിയാത്തതുമായ വ്യക്തിത്വത്തിന്റെ ഉടമയാണ് തിരുമേനി. തമ്മിൽ പലതും തിരുമേനിയെക്കുറിച്ചറിഞ്ഞിട്ടുള്ളവരെക്കാളും തിരുമേനിയെ അറിയുന്നവർ ചുരുക്കമാണ്. തിരുമേനിയുടെ തിളക്കമാർന്ന വ്യക്തിത്വവും നേതൃത്വവും സഭയ്ക്ക് പ്രത്യാശയ്ക്കു വകനല്കുന്നവയാണ്. തിരുമനസ്സുകൊണ്ട് മലങ്കരസഭയുടെ അഭിമാനമാണ്. പ്രതിസന്ധികളുടെ

(ശേഷം 13-ാം പേജിൽ)

# ഹൃദയാലുവായ മഹാപുരോഹിതൻ

ജോയൻ കുമരകം

മനോഹരമായ ഒരു പൂന്തോട്ടം. പൂക്കലകൾ ഇളം കാറ്റിൽ കണ്ണഞ്ചിയാടുന്നു. മൽബറിച്ചില്ലകളിലിരുന്ന് മയിലാഞ്ചിക്കിളികൾ ഗാനമേള നടത്തുന്നു. ഓരോ ചെടിയോടും ഓരോ പൂവിനോടും കുശലം പറഞ്ഞുകൊണ്ട് പൂന്തോട്ടത്തിന്റെ നടുവിലൂടെ ഒരു വലിയ മനുഷ്യൻ ഉലാത്തുന്നുണ്ട്. ആ പൂന്തോട്ടത്തിന്റെ ഉടമസ്ഥനാണദ്ദേഹം.

പൂച്ചെടികൾ നട്ടു നനച്ചു വളർത്തുന്നതിൽ കവിഞ്ഞു് ഒരാനന്ദം അദ്ദേഹത്തിനില്ല. ഓരോ പൂവും ഓരോ ചെടിയും തങ്ങളുടെ യജമാനനോട് സ്നേഹോഷ്ണം ചെയ്യുന്നു. എത്ര സുന്ദരമായ ദൃശ്യം.

പൂന്തോട്ടത്തിനു ചുറ്റും ഭദ്രമായി വേലി കെട്ടി ഉറപ്പിച്ചിട്ടുണ്ട്. തന്റെ പൂന്തോട്ടത്തിൽനിന്ന് ഒരു പൂവുപോലും മോഷ്ടിക്കപ്പെടുന്നതു് അദ്ദേഹം സഹിക്കയില്ല.

ഒരു റോമൻ പടത്തലവന്റെ തലയെടുപ്പും ആകാരഗാംഭീര്യവുമുള്ള ഒരു വലിയ മനുഷ്യൻ. നേതാവാകാൻ വേണ്ടി പിറന്ന ഒരു മഹാത്മാവാണ് അദ്ദേഹം എന്നു് ഒറ്റനോട്ടത്തിൽത്തന്നെ ആർക്കും ബോധ്യമാവും.

കാരുണ്യം കതിരിട്ടു നിൽക്കുന്നതാണദ്ദേഹത്തിന്റെ കണ്ണുകൾ. ആ ഉരുക്കു ശരീരത്തിനുള്ളിൽ സ്നേഹാർദ്രമായ ഒരു ഹൃദയം കുടികൊള്ളുന്നുണ്ടെന്നു് ആ കണ്ണുകൾ തെളിയിക്കുന്നു.

ആ പൂന്തോട്ടത്തിൽ നിൽക്കുന്ന മഹാത്മാവ് ആരെന്നോ? മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ പ. ബസ്സേലിയോസ് മാത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയാണത്.

ഈ ചിത്രം വർഷങ്ങൾക്കുമുമ്പ് എന്റെ ഹൃദയത്തിൽ പതിഞ്ഞതാണ്. കോട്ടയം നഗരത്തിലെ ശബ്ദകോലാഹലങ്ങളിൽനിന്നും ഒഴിഞ്ഞുമാറി നിൽക്കുന്ന പുണ്യം തുടിക്കുന്ന ഒരു ദേവാലയം. മലങ്കര സഭയിലെ ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന ഏലിയാകുത്തീശ്ശൂൽ. അതിനോടു ചേർന്ന് ഒരു ചെറിയ പൂന്തോട്ടം ഉണ്ടായിരുന്നു.

ഇന്ന് ആ പൂന്തോട്ടം അവിടെയില്ല. പഴയ ഏലിയാകുത്തീശ്ശൂൽ ആധുനിക രീതിയിൽ പൊളിച്ചുപണിയപ്പെട്ടു. പഴയ പൂന്തോട്ടത്തിന്റെ സ്ഥാനത്തു് എം. ഡി. കൊമേഴ്സ്യൽ സെന്റർ പ്രതാപത്തിന്റെ കോട്ടപോലെ പരിലസിക്കുന്നു.

ബാഹ്യകേരള മെത്രാപ്പോലീത്താ ആയിരുന്നപ്പോൾ വന്ദ്യതിരുമനസ്സിലെ ആസ്ഥാനം ഏലിയാകുത്തീശ്ശൂലിനോടു ചേർന്നുള്ള ഒരു കെട്ടിടത്തിലായിരുന്നു. വന്ദ്യ തിരുമേനി മലങ്കര സഭയുടെ പരമാദ്ധ്യക്ഷ സ്ഥാനത്തേക്കുയർന്നു. കീർത്തിമാനായ അദ്ദേഹം ദേവലോകത്തു് വാണരുളുന്നു.

മലങ്കര സഭ എന്ന പൂന്തോട്ടത്തിന്റെ ഉടയവൻ യേശുനാഥനാണ്. യേശുനാഥന്റെ പ്രതിനിധിയും പ. മാത്തോമ്മാശ്ലീഹായുടെ പിൻതുടർച്ചക്കാരനുമായ പ. കാതോലിക്കാ ബാവാതിരുമേനി ആ പൂന്തോട്ടത്തിന്റെ സംരക്ഷണച്ചുമതല ഭംഗിയായി നിർവ്വഹിക്കുന്നു. സ്നേഹധനനായ ഒരു ഉദ്യാനപാലകനാണദ്ദേഹം. സഭ എന്ന ഉദ്യാനത്തെ ആഴമായി സ്നേഹിക്കുന്ന ഉദ്യാനപാലകൻ. സഭാദ്ധ്യക്ഷന്മാരുടെ നിരയിൽ അദ്ദേഹത്തിനു് ഉന്നത സ്ഥാനമുണ്ട്. ഇടിമുഴക്കംപോലുള്ള ആ സ്വരം എവിടെയും ശ്രദ്ധിക്കപ്പെടുന്നു. ആദ്ധ്യാത്മിക നേതാക്കൾ മാത്രമല്ല, രാഷ്ട്രീയ നേതാക്കളും ആ ഗംഭീരസ്വരം കാതോർത്തു കേൾക്കുന്നു.

മലങ്കര സഭാമക്കളിൽ പലരും അദ്ദേഹത്തെ വേണ്ടുംവിധം മനസ്സിലാക്കിയിട്ടില്ല. ശക്തനായ ഒരു ഭരണാധികാരിയാണ് അദ്ദേഹം എന്നു് എല്ലാവരും സമ്മതിക്കും. പക്ഷേ ലോല ലോലമായ ആ ഹൃദയം കണ്ടെത്തിയവർ വളരെ ചുരുക്കമാണ്. വളരെ അടുത്തറിഞ്ഞവർക്കേ പൂവിതൾപോലെ മൃദുലമായ ആ ഹൃദയം കണ്ടെത്താനാവൂ.

'മലങ്കര സഭ'യുടെ ബാലപംക്തിയിൽനിന്നു് ഒരു ഭാഗം ഉദ്ധരിക്കട്ടെ:-

"വെണ്ണപോലെ ഉരുകുന്നതും വെണ്ണക്കല്ലുപോലെ ഉറപ്പുള്ളതുമാണ് തിരുമനസ്സിലെ ഹൃദയം .....ഭരണകാര്യങ്ങളിൽ അദ്ദേഹത്തിനു വെണ്ണക്കല്ലിന്റെ ഉറപ്പുണ്ട്. നിസ്സഹായരുടെയും പീഡിതരുടെയും രോഗികളുടെയും മുമ്പിൽ അദ്ദേഹത്തിന്റെ ഹൃദയം വെണ്ണപോലെ ഉരുകുന്നു.

'കുഷ്ഠരോഗികളുടെ ഹൃദയം കവർന്ന കാതോലിക്കാ ബാവാ' എന്ന ശീർഷകത്തിൽ 1980 ജൂലൈ ലക്കം 'മലങ്കര സഭയിൽ' ശ്രീ മാത്യു ശങ്കരത്തിൽ എഴുതിയിരുന്ന ഒരു ലേഖനത്തിൽനിന്നും ഒരു ഭാഗം എടുത്തു ചേർക്കയാണ്:-

"മാതാപിതാക്കളെ പിരിഞ്ഞ കുഞ്ഞുങ്ങൾ. കുഞ്ഞുങ്ങളെ പിരിഞ്ഞ മാതാപിതാക്കൾ. ഉറ്റവരും ഉടയവരും ഉപേക്ഷിച്ചവർ—നൂറനാട് കുഷ്ഠരോഗാശ്രുപത്രിയാണ് സ്ഥലം. 1980 മെയ് 29, ആശ്രുപത്രി അന്തേവാസികൾക്കു മറക്കാനാവാത്ത ഒരു ദിവസമാണ്. ഒരു മഹാപുരോഹിതൻ അവരെ കാണാൻ എത്തിയിരിക്കുന്നു. ഒരു ദിവസം മുഴുവൻ അദ്ദേഹം അവരോടൊത്തു കഴിച്ചുകൂട്ടി. രണ്ടു പ്രാവശ്യം അദ്ദേഹത്തിന്റെ ഹൃദയസ്പർശകമായ പ്രഭാഷണം കേൾക്കുവാൻ അവർക്ക് ഭാഗ്യം ലഭിച്ചു. അദ്ദേഹം അവർക്കുവേണ്ടി ബലി അർപ്പിച്ച കൈകൊണ്ടതന്നെ വി. കുർബ്ബാന നൽകി. അവരോടൊപ്പം ഭക്ഷണം കഴിച്ചു. കുഷ്ഠരോഗികളുടെ ഹൃദയം കവർന്ന ഈ മഹാപുരോഹിതൻ ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയായിരുന്നു.

അന്ന് അഖില കേരള ബാല ജനസഖ്യത്തിന്റെ 52-ാം പിറന്നാൾ ആഘോഷമായിരുന്നു. ബാവാ തിരുമേനിയായിരുന്നു മുഖ്യാതിഥി. തിരുമേനിയെ സ്വീകരിക്കുന്നതിനുവേണ്ടി സ്റ്റേഡിയത്തിലെ നൂറനാട് കുഷ്ഠരോഗാശ്രുപത്രി അതിമനോഹരമായി അലങ്കരിച്ചിരുന്നു.

രാവിലെ കൃത്യം 8 മണിക്കു തിരുമേനിയുടെ കാർ ആശ്രുപത്രി കോമ്പൗണ്ടിലെ ചാപ്പലിനു മുമ്പിലെത്തി. ആശ്രുപത്രിയിലെ 114 കുഷ്ഠരോഗികളിൽ നല്ല പങ്കാളികൾ തിരുമേനിയുടെ വരവും കാത്തു് അവിടെ നിന്നിരുന്നു. അവരെ കണ്ടപ്പോൾ തിരുമേനി വികാരവിവശനായി. ഒരു കുഷ്ഠരോഗി തെകുസവുമാല ബാവാ തിരുമേനിയുടെ നേർക്കു് ഉയർത്തി. തിരുമേനി വിനയപൂർവ്വം തലകുനിച്ചു കൊടുത്തു. മാല അണിയിച്ച അന്തേവാസിയും മാല സ്വീകരിച്ച തിരുമേനിയും വികാരഭരിതരായിരുന്നു. മറ്റൊരു കുഷ്ഠരോഗി കരുതിച്ച ഒരു മെഴുകുതിരി തിരുമേനിക്കു നൽകി.

(ശേഷം 19-ാം പേജിൽ)

# "എന്റെ ബാവാ"


**കെ. ജോൺ മാത്യൂസ് തുമ്പമൺ**

ഹെഡ്മാസ്റ്റർ, എം. ഡി. ഹൈസ്കൂൾ, കോട്ടയം

**ലേഖകൻ**

സ്നേഹം രുചിച്ചറിയുക. ഒരിക്കലും മറക്കാനാവാത്ത അനുഭവമാണ്. സ്നേഹത്തെക്കുറിച്ച് പ്രസംഗിക്കാം. കവിതകളും പ്രബന്ധങ്ങളും രചിക്കാം അതിന്റെ വൈശിഷ്ട്യഭാവം അനുഭവിച്ചറിയുക എന്നതു് മനുഷ്യമനസ്സിൽ നിന്നും ഒരിക്കലും മായാത്ത ഒരു അനുഭവ വിശേഷമാണ്. അടുക്കുന്തോറും ആ വ്യക്തിയുടെ ഹൃദയതലങ്ങളിലേക്ക് കൂടുതൽ അടുക്കുവാനുള്ള താല്പര്യം വർദ്ധിപ്പിക്കുക സ്നേഹധനനായ വ്യക്തിക്ക് മാത്രമേ സാധിക്കൂ, തിരുമേനി അക്ഷുബ്ധത്തിൽപ്പെടുന്ന സ്നേഹനിധിയായ ഒരു മഹർഷീശ്വരനാണ്. തിരുമേനിയോടു് അടുത്തു് ഇടപഴകാൻ ലഭിച്ചിട്ടുള്ള ഓരോ സന്ദർഭവും അദ്ദേഹത്തോട് കൂടുതൽ ബന്ധം പുലർത്താനേ സഹായകമായിട്ടുള്ളൂ. അദ്ദേഹത്തോടു് സംസാരിച്ചിട്ടുള്ള ഓരോ സന്ദർഭവും സ്നേഹത്തിന്റെ അഭൌമികാന്തരീക്ഷത്തിൽ നില്ക്കുന്ന അനുഭവമാണ് എന്നെപ്പോലെ പലർക്കും ഉണ്ടായിട്ടുള്ളതു്. വീട്ടിലെ ഓരോ അംഗത്തിന്റെയും വിദ്യാഭ്യാസം, ആരോഗ്യം, ആദ്ധ്യാത്മികജീവിതം ഇവയെക്കുറിച്ചു ചോദിക്കുമ്പോൾ പിതാവിന്റെ വാത്സല്യനിർഭരമായ മനോഭാവം ഓരോവാക്കിലും ദൃശ്യമാകും.

നിഷ്കളങ്കമായ സ്നേഹത്തിന്റെ ഉടമ, അതാണ് പ: ബാവാതിരുമേനി. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളോടു വിയോജിക്കുന്നവർ കാണും. എങ്കിലും എതിരാളികളോടു പോലും ഒരു ശത്രുതാമനോഭാവം വെച്ചുപുലർത്താതെ യഥാർത്ഥ ക്രൈസ്തവ മനോഭാവത്തോടുകൂടി തന്റെ സ്ഥാനത്തിനോ തന്റെ വിശ്വാസാചാരങ്ങൾക്കോ ഒരു കളങ്കവും വരുത്താതെ ആ സ്ഥാനത്തിന്റെ പൂർണ്ണമായ അന്തസ്സ് നിലനിർത്തിക്കൊണ്ടു പെരുമാറുവാനുള്ള അദ്ദേഹത്തിന്റെ ഒരുൽകൃഷ്ട മനോഭാവം അനുപമമാണ് പ്രയാസങ്ങൾ വരുമ്പോൾ ചെന്നു് സമാശ്വസിപ്പിക്കാനും അദ്ദേഹം മറക്കില്ല.



ഹൃദയത്തിലുള്ളതു് വള്ളിക്കും പുള്ളിക്കും വ്യത്യാസമില്ലാതെ തുറന്നു പറയാൻ ധൈര്യം പ്രകടിപ്പിക്കുന്നവർ തുലോം വിരളമാണു്. സത്യത്തെ മുറുകെപിടിക്കുവാനും സത്യത്തിനുവേണ്ടി അചഞ്ചലമായി നിൽക്കുവാനുമുള്ള അദ്ദേഹത്തിന്റെ മനോഭാവം സ്നേഹിതന്മാരെക്കാൾ കൂടുതൽ ശത്രുക്കളെ അദ്ദേഹത്തിനു് സമ്പാദിച്ചുകൊടുത്തിട്ടുണ്ടു്. എങ്കിലും സത്യത്തിലധിഷ്ഠിതമായ തന്റെ വിശ്വാസങ്ങൾക്കു് അണുവിടമാറ്റംവരുത്തുവാൻ അദ്ദേഹം സമ്മതിക്കില്ല. പലരും അദ്ദേഹത്തെ കീറാമുട്ടിയായി വിശേഷിപ്പിക്കുന്നതിന്റെ പിന്നിലുള്ള സത്യം ഈ സ്വഭാവഗുണമത്രെ: ആരൊക്കെ എതിർത്തോട്ടെ,നിർഭയനാണു് അദ്ദേഹം. തന്റെ ഹൃദയത്തിന്റെ ഉള്ളിലെ ശബ്ദത്തിനു് കീഴടങ്ങാനല്ലാതെ പുറമേയുള്ള ഒരു ശബ്ദത്തിനും അദ്ദേഹത്തെ കീഴടക്കുവാൻ സാധിച്ചിട്ടില്ല. "യഹോവയിൽഞാൻ ആശ്രയിക്കും ആരെയും ഞാൻ ഭയപ്പെടുകയില്ല" എന്നു് ഉദ്ഘോഷിക്കുവാനുള്ള ആത്മധൈര്യം ദൈവത്തിലധിഷ്ഠിതമായ വളർത്തലിന്റെ പരിണിതഫലമാണു്-സ്നേഹം, കരുണ, നിർഭയത്വം, ദൈവാശ്രയം ഈ നാലുഗുണങ്ങളുടെ സമന്വിത സ്ഥായിഭാവമാണു് തിരുമേനി.

29-ാമത്തെ വയസ്സിൽ യാക്കോബായ സഭാസേവനത്തിനു് ഇറങ്ങിയ അദ്ദേഹം ഇന്നും അഭംഗുരം സഭയെ നയിക്കുന്നു. കാനോനെക്കുറിച്ചു് കോടതിയിൽ മൊഴികൊടുക്കാൻ നിയോഗിക്കപ്പെട്ട പുതുക്കുഴിയിൽ ഏബ്രഹാം കത്തനാർക്കും എം. എ ചാക്കോയ്ക്കും തുടർന്നു് മൊഴിക്കൊടുക്കാൻ നിവൃത്തിയില്ലാതെ വന്നപ്പോൾ തത്ഭാരം തന്റെ ചുമലിലാണു് വന്നതു്. അതിവിദഗ്ദ്ധമായി അക്കാര്യം നിർവഹിച്ചപ്പോൾ ഏവരുടെയും മുക്തകണ്ഠപ്രശംസക്കു് അദ്ദേഹം പാത്രീഭൂതനായി. വലിയ ബാവാതിരുമേനിയും സന്തുഷ്ടനായി. കാനോനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആധികാരിക വിജ്ഞാനം പലരെയും അത്ഭുതസ്തബ്ധരാക്കി. "അറിയാനുള്ള ആകാംക്ഷ" അദ്ദേഹത്തെ വൈജ്ഞാനികദാഹിയാക്കി. 80-ാമത്തെ വയസ്സിലും വായിക്കുകയും, ചിന്തിക്കുകയും, എഴുതുകയും ചെയ്യുന്ന നിത്യവിദ്യാർത്ഥിയാണു്.

അഭൌമമായ വി. കുർബാനാനുഭവം, അതാണു് പ. ബാവായുടെ പിതാവു് കുറിയാക്കോസു് കത്തനാരുടെ വി. ബലിയർപ്പണത്തിന്റെ പ്രത്യേകത. ഏകാഗ്രതയിൽ, ഏകാന്തതയിൽ, മനസ്സിനെ എല്ലാ വികാരങ്ങളിൽ നിന്നും വിമുക്തമാക്കി ഒരേഒരു ഭാവത്തിൽ ദൈവവുമായുള്ള മുഖാമുഖസമ്പർക്കമാണു് ഭക്തിനിർഭരമായ വി. ബലിയർപ്പണം. അർത്ഥസമൃദ്ധമായ ഗീതങ്ങളും പ്രാർത്ഥനകളും ആലപിക്കുന്ന പ്രധാനകാർമ്മികൻ വ്യക്തമായ ഒരു സ്വരത്തിന്റെ ഉടമകൂടിയാണെങ്കിൽ അഭൌമമായ ഒരു സ്വർഗ്ഗീയാനുഭവം വി. ബലിയിൽ പങ്കുകൊള്ളുന്ന ഏവർക്കും ലഭിക്കും. 80-ാമത്തെ വയസ്സിലും വി. ആരാധനകളുടെ തലേദിവസം തക്കാമുഴവൻ വായിച്ചു ഒരുക്കത്തോടുകൂടി പോവുകയും ഏറ്റു് ദീർഘമായ ആരാധനാക്രമങ്ങളും വള്ളി, പുള്ളി വ്യത്യാസമില്ലാതെ പൂർത്തിയാക്കുന്ന ആ ആരാധനാ തീഷ്ണതയും മനോഹാരിതയും തീർച്ചയായും പൈതൃകമായി ലഭിച്ചതാണു്

തന്റെ വലിപ്പത്തെക്കാൾ സഭയുടെ വളർച്ച മാത്രമാണു് അദ്ദേഹത്തിന്റെ ആത്യന്തികലക്ഷ്യം. മറ്റുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങൾ അദ്ദേഹം ഗണ്യമാക്കാറില്ല. വ്യക്തികളുടെ നശ്വരമായ സ്തുതിഗീതങ്ങളെക്കാൾ ദൈവത്തോടുള്ള ഉത്തരവാദിത്വം കാമ്യമായി അദ്ദേഹം കരുതുന്നു. അതാണു് അദ്ദേഹത്തിന്റെ കർമ്മ വിജയത്തിന്റെ രഹസ്യവും ○

## രണ്ടാമനില്ലാത്ത ഒന്നാമൻ


(11-ാം പേജിൽനിന്നു തുടർച്ച)


യും പ്രയാസങ്ങളുടേയും നിർച്ചുഴിയിൽ കിടന്നു് നട്ടംതിരിയുന്ന മലങ്കര സഭയുടെ വടക്കൻ ഭദ്രാസനങ്ങളുടെ ആശാകേന്ദ്രമാണു് പരിശുദ്ധബാവാ തിരുമേനി. ആരുടേയും മുമ്പിൽ നട്ടെല്ലു കുനിക്കാത്ത, തളരാത്ത, പതറാത്ത അവിടുത്തെ ആജ്ഞകൾ ഞങ്ങൾക്കു് ശക്തിയും പ്രത്യാശയും പ്രദാനം ചെയ്യുന്നു.

ആകെക്കൂടി നോക്കുമ്പോൾ തിരുമേനി പല പട്ടുമുള്ള ഒരു രത്നം പോലെയാണു്. മനുഷ്യത്വത്തിന്റേയും സേവനത്തിന്റേയും ക്രിസ്തീയ ദൗത്യത്തിന്റേയും പ്രകാശരശ്മികളാണു് ആ രത്നത്തിൽനിന്നും പ്രസരിക്കുന്നതു്. ഇങ്ങനെ ധന്യരിൽ ധന്യനായ പരിശുദ്ധ പിതാവിനു് മഹത്വമേറിയ വ്യക്തിത്വത്തിലൂടെ ഭാസുരവും അനുഗ്രഹീതവുമായ ഒരു ഭാവിയും ദൈവപ്രീതികൊണ്ടു്, കോട്ടം തട്ടാത്ത ആയുരാരോഗ്യസൗഖ്യവും നേർന്നുകൊണ്ടു്—അങ്ങയുടെ വിലയേറിയ പ്രാർത്ഥനകളിൽ ബലഹീനരായ ഞങ്ങളേയും ഓർക്കണമെ എന്നു് അപേക്ഷിച്ചുകൊണ്ടു് മുരുക്കുന്നു. ○

കിഴക്കിന്റെ കാതോലിക്കോസും മലങ്കര മെത്രാപ്പോലീത്തയുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ എൺപതാം വയസിലേക്ക് പ്രവേശിക്കുന്ന മംഗളവേളയിൽ ഓർത്തഡോക്സ് സഭാംഗങ്ങളും ലോകമെങ്ങുമുള്ള സഭാഭ്യുദയകാംക്ഷികളും അദ്ദേഹത്തിന് ആയുരാരോഗ്യ സൗഖ്യങ്ങൾ ആശംസിക്കുന്നു.

കോട്ടയത്തു ചിരപുരാതനമായ വട്ടക്കുന്നേൽ കുടുംബത്തിൽ കുര്യൻ കത്തനാരുടെ മകനായി 1907 മാർച്ച് 27-ാം തീയതി ദ്വിജാതനായ ഈ അസാധാരണപുരുഷന്റെ ഓമനപ്പേര് ''കുട്ടച്ചൻ'' എന്നായിരുന്നു.

തികച്ചും ലൗകികമായ തലങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കാത്ത വേദശാസ്ത്രത്തിന്റെ രഹസ്യാത്മക മേഖലയിലേക്ക് പ്രവേശിക്കുവാൻ അദ്ദേഹത്തിന് ദൈവനിയോഗമുണ്ടായി. സുറിയാനിയിൽ അദ്ദേഹം പാണ്ഡിത്യം നേടി. പൗരസ്ത്യ സഭാപിതാക്കൻമാരുടെ ബോധനങ്ങളെ സ്വാംശീകരിച്ചു. മലങ്കര ഓർത്തഡോക്സ് സഭയുടെ ആചാരാനുഷ്ഠാനങ്ങൾ ശരിക്കും ഗ്രഹിച്ചു. പൗരസ്ത്യമായ ആരാധനാ പാഠങ്ങൾ സമ്പുഷ്ടമായും മനസ്സിലാക്കി. തദനന്തരം ആധുനിക വേദശാസ്ത്രത്തിൽ ഉപരിപഠനം നടത്തുവാൻ കൽക്കട്ടയിൽ പോയി. നേരത്തേ പൗരസ്ത്യ വേദശാസ്ത്രത്തിൽ നിഷ്ണാതനായിത്തീർന്ന ഈ വേദശാസ്ത്ര വിദ്യാർത്ഥി കൽക്കട്ടയിൽ ബിഷപ്പ്സ് കോളജിലെ വിദ്യാഭ്യാസകാലത്തു പാശ്ചാത്യ സഭാ ചരിത്രവും, പാശ്ചാത്യ വേദശാസ്ത്ര പദ്ധതികളും മുൻവിധിയില്ലാതെ പഠിക്കുവാൻ ശ്രമിച്ചു.

ആംഗ്ലിക്കൻ ഹൈ ചർച്ച് വേദശാസ്ത്രം മലങ്കര സഭയുടെ മേൽ അവഗണിക്കാനാവാത്ത പ്രേരണ ചെലുത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അതു്. അതുപോലെ മലങ്കര സഭയിലെ ഒരു ചെറിയ വിഭാഗം മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ റോമൻ കത്തോലിക്കാ സഭയിലേക്ക് ചേർന്നിട്ടും അന്ന് അധികം വർഷങ്ങളായിരുന്നില്ല. പാറകാലത്തുതന്നെ വി. കെ. മാത്യു ശലാകത്തിലുള്ള ഓക്രൂസുവ സമൂഹത്തിന്റെ വ്യത്യസ്ത മുഖങ്ങളായ റോമൻ കത്തോലിക്ക, പ്രൊട്ടസ്റ്റന്റ്, ഓർത്തഡോക്സ് സഭകളെ ഒന്നിച്ചും വ്യത്യസ്തമായും സമീപിക്കുകയും ഓരോന്നിന്റെയും മേന്മകളെക്കുറിച്ചു ഗാഢമായി വിചിന്തനം ചെയ്യുകയും ചെയ്തു. വേദശാസ്ത്രപരമായ ഉന്നത പഠനം ഈ ഉത്തമ വിദ്യാർത്ഥിയെ ഓർത്തഡോക്സ് സഭ പാലിച്ചുപോരുന്ന അപ്പോസ്തോലികവും കാതോലികവുമായ [സാർവത്രികവും] വിശ്വാസ സത്യങ്ങളുടെ ആഴങ്ങളിൽ ഉറപ്പിച്ചു നിർത്തി.

കാലം ചെയ്ത പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ ബാവയിൽനിന്നു് 1946-ൽ 40-ാമത്തെ വയസ്സിൽ വി. കെ. മാത്യു വൈദികപട്ടം സ്വീകരിച്ചു. വർഷങ്ങൾക്കു മുൻപു് എട്ടുനിലയിൽ പൊട്ടുമായിരുന്ന ഒരു ദ്വന്ദനിശ്ചയത്തിന്റെ നിറവേറലായിരുന്നു മലങ്കര സഭയ്ക്കു വേണ്ടി അദ്ദേഹം നടത്തിയ ഈ ആത്മസമർപ്പണം. 1948-ൽ വട്ടക്കുന്നേൽ മാത്യൂസ് കശീശ്ശ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയുടെ താൽക്കാലിക പ്രിൻസിപ്പലായി, 1951-ൽ പ്രിൻസിപ്പലും, 1966 വരെ ഗൗരവപൂർണ്ണമായ ഈ ഉദ്യോഗം അത്യധികം ഉത്തരവാദിത്വബോധത്തോടെ അദ്ദേഹം നിർവഹിച്ചു. 1941 മുതൽ 1966 വരെയുള്ള കാൽശതാബ്ദത്തിനുള്ളിൽ ഇന്നു മലങ്കരസഭയുടെ പല പള്ളികളെയും നിയന്ത്രിക്കുന്ന കുത്തുറ നിരവധി വൈദികരെ പഠിപ്പിച്ചു പരിശീലിപ്പിച്ചു സഭയുടെ ഉറപ്പുള്ള തൂണുകളാക്കി മാറ്റാൻ വന്ദ്യനായ ഈ ഗുരുവരേണ്യനു കഴിഞ്ഞു.

വേദശാസ്ത്രജ്ഞൻ എന്ന നിലയിൽ പരിശുദ്ധ ബാവയുടെ സവിശേഷ ശ്രദ്ധ ആകർഷിച്ചതു സഭാ ചരിത്രം, സഭയുടെ കാനോനുകൾ, വിശുദ്ധ ഗ്രന്ഥകർത്താക്കൾ എന്നിവയാണു്. സഭാ ചരിത്രം, സഭയുടെ കാനോനുകൾ എന്നിവയെക്കുറിച്ചുള്ള അവഗാഢപരിജ്ഞാനം നിരവധി സന്ദർഭങ്ങളിൽ മലങ്കരസഭയുടെ സ്വാതന്ത്ര്യ സംരക്ഷണത്തിനും വികാസത്തിനും അത്യന്താപേക്ഷിതമായ നേതൃത്വം നൽകുവാൻ ബാവയെ ശക്തനാക്കിയിട്ടുണ്ടു്.

പിൽക്കാലത്തു സെറാമ്പൂർ സർവകലാശാല ഓണററി ഡോക്ടറേറ്റ് നൽകി പരിശുദ്ധബാവായെ പ്രത്യേകമായി മാനിച്ചപ്പോൾ വിശുദ്ധ ഗ്രന്ഥകർത്താക്കളെക്കുറിച്ചു് അദ്ദേഹം നടത്തിയ പഠനങ്ങളുടെ വൈശിഷ്ട്യത്തെ വേദശാസ്ത്രജ്ഞന്മാർ പ്രത്യേകം എടുത്തുകാണിക്കുകയുണ്ടായി.

വട്ടക്കുന്നേൽ മാത്യൂസ് കശീശ 1951-ൽ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടു. 1953-ൽ പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവ അദ്ദേഹത്തെ മാത്യൂസ് മാർ അത്താനാസ്യോസ് എന്ന പേരിൽ ബാഹ്യകേരള ഭദ്രാസനാധിപനായി അഭിഷേകം ചെയ്തു. കേരളം വളർന്നതോടൊപ്പം മലങ്കരസഭയും വളർന്നു. സഭയുടെ മക്കൾ ഇന്നു ലോകത്തിന്റെ നാനാഭാഗത്തും ചെന്നെത്തിയിട്ടുണ്ടു്. എവിടെയെല്ലാം അവർ പാർത്തുവോ അവിടെയെല്ലാം ആരാധനാസ്ഥലങ്ങളും ഉണ്ടായി. ഇടവകകൾ ചേർന്നു ബാഹ്യകേരള ഭദ്രാസനം ഉണ്ടായി.

ചിതറിപ്പാർത്ത മലങ്കരസഭാംഗങ്ങളെ ഒന്നിപ്പിച്ചുനിർത്തുന്നതിനും വിശ്വാസം പാലിക്കുന്നതിനും ലൗകിക തലത്തിലെന്നപോലെ ആദ്ധ്യാത്മികതലത്തിലും അവർ അഭിവൃദ്ധി പ്രാപിക്കുന്നതിനും മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത അനുഷ്ഠിച്ച സേവനം നിസ്തുലമായിരുന്നു. ഈ ഘട്ടത്തിൽ മലയാളം അറിഞ്ഞുകൂടാത്തവർക്കും മലങ്കരസഭയുടെ ശുശ്രൂഷകളിലും ആരാധനകളിലും സംബന്ധിക്കുവാൻ സൗകര്യം നൽകുന്നതിനു വിശുദ്ധ കർബ്ബാനക്രമവും പ്രത്യേക ആരാധനകളും അദ്ദേഹം ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തി. ഓർത്തഡോക്സ് സഭയുടെ ആരാധനാക്രമത്തിന്റെ ആന്തരിക ഗൗരവവും മഹത്വവും ഇംഗ്ലീഷിൽകൂടി മലയാളം അറിയാത്തവർക്കും ഗ്രഹിക്കാനും ആസ്വദിക്കാനും അങ്ങനെ അവസരം സിദ്ധിച്ചു.

സഭയിലെ ഓരോ പുരോഹിതശ്രേഷ്ഠനും അർപ്പിക്കുന്ന ദിവ്യബലിക്കു് അതിനേറെതായ പ്രത്യേകതയുണ്ടു്. അകലെ നിന്നു കേൾക്കുന്ന സമുദ്രതരംഗങ്ങളുടെ ഗാംഭീര്യമുണ്ടു് പരിശുദ്ധ ബാവായുടെ ശബ്ദത്തിനു്. ദിവ്യശുശ്രൂഷാവേളകളിൽ കാവ്യാത്മകതയിൽ മുങ്ങിയ പൗരസ്ത്യസ്വരങ്ങളിൽ നിർലീനമായ പരിശുദ്ധബാവായുടെ ആത്മാവിൽ നിന്നു പൊന്തിവരുന്ന ശബ്ദം ഭക്തരുടെ ചിന്തകളെ അരൂപിയിൽ ഉയർത്തുന്നു.

1970 ഡിസംബറിൽ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയെ മലങ്കര മെത്രാപ്പോലീത്തയുടെയും പൗരസ്ത്യ കാതോലിക്കയുടെയും പിൻഗാമിയായി തെരഞ്ഞെടുത്തു. മലങ്കര ഓർത്തഡോക്സ് സഭയെ സംബന്ധിച്ചിടത്തോളം അത്യധികം നിർണായകമായ ഒരു വർഷമായിരുന്നു 1970. അന്ത്യോഖ്യൻ മലങ്കര ബന്ധത്തിനു് ഉലച്ചിൽതട്ടിയ വർഷമായിരുന്നു അതു്. എ. ഡി. 52 മുതൽ 1970 വരെയുള്ള കേരളസഭയെ സംബന്ധിച്ച സർവസമ്മതമായ ചരിത്രം ഇനിയും ആരും രചിച്ചിട്ടില്ല. ആർക്കെങ്കിലും ഇതു ചെയ്യുവാൻ കഴിയുകയില്ല. പക്ഷേ സഭാചരിത്രത്തെ ആധികാരികമാക്കേണ്ട പല രേഖകളും പ്രമാണങ്ങളും ഇന്നും അലഭ്യങ്ങളാണു്.

മാർത്തോമ്മാ ശ്ലീഹാ ഇന്ത്യയിൽ വന്നു എന്നും മൈലാപ്പൂരിൽ കബറടങ്ങിയെന്നുമുള്ള കാര്യത്തിൽ യോജിപ്പുള്ളവരാണു കേരളക്രിസ്ത്യാനികൾ, തോമ്മാശ്ലീഹാ സ്ഥാപിച്ചതു സ്വതന്ത്ര ദേശീയസഭയാണു്. ഇതു് ആകമാനസഭയുമായി ബന്ധപ്പെട്ടിരുന്ന എന്നു മാത്രം. ഈ സഭയുടെ ആസ്ഥാനം തിഗ്രീസ് ആയിരുന്നു എന്നു ചരിത്രകാരൻമാർ സ്ഥാപിക്കുന്നു. തിഗ്രീസ് പൗരസ്ത്യസഭയുടെ മേൽ സർവസ്വാതന്ത്ര്യവുമുണ്ടായിരുന്ന കാതോലിക്കോസിന്റെ ആസ്ഥാനമായിരുന്നു. കിഴക്കുള്ള സഭാംഗങ്ങൾ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആദ്ധ്വനായ കിഴക്കിന്റെ കാതോലിക്കോസിന്റെ അധികാരത്തിൽ കീഴിലായിരുന്നു. അദ്ദേഹം മറ്റാർക്കും വിധേയനായിരുന്നില്ലതാനും.

മാർത്തോമ്മാ ശ്ലീഹായുടെ പിൻതുടർച്ച മലങ്കരസഭയുടെയും കിഴക്കിന്റെയും കാതോലിക്കയായ പരിശുദ്ധ ബസേലിയോസ് മാത്യൂസ് പ്രഥമനു സിദ്ധിച്ചിരിക്കുന്നു. അതാണു് 88-ാമത്തെ കാതോലിക്കയായി ചരിത്രകാരൻമാർ പരിശുദ്ധ ബാവയെ ന്യായാനുസ്യൂതമായി പ്രകീർത്തിക്കുന്നതു്.

കാലത്തിന്റെ കുത്തൊഴുക്കിൽപെട്ട മാർത്തോമ്മയുടെ ക്രിസ്ത്യാനികൾ സുറിയാനി കത്തോലിക്കാസഭ, കേരളത്തിൻ കത്തോലിക്കാസഭ, മലങ്കര സുറിയാനിസഭ, മാർത്തോമ്മാസഭ, തോഴിയൂർ സഭ, ആംഗ്ലിക്കൻ സഭ, ബാപ്റ്റിസ്റ്റ് സഭകൾ എന്നിങ്ങനെ പിരിയുകയായിരുന്ന എന്ന ചരിത്രസത്യം, മലങ്കര സഭയിലെ പിളർപ്പിനെക്കുറിച്ചു സഹതപിക്കുന്ന ക്രൈസ്തവ സഹോദരൻമാർ വിസ്മരിച്ചുപോകാറുണ്ടു്. ഓരോ കാരണത്താൽ ഓരോ ഘട്ടത്തിൽ ഒന്നായിരുന്നവർ അനേകരായി. ഇതാണു പരമാർത്ഥം.

ഇവിടെ മറ്റു സഭകളുടെ മേന്മകളെ ആദരിച്ചുകൊണ്ടു മലങ്കര ഓർത്തഡോക്സ് സഭ പറയും പൗരാണിക സഭയുടെ ആദിമ വിശ്വാസങ്ങളെ ഇന്നും അതു് അഭംഗുരം പാലിച്ചു പോരുന്നുണ്ടെന്നു്. ക്രിസ്തുവിന്റെ ശിഷ്യനായ മാർ തോമാശ്ലീഹാ സ്ഥാപിച്ച സിംഹാസനത്തിന്റെ സാധുതയും ഭദ്രതയും ആ സിംഹാസനത്തിൽ ആദ്ധ്വനായിരിക്കുന്ന കാതോലിക്കയുടെ അപ്പോസ്തോലികമായ പിൻതുടർച്ചയുടെ മഹിമയും ഇവയിൽ ആത്മാർത്ഥമായി വിശ്വസിക്കുന്ന ജനങ്ങളുടെ ഉൾ

# മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ

# 80-ാം വയസ്സിലേക്ക്

## ഡോ. കെ. എം. തരകൻ

ലേഖകൻ

കോർത്തിണക്കി അതുന്നതങ്ങളിൽ മാലാഖമാരും, റൂഹാശമാലാഖമാരും, ദൈവത്തെ ''പരിശുദ്ധൻ, പരിശുദ്ധൻ'' എന്നു മഹത്വപ്പെടുത്തുന്ന സ്വർഗമണ്ഡലത്തിൽ എത്തിക്കുന്നു.

സഭയിലിപ്പോഴുള്ള പുതിയ ഒൻപതു് മെത്രാപ്പോലീത്തമാരെ പരിശുദ്ധബാവായുടെ പ്രധാന കാർമികത്വത്തിലാണു് അഭിഷേകം ചെയ്തതു്.

1963-ൽ മർത്തമറിയം മന്ദിരത്തിന്റെ സന്ദർശക മെത്രാപ്പോലീത്തയായും 1967-ൽ സ്നേഹദാസ സമൂഹത്തിന്റെ രക്ഷാധികാരിയായും സേവനം അനുഷ്ഠിക്കുവാൻ അദ്ദേഹത്തിനു് അവസരം ലഭിച്ചു. 1965-ൽ പരിശുദ്ധ കാതോലിക്കാബാവായുടെ സഹായിയായി നിയുക്തനായി. ഈ ഘട്ടത്തിൽ ദേവലോകം കേന്ദ്രമാക്കി മലങ്കരസഭയെ ആകമാനം സമീക്ഷിക്കുന്നതിനും അതിന്റെ എല്ലാ പ്രശ്നങ്ങളെയും പഠിക്കുന്നതിനും അദ്ദേഹം ശ്രമിച്ചു. ജന്മസിദ്ധമായ ഭരണപാടവത്തെ പരിപോഷിപ്പിക്കുന്നതിനും ഈ ഘട്ടത്തിൽ സന്ദർഭം ലഭിച്ചു. സഭാംഗങ്ങൾക്കു വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയുടെ ധിഷണാവൈഭവത്തിലും കർമ്മനൈപുണ്യത്തിലും ഭരണസാമർത്ഥ്യത്തിലും വിശ്വാസം വർദ്ധിച്ചു.

ഇവിടെ മറ്റു സഭകളുടെ മേന്മകളെ ആദരിച്ചുകൊണ്ടു മലങ്കര ഓർത്തഡോക്സ് സഭ പറയും പൗരാണിക സഭയുടെ ആദിമ വിശ്വാസങ്ങളെ ഇന്നും അതു് അഭംഗുരം പാലിച്ചു പോരുന്നുണ്ടെന്നു്. ക്രിസ്തുവിന്റെ ശിഷ്യനായ മാർ തോമാശ്ലീഹാ സ്ഥാപിച്ച സിംഹാസനത്തിന്റെ സാധുതയും ഭദ്രതയും ആ സിംഹാസനത്തിൽ ആദ്ധ്വനായിരിക്കുന്ന കാതോലിക്കയുടെ അപ്പോസ്തോലികമായ പിൻതുടർച്ചയുടെ മഹിമയും ഇവയിൽ ആത്മാർത്ഥമായി വിശ്വസിക്കുന്ന ജനങ്ങളുടെ ഉൾ

ഭരണ സ്വാതന്ത്ര്യവും കണക്കിലെടുത്തു കേരളത്തിലെ പതിനഞ്ചു ലക്ഷത്തോളം വരുന്ന ഓർത്തഡോക്സ് സഭാ വിശ്വാസികളെ സത്യവിശ്വാസത്തിലും പവിത്രങ്ങളായ പാരമ്പര്യങ്ങളിലും നിലനിർത്തുവാൻ ദ്വന്ദപ്രതിജ്ഞനാണ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവ.

കഴിഞ്ഞ ഒരു വ്യാഴവട്ടത്തിനകം എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചു മലങ്കര ഓർത്തഡോക്സ് സഭ സമൂഹത്തിന്റെ നാനാരംഗങ്ങളിൽ നേടിയിട്ടുള്ള വമ്പിച്ച വിജയങ്ങൾ പരിശുദ്ധ ബാവായുടെ മനസിൽ ഈ സന്ദർഭത്തിൽ ആനന്ദവും അഭിമാനവും വളർത്തുന്നു. ഇന്നു സഭയ്ക്കു, കേരളത്തിനകത്തും പുറത്തും കാതോലിക്കേറ്റ് സെന്ററുകൾ ഉണ്ടു്. ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി ശക്തിപ്പെട്ടിരിക്കുന്നു. സോഫിയാ സെന്റർ, എം. ജി. ഒ. സി. എസ്. എമ്മിന്റെ വിദ്യാർത്ഥി കേന്ദ്രങ്ങൾ, നിരവധി വിദ്യാലയങ്ങൾ, കലാലയങ്ങൾ, കോലഞ്ചേരി മെഡിക്കൽ മിഷൻ സെന്റർ ഉൾപ്പെടെയുള്ള മെഡിക്കൽ കേന്ദ്രങ്ങൾ, ആന്ധ്രാ മിഷൻ തുടങ്ങിയവയെല്ലാം സഭയുടെ ആകമാന വികസനത്തിന്റെ ഏതാനും ബഹിർസ്ഫുരണങ്ങൾ മാത്രമാണു്.

(ശേഷം 15-ാം പേജിൽ)

# പരിശുദ്ധ ബാവാ തിരുമനസിലെ

# ഒരു ദിവസം

## മാത്യു ശങ്കരത്തിൽ

അതുന്നതങ്ങളിൽ ദൈവത്തിനു സ്തുതി കരേറുന്ന മനസ്സ് ദിവ്യനാഥന്റെ സന്നിധിയിൽ സഭയെ സമർപ്പിക്കുന്നു. ഉയരത്തിൽനിന്നു ശക്തി പ്രാപിച്ച് 21-ാം നൂറ്റാണ്ടിലെ പുൽമാലിയിലേക്ക് സഭയെ നയിക്കുന്ന ഈ താപസശ്രേഷ്ഠനു് 'എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയായവനാകുന്നു' എന്നു് ഉറപ്പായ വിശ്വാസമുണ്ടു്.

കാതോലിക്കാ സിംഹാസനത്തിൽ കൃപയുടെ പത്തുവർഷം പൂർത്തിയാക്കിയ ഈ ശ്രേഷ്ഠമഹാപുരോഹിതൻ അനുപമസുന്ദരമായ ഒരു സമുന്നത വ്യക്തിത്വത്തിന്റെ ഉടമയാണു്. ഇടിമുഴക്കവും മിന്നൽപ്പിണരുകളും കൊണ്ടു് മുഖരിതമായ ഒരന്തരീക്ഷത്തിലാണു് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനി മാർത്തോമ്മാ സ്ലീഹായുടെ സിംഹാസനത്തിൻമേൽ ആരൂഢനായതു്. 'എന്റെ സ്ഥാനമോ എന്റെ ജീവൻതന്നെയുമോ പോയാലും ശരി, മാർത്തോമ്മാ സ്ലീഹായുടെ സിംഹാസനത്തിന്റെ മഹിമയ്ക്കു് കുറവു സംഭവിക്കുന്ന യാതൊന്നും താൻ പ്രവർത്തിക്കുന്നതല്ല 'എന്ന പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാബാവായുടെ പ്രഖ്യാപനത്തിന്റെ മാറ്റൊലി മുഴങ്ങിക്കൊണ്ടിരുന്ന കാലമായിരുന്നു അതു്.

'മലങ്കര സഭയുടെ സ്വാതന്ത്ര്യം എന്റെ കണ്ണിലെ കൃഷ്ണമണിപോലെ ഞാൻ കാത്തുസൂക്ഷിക്കും' എന്നു പ്രഖ്യാപിച്ചുകൊണ്ടു് ഇപ്പോഴത്തെ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി സിംഹാസനാരോഹണം നടത്തിയപ്പോൾ മലങ്കരസഭ ആകമാനം പ്രതീക്ഷയോടെ അദ്ദേഹത്തെ ഉറ്റുനോക്കുകയായിരുന്നു. പ്രതീക്ഷ അസ്ഥാനത്തായില്ല. മലങ്കര സഭയിലെ മഹാചാര്യന്മാരുടെ മുൻനിരയിൽ തലയെടുപ്പോടെ അദ്ദഹം നിലകൊള്ളുന്നു. കാതോലിക്കാ സിംഹാസനത്തിനു് അനായാസേന

**ലേഖകൻ**

മാനവും മതിപ്പും നേടിക്കൊടുക്കുവാനും ആ സിംഹാസനത്തിന്റെ അന്തസ്സ് പതിന്മടങ്ങ് വർദ്ധിപ്പിക്കുവാനും കഴിഞ്ഞു എന്നുള്ളതാണു് ബാവാതിരുമേനിയുടെ ഭരണകാലത്തെ ഏറ്റവും വലിയ നേട്ടം എന്നു കരുതേണ്ടിയിരിക്കുന്നു. കാതോലിക്കേറ്റിന്റെ കാവൽഭടനായ ഈ മുനിശ്രേഷ്ഠന്റെ ഒരു ദിവസത്തെ കർമപരിപാടികളിലേക്ക് ഒരെത്തിനോട്ടമാണു് ഈ ലേഖനം.

'പിതാവിനും പുത്രനും പരിശുദ്ധ റൂഹായിക്കും സ്തുതി...ഉറക്കമില്ലാത്ത ഉണർവുള്ളവനായ ഞങ്ങളുടെ കർത്താവേ...' സമയം പുലർച്ചെ നാലരമണി. ദേവലോകം അരമന ചാപ്പലിൽ മണിനാദം മുഴങ്ങി. ബാവാതിരുമനസ്സുകൊണ്ടു് അരമനനിവാസികളോടൊപ്പം ചാപ്പലിൽ പ്രവേശിച്ചു് രാത്രി പ്രാർത്ഥനയും പ്രഭാത പ്രാർത്ഥനയും നടത്തുന്നതോടെ തിരുമനസിലെ ഒരു ദിവസം ആരംഭിക്കുകയായി. പ്രാർത്ഥനയുടെ അവസാനം മാർത്തോമ്മാ സ്ലീഹായുടെ തിരുശേഷിപ്പിന്റെ മുമ്പിലും ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ, ബസേലിയോസ് ഔഗേൻ പ്രഥമൻ എന്നീ കാതോലിക്കാബാവാമാരുടെ കബറിങ്കലും പ്രത്യേക പ്രാർത്ഥന നടത്തുന്നു.

കാതോലിക്കേറ്റ് അരമനയുടെ പുതിയ കെട്ടിടത്തിൽ രണ്ടാം നിലയിൽ തെക്കുവശത്തായി പ്രത്യേകം തയ്യാർ ചെയ്തിരിക്കുന്ന മുറിയിൽ തിരുമേനി തിരിച്ചെത്തുമ്പോൾ സമയം 5.45 വിശുദ്ധകുർബാന ഇല്ലാത്ത ദിവസം ആണെങ്കിൽ പാലും മധുരവും ചേർക്കാത്ത കാപ്പിയുമായി തിരുമേനിയുടെ ശുശ്രൂഷകൻ തോമസ് കാത്തു നിൽപ്പുണ്ടാവും.

കുർബാന ഉണ്ടെങ്കിൽ അതിനുള്ള തയ്യാറെടുപ്പാരംഭിക്കുകയായി. ബുധനാഴ്ച തോറുമുള്ള തേച്ചുകുളി മുടക്കാറില്ല. ശരീരം ആസകലം എണ്ണതേച്ച് ഒരുമണിക്കൂറോളം കഴിഞ്ഞാണു കുളി. പുട്വെള്ളം അപ്പോഴേക്കും തയ്യാറായിരിക്കും. കൊടിത്തണ്ടു് ചതച്ച് തേച്ചുള്ള കുളിയാണു് നടത്തുക.

ഏഴുമണിക്കാണു് അരമനചാപ്പലിൽ കുർബാന ആരംഭിക്കുക. സാധാരണ ദിവസങ്ങളിൽ കുന്തും എട്ടുമണിക്കാണു് പ്രഭാതഭക്ഷണം. ഭക്ഷണത്തിനു മുൻപ് ഇൻസുലിൻ കുത്തിവയ്പ് പതിവാണു്. ദോശ, സാമ്പാർ, ഒരു കപ്പുപാൽ, ഒരു കഷണം റോട്ടി-പ്രഭാത ഭക്ഷണത്തിന്റെ വിവരങ്ങൾ തീർന്നു. ചിലപ്പോൾ ഇഡ്ഡിലിയായിരിക്കും ചിലപ്പോൾ പുട്ടു്. മറ്റു് ചിലപ്പോൾ ഉപ്പുമാവു്. വെജിറേറിയൻ കറിയും. അരമനയിൽ മറ്റുള്ളവർ കഴിക്കുന്ന അതേഭക്ഷണം തന്നെ തിരുമേനിക്കും. ഭക്ഷണം കഴിഞ്ഞാൽ മരുന്നുകൾ കഴിക്കുന്നു.

സമയം അപ്പോഴേക്കും എട്ടരമണിയാകും. പിന്നീടു് ഒരുമണിക്കൂർ പത്രവായനയാണു്. മലയാളമനോരമയാണു് ആദ്യം വായിക്കുക. ഒമ്പതേമുക്കാൽ വരെ വായന തുടരും. സന്ദർശകർ ആരെങ്കിലും എത്തിയിട്ടുണ്ടെങ്കിൽ പത്രവായന കഴിയുന്നതോടെ അവരെ കാണുന്നു. 10.30 മുതൽ 12.30 വരെ കത്തുകൾ വായിക്കാനും മറുപടി തയ്യാറാക്കാനും മറ്റുമുള്ള സമയമാണു്. തിരുമനസിലെ പ്രൈവറ്റ് സെക്രട്ടറി ഫാ. സഖറിയാ പേരങ്ങാട്ട് (ബിനോയ് അച്ചൻ) സഹായത്തിനുണ്ടാകും.

ഉച്ചനമസ്കാരം കഴിഞ്ഞു് കുന്തും ഒരുമണിക്കു് ഉച്ചഭക്ഷണം കഴിക്കുന്നു. ചോറു്, സാമ്പാർ, രസം, പരിപ്പു്, പപ്പടം, വെജിറേറബിൾസ്, ഉപ്പിലിട്ടതു്, സമ്മന്തിപ്പൊടി, ഇതൊക്കെയാണു് സാധാരണ വിഭവങ്ങൾ. ഇന്നതൊക്കെ ഭക്ഷണത്തിനു് ഉണ്ടായിരിക്കണം എന്നു് ഒരു നിർബന്ധവും ഇല്ല.

ഭക്ഷണശേഷം രണ്ടരവരെയുള്ള ഉറക്കത്തിനു് മുടക്കം വരാറില്ല. എഴുന്നേറ്റാലുടൻ ഒരു കപ്പു കാപ്പി കഴിക്കും. ഈ സമയം കാലിൽ വേദനസംഹാരി എന്തെങ്കിലും പുരട്ടിക്കൊടുക്കും. 'ഇൻഡ്യൻ എക്സ്പ്രസ്' പത്രം തിരുമേനി പതിവായി വായിക്കുക ഈ സമയത്താണു്.

ഓഫീസുകാര്യങ്ങളിൽ പിന്നീടു് വ്യാപൃതനാകുന്നു. ഓഫീസിൽ നിന്നു ഡപ്യൂട്ടി സെക്രട്ടറിമാരെ വിളിച്ചു് കാര്യങ്ങൾ ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. സന്ദർശകർ എത്തിയാൽ ഇതിനിടയിലും അവരെ കാണാൻ സമയം കണ്ടെത്തുന്നു. മധുരം ചേർക്കാത്ത ചായയും രണ്ടു സോൾട്ടു് ബിസ്ക്കറ്റും നാലുമണിക്കു കഴിക്കും. സന്ദർശകർ ഇല്ലെങ്കിൽ തിരുമേനി ലൈബ്രറിയിലായിരിക്കും സമയം ചെലവഴിക്കുക. പുസ്തകങ്ങൾ പൊടിതട്ടി വൃത്തിയാക്കി ചിട്ടയായി അടുക്കും. ബയൻറിംഗ് ഇളകിയതായി കണ്ടാൽ കത്തിക്കൊടുക്കും. കീറലുകളും മറ്റും ഒട്ടിക്കാനും മറക്കാറില്ല. കീറിയ കുപ്പായങ്ങൾ തുന്നലും സൂചിയും ഉപയോഗിച്ചു് തയ്ക്കുക പതിവാണു്. തുണികൾ വൃത്തിയായും ഭംഗിയായും അടുക്കിവച്ചിരിക്കും. അലമാരികളിലും പെട്ടികളിലും എന്തൊക്കെയാണുള്ളതെന്നു് എഴുതി പതിപ്പിച്ചിരിക്കും. അടുക്കും ചിട്ടയും ആ ജീവിതത്തിന്റെ അവിഭാജ്യഘടകമാണു്.

സമുദായക്കേസിനു് ആവശ്യമായ പഠനങ്ങളും തയ്യാറെടുപ്പുകളും നടത്താനും ഈ സമയം ഉപയോഗിക്കാറുണ്ടു്.

അഞ്ചരമണിയാകുമ്പോൾ ചാപ്പലിൽ പ്രാർത്ഥനക്കു് എത്തുന്നു. 6-15 വരെ ചാപ്പലിലായിരിക്കും. പിന്നീടു് ചിലപ്പോൾ പറമ്പിലും മുറ്റത്തും പുറത്തിനടക്കും. പൂന്തോട്ടത്തിലെത്തി ചെടികളോടൊപ്പം സമയം ചെലവഴിച്ചെന്നും വരും.

അന്നന്നുള്ള വരവുചെലവുകണക്കുകൾ സന്ധ്യകഴിയുന്നതോടെ പതിവായി രേഖപ്പെടുത്തുന്നു

(ശേഷം 17-ാം പേജിൽ)

## മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ 80-ാം വയസിലേക്ക്

(14-ാം പേജിൽനിന്നു തുടർച്ച)

ശ്രുദ്ധഹൃദയൻമാരിൽനിന്നു വരുന്ന പ്രതികൂലങ്ങളായ ആരോപണങ്ങളെ നർമരസികതയോടെ നേരിട്ടുന്ന ഈ ഭരണാധികാരി നിർഭാഗ്യകരമായ ഘട്ടങ്ങളിൽ ചിലരിൽനിന്നു പൊട്ടിപ്പുറപ്പെട്ടുന്ന നിയന്ത്രണാതീതമായ ആവേശത്തെയും അനാരോഗ്യകരമായ വിമർശനത്തെയും വിമോചകനായ മോശയുടെ ആജ്ഞാശക്തിയോടെ അസ്തശക്തമാക്കാറുണ്ടു്. എല്ലാ കുതിരകളും കുതിരപ്പുറവയാണു്. ഗതിവേഗം ഉള്ളവയും. പക്ഷേ സാരഥിക്കു തേർതെളിക്കേണ്ടതിനു് അവയെ നിയന്ത്രിക്കാതെ നിവർത്തിയില്ല. നിയന്ത്രിക്കേണ്ട സമയത്തു നിയന്ത്രിക്കാനുള്ള ശക്തി പരിശുദ്ധ ബാവായ്ക്കു ജൻമസിദ്ധമാണു്. അതേസമയം സച്ചുനും കുതിരകളെ പായിക്കാനുള്ള ധീരതയും അദ്ദേഹം പ്രദർശിപ്പിക്കുന്നു.

ലോകമെങ്ങും സഞ്ചരിക്കുന്നതിനുള്ള സൗകര്യം പരിശുദ്ധ ബാവായ്ക്കു ഇതിനകം സിദ്ധിച്ചിട്ടുണ്ടു്. ഗൾഫ് രാജ്യങ്ങളും സിംഗപ്പൂരും മലേഷ്യയും യൂറോപ്പും അമേരിക്കയും എന്നല്ല സോവ്യറ്റ് യൂണിയനും റോമും ബാവാ സന്ദർശിച്ചിട്ടുണ്ടു്. ചെല്ലുന്നിടത്തെല്ലാം അർഹമായ സ്ഥാനവും ലഭിച്ചിട്ടുണ്ടു്.

ജീവിതത്തിന്റെ എല്ലാ തുറകളിലും പെട്ടവരുമായി അപരവത്കരണത്തിന്റെ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു് ഇടപെടുവാൻ പരിശുദ്ധ ബാവായ്ക്കു കഴിയുന്നു. സന്ദർഭാനുസരണം സ്വന്തം സംഭാഷണത്തെ ക്രമപ്പെടുത്തുന്നതിനും അദ്ദേഹത്തിനു സാധിക്കുന്നുണ്ടു്. ഒരു പ്രസംഗകൻ എന്ന നിലയിൽ തികച്ചും സ്വന്തമായ ശൈലിയുടെ ഉടമയാണു പരിശുദ്ധ ബാവാ. സന്ദർഭത്തിന്റെ ഗാംഭീര്യമനുസരിച്ചു് അതുന്നത തലങ്ങളിലേക്കു് ഉയർന്നെത്തുവാൻ അദ്ദേഹത്തിനും സാധിച്ചിട്ടുണ്ടെന്നതിനു ധാരാളം തെളിവുകൾ ഉണ്ടു്.

''ഗുരുവിൻ നാമുക്കും അവനോടൊപ്പം മരിക്കാം'' എന്നും ''എന്റെ കർത്താവും എന്റെ ദൈവവുമേ'' എന്നും പ്രഖ്യാപിച്ച തോമാശ്ലീഹായുടെ പാദുകങ്ങളിൽ നിൽക്കുമ്പോൾ രെത്ഥത്തിൽ പരിശുദ്ധ ബാവാ ഏകനാണു്. സഭയെ സംബന്ധിച്ച അന്തിമമായ തീരുമാനം പലപ്പോഴും അദ്ദേഹത്തിന്റേതായിരിക്കും. ആ തീരുമാനം അനേക ലക്ഷങ്ങളുടെ ജീവിതത്തെയും ഒരു വലിയ സമൂഹത്തിന്റെ ഭാഗധേയത്തെയും ബാധിക്കുന്ന അത്തരം ഘട്ടങ്ങളിൽ പരിശുദ്ധ ബാവ ഗദ്സമേനിൽ യേശു എന്നപോലെ തനിച്ചു പ്രാർത്ഥിക്കുന്നു. അവിടെ ദൈവത്തിന്റെ മാലാഖ അദ്ദേഹത്തിനു ശക്തി പകരുന്നു. കത്താവിൽ അത്യുപായിൽ അവിടുന്നു ബലം തേടുന്നു.

മറ്റൊരർത്ഥത്തിൽ അദ്ദേഹം ഒരിക്കലും ഏകനല്ല. ഏകനാവുകയുമില്ല. സഭയുടെ പിതാവെന്നനിലയിൽ സർവദാ പരിശുദ്ധ ബാവാ സർവ സമുദായാംഗങ്ങളെയും മനസ്സിൽ സംവഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. പരിശുദ്ധ ബാവാ പറയാറുണ്ടു്, എന്റെ സഹോദര മെത്രാപ്പോലീത്തമാരും വൈദികരും ആത്മായക്കാരും മാത്രമല്ല എന്നോടൊപ്പം ഉള്ളതു്. എന്റെ മുൻഗാമികൾ എന്നെ വഴി നടത്തുന്നു. പരിശുദ്ധ ബസേലിയോസ് ഔഗേൻ. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ, മലങ്കര സഭാ ഭാസുരൻ വട്ടശേരിൽ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത, പത്തമല കൊച്ചുതിരുമേനി, അവർക്കു മുമ്പേ സഭയെ നയിച്ച പിതാക്കന്മാർ മാത്രമല്ല മരിച്ചുപോയവിശ്വാസികളുടെ സർവസമൂഹവും സകല വിശുദ്ധന്മാരും വിശുദ്ധദൈവമാതാവും എല്ലാത്തിലും ഉപരി കർത്താവും തന്നോടൊപ്പം ഉണ്ടെന്നു പരിശുദ്ധബാവാ വിശ്വസിക്കുന്നു. ഈ വിശ്വാസം അദ്ദേഹത്തിനു് അത്ഭുതകരമായ ശക്തി പകരുന്നു.

മലങ്കരസഭയുടെ വിശ്വാസപാരമ്പര്യങ്ങളുടെ വിശുദ്ധിക്കും ഉൾഭരണസ്വാതന്ത്ര്യത്തിനും വേണ്ടി ജീവിതം ബലിയർപ്പിച്ച പൂർവികരിൽനിന്നു പ്രചോദനം കൈക്കൊണ്ടു സമകാലിനജീവിതത്തിന്റെ ആധ്യാത്മിക ധാരയെ ശക്തവും സമ്പന്നവുമാക്കി ഇടയന്മാരുടെ ഇടയനായ ഭാഗ്യവാനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ സുദീർഘകാലം സഭയെയും സമൂഹത്തെയും സേവിക്കുവാൻ സർവശക്തൻ സഹായിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു ലോകമെങ്ങുമുള്ള ലക്ഷോപലക്ഷം ആരാധകരോടൊത്തു പരിശുദ്ധ ബാവാ എൺപതാം വയസിലേക്കു പ്രവേശിക്കുന്ന ഈ സുദിനത്തിൽ അവിടുത്തെ തൃപ്പാദങ്ങളിൽ സർവ ഭാവുകങ്ങളും ആശംസകളും നേർന്നുകൊള്ളുന്നു. ○

# മലങ്കരയുടെ

# കരുത്തനായ ഭരണാധിപൻ

പ്രൊഫ. കെ. എം. കുര്യാക്കോസ്

പ്രിൻസിപ്പൽ, എം. ഡി. കോളജ്, പുഴഞ്ഞി.



ലേഖകൻ

**അ**ചലതുല്യം അചഞ്ചലന്മാരായ ഭരണാധിപന്മാരെ ലഭിക്കുക ഏതു പ്രസ്ഥാനത്തിനും അസുലഭ ഭാഗ്യമാണ്. ഈ രംഗത്തു് മലങ്കര ഓർത്തഡോക്സ് സഭ പരമധന്യയാണ്. പത്തുവഷ്ത്തിൽ പരമായി സഭയുടെ മുക്കാൻ പിടിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധ ബസ്സേലിയോസ് മാത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു് ഈ നൂറാണ്ടിലെ ഒരു മികച്ച ഭരണാധിപനാണെന്നുള്ളതു് ശത്രുമനോഭാവമുള്ളവർ പോലും സഃശിരകമ്പം അംഗീകരിക്കുന്ന ഒരു പരമാർത്ഥമാണ്. ഇതേ കാരണത്താൽ തന്നെ സഭയ്ക്കു് പല രംഗത്തും അദ്ഭുതപൂർവ്വമായ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടു്. ഡ്രൈവർ കഴിവുള്ളവനും പരിചയസമ്പന്നനും മനസ്സാന്നിദ്ധ്യമുള്ളവനുമാണെങ്കിൽ യാത്രക്കാക്കു് സമാധാനമായി വാഹനത്തിൽ ഇരിക്കാമല്ലോ. മറ്റു പല സഭകളെയും ഈ രംഗത്തു പിന്നിലാക്കിക്കൊണ്ടു് മലങ്കര സഭയാകുന്ന വാഹനം പുരോഗമനത്തിന്റെ പാതയിൽ മുന്നേറിക്കൊണ്ടിരിക്കുന്നുവെന്നുള്ളതു് സഭാമക്കൾക്കു് അഭിമാനാർഹം തന്നെ. സ്വസ്ഥതയനുഭവിക്കുന്ന സഭാസന്താനങ്ങൾ പ. പിതാവിന്റെ എണ്ണതാം പിറന്നാളിൽ ഹൃദയം തുറന്നു് ആശംസകൾ അർപ്പിക്കുന്നു.

## വിവിധ മണ്ഡലങ്ങളിലെ സാരഥി

ആത്തിരമ്പുന്ന അലയാഴിയുടെ മധ്യത്തിൽ ഉറച്ച പാറപോലെ നിലകൊള്ളുവാൻ ജന്മനാതന്നെ പ. തിരുമേനിക്കു് കഴിവു ലഭിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ജീവചരിത്രം മലങ്കര സഭയുടെ ചരിത്രംകൂടിയാണു്. സഭയ്ക്കു വിലപ്പെട്ട സേവനം അനുഷ്ഠിച്ചിട്ടുള്ള വട്ടക്കുന്നേൽ കുര്യൻ കത്തനാതടെ പുത്രനായി 1907-ലാണു് ഇദ്ദേഹം ഭൂജാതം ചെയ്തതു്. ദൈവശാസ്ത്ര തല്പരനായ ഇദ്ദേഹം ബി. ഡി. ബിരുദം നേടിയശേഷം വൈദിക സെമിനാരിയിൽ പ്രൊഫസറായി സേവനമനുഷ്ഠിച്ചു. സുറിയാനിയിലും കാനോനിലും ഇദ്ദേഹത്തിന്റെ പാണ്ഡിത്യം സുവിദിതമാണു്. 1945-ൽ വൈദികനായും 1953-ൽ മെത്രാപ്പോലീത്തയായും 1975-ൽ കാതോലിക്കായായും ഇദ്ദേഹം അവരോധിതനായി. പ. പിതാവിനു് വിവിധ രംഗങ്ങളിൽ ഭരണസാരഥ്യം വഹിക്കുന്നതിനു് ഭാഗ്യം സിദ്ധിച്ചിട്ടുണ്ടു്. മറ്റു പലർക്കും കിട്ടാത്ത ഒരു ഭാഗ്യമാണിതു്.

## ഗുരു ശിഷ്യർക്കു നൽകി

ദീർഘകാലം ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ പ്രിൻസിപ്പൽ എന്ന നിലയിൽ ഇദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള നിസ്തുല സേവനം സഭയ്ക്കു് നല്ല വൈദികരെ വാർത്തെടുക്കുന്നതിനു് പ്രയോജകീഭവിച്ചു. പരിശുദ്ധ തിരുമേനിയിൽനിന്നു ലഭിച്ച പരിശീലനമാണു് ഇടവകകൾ ഭരിക്കുന്നതിനു് തങ്ങളുടെ കൈമുതലെന്നു് ശിഷ്യന്മാരായ പല വൈദികരും പറയാറുണ്ടു്.

## കഴിവിന്റെ അംഗീകാരം

പ. തിരുമേനി മെത്രാപ്പോലീത്തായായിരുന്ന കാലത്തുതന്നെ മലങ്കര അസ്സോസ്യേഷന്റെയും മാനേജിംഗ് കമ്മറ്റിയുടെയും മീറ്റിംഗുകളുടെ നടത്തിപ്പിൽ അന്നത്തെ കാതോലിക്കാമാരായിരുന്ന പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ തിരുമേനിയും പ. ബസ്സേലിയോസ് ഔഗേൻ പ്രഥമൻ തിരുമേനിയും ഇദ്ദേഹത്തെ മുമ്പോട്ടുകൊണ്ടുവന്നതു തന്നുവെന്നുള്ളതു തന്നെ കഴിവിന്റെ അംഗീകാരമായിരുന്നു. ഏതു കീറാമുട്ടിപ്രശ്നവും അക്ഷോഭ്യനായി അനായാസം കൈകാര്യം ചെയ്യുന്നതിനു് ഇദ്ദേഹത്തിനുള്ള കഴിവു് അസൂയാവഹം തന്നെ.

## സമഗ്രനിരീക്ഷകൻ

സഭയിലെ എല്ലാപ്രസ്ഥാനങ്ങളിലും സംഘടനകളിലും സ്ഥാപനങ്ങളിലും പ. തിരുമേനിയുടെ ശ്രദ്ധയും മേൽനോട്ടവും നേതൃത്വവും ഉണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്. എല്ലാകാര്യങ്ങളിലും സഭയുടെ തലവൻ എന്തിനാണു് ഇടപെടുന്നതെന്നു് ചിലർക്കു സംശയമുണ്ടാവാം. എന്നാൽ കാര്യങ്ങൾ ഭംഗിയായി നടക്കുന്നുവെന്നു് ഉറപ്പു വരുത്തുക സഭാതലവന്റെ മനഃസാക്ഷിയുടെ സംതൃപ്തിയാണു്. അല്ലാതെ അധികാര പ്രമത്തതയുടെ അരങ്ങേറ്റമല്ല. സമഗ്രമായ നിരീക്ഷണ പാടവം ഒരു ഭരണാധിപന്റെ കൈമുതലാണു്.

## ബസ്സേലിയസ് മാർത്തോമൻ ഏജ്

മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനും സ്വയം ശീർഷകത്വത്തിനും പുരോഗമനത്തിനും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ നിരയിൽ പരിശുദ്ധതിരുമേനി ഇതിനോടകം സ്ഥാനം നേടിക്കഴിഞ്ഞു. സഭയ്ക്കു് തന്റെ കാലത്തു് വിവിധരംഗങ്ങളിലുണ്ടായ നേട്ടങ്ങളുടെയും പുരോഗതിയുടെയും അടിസ്ഥാനത്തിൽ മലങ്കരയുടെ മഹാചാര്യനായ ഈ ബഹുമുഖപ്രതിഭയുടെ കാലഘട്ടം "ബസ്സേലിയസ് മാത്തോമൻ ഏജ്" എന്ന പേരിൽ ചരിത്രത്തിന്റെ ഏടുകളിൽ സ്ഥാനം പിടിക്കുമെന്നുള്ളതിൽ തർക്കമില്ല.

# പരിശുദ്ധ ബാവാ തിരുമനസിലെ ഒരു ദിവസം

(15-ാം പേജിൽനിന്നു തുടർച്ച)

നു. പെറിയ പൈസക്കുപോലും തിരുമേനിക്കു് കണക്കുണ്ടായിരിക്കും. പണമിടപാടുകളുടെ കാര്യത്തിൽ അങ്ങേഅറ്റത്തെ കൃത്യനിഷ്ഠപാലിക്കാറുണ്ടു്. ഓഫീസിലെ വരവു് ചെലവുകണക്കുകൾ എല്ലാ 30-നു തിരുമേനി തന്നെ ബുക്കിൽ പകർത്തുന്നു.

7.45-നാണു് കുളി. എട്ടിനു ഭക്ഷണവും. ഗോതമ്പു കഞ്ഞിയോ ചപ്പാത്തിയോ ആണു് കഴിക്കുക. മീൻ, വെജിറ്റബിൾ, ചെറുപയർ, പാവയ്ക്കാതോരൻ ഇവയിൽ എന്തെങ്കിലുമൊക്കെ ഉണ്ടാകും. തൈരു് ഇഷ്ടമാണു്. ഒരു കപ്പ് തൈർ എപ്പോഴെങ്കിലും കഴിച്ചിരിക്കും.

മധുരം കഴിക്കാൻ പാടില്ലെങ്കിലും ഒരു പഴം വല്ലപ്പോഴുമൊക്കെ ഉപയോഗിക്കും. തേനിനോടും പ്രതിപത്തി കുറവല്ല. ഭക്ഷണം കഴിഞ്ഞാൽ വായന ആരംഭിക്കുകയായി. പട്ടംകൊട, പള്ളിപ്രാർത്ഥന തുടങ്ങി പ്രധാന ചടങ്ങുകൾ എന്തെങ്കിലും പിറേറന്നു് ഉണ്ടെങ്കിൽ പ്രാർത്ഥനാക്രമം മുഴുവൻ വായിച്ചു് ഒരുക്കംനടത്തിയിരിക്കും. പ്രായമേറെ ചെന്നവരെ വിളിച്ചു് വേണ്ട നിർദ്ദേശങ്ങൾ നൽകാനും മറക്കാറില്ല.

അരമനയിലുള്ളവരെ വിളിച്ചു സൗഹൃദസംഭാഷണം നടത്തുക പതിവാണു്. ഒരു കുടുംബനാഥന്റെ വികാരവായ്പോടും നിഷ്ക്കളങ്കതയോടുമായിരിക്കും തിരുമേനി അവരോടു് സംഭാഷണത്തിൽ ഏർപ്പെടുക. അടുക്കാൻ ഒരു തോന്നലുണ്ടായാൽ പിന്നെ അകലാനാവാത്ത ഒരു ബന്ധമായിരിക്കും തിരുമേനിയുടെ സംഭാഷണഫലമായുണ്ടാവുക. തന്റെ ചുറ്റുമുള്ളവരെക്കുറിച്ചു് എപ്പോഴും അദ്ദേഹത്തിനു് കരുതൽ ഉണ്ടാവും.

പത്തരമണിക്കാണു് ഉറങ്ങാൻ കിടക്കുക. ചിലപ്പോൾ 11 മണിവരെയാകും. കിടക്കുന്നതിനുമുൻപു് ഒരു കപ്പു് പാൽകുടിക്കും. ചിലപ്പോൾ രാത്രി 12 മണിക്കു് എഴുന്നേറ്റു പ്രാർത്ഥിക്കാറുണ്ടു്. വള്ളി, പുള്ളി, വിസർഗം വിടാതെയാണു പ്രാർത്ഥന. ശ്രുതിഭംഗം കൾ ഒന്നും മുതക്കാറില്ല.

പാട്ടിനോടുള്ള തിരുമേനിയുടെ പ്രതിപത്തി പ്രസിദ്ധമാണു്. ഓ

(ശേഷം 19-ാം പേജിൽ)

COMPLIMENTS FROM

P. G. GEORGE & FAMILY

F. 1. GREEN PARK EXTN:

NEW DELHI

# "രണ്ടനുഭവങ്ങൾ"

ഫാ. ജോസഫ് വെണ്ടറപ്പിള്ളി ന്യൂഡൽഹി

ലേഖകൻ

ഇരുപതാം നൂറ്റാണ്ടിന്റെ എഴുപതുകൾ, ഓർത്തഡോക്സ് സഭയെ സംബന്ധിച്ചിടത്തോളം സംഘർഷങ്ങളുടെ ശൃംഖലയാണ് തന്നെച്ചുപോയതു്. സക്കാരിന്റെ ഭരണചക്രം ഉറപ്പില്ലാതെ ഉരുളുവാനും, പാവപ്പെട്ട സഭാംഗങ്ങൾ, ശാരീരത്തോടെ നിലവിലിരുന്ന നീതിന്യായങ്ങൾക്കെതിരെ മുന്നേറുവാനും തുടങ്ങിയപ്പോൾ സ്വാഭാവികമായും പ്രതിഷേധങ്ങളുടെ പ്രകടനയാത്രകൾ തെരുവുകളിലെ തെരക്ക് വർദ്ധിപ്പിച്ചു. യുദ്ധകാല പ്രഭണപാടവത്തെപ്പോലും പരാജയപ്പെടുത്തുവാൻ പോന്ന പ്രസിദ്ധികരണങ്ങളിലും പ്രഖ്യാപനങ്ങളിലും കുട്ടങ്ങിപ്പോയ ജനത്തിനു് സത്യത്തിന്റെ തെളിനീരുറവ കണ്ടെത്തുവാൻ നന്നേ ക്ലേശിക്കേണ്ടി വന്നു.

എന്നാൽ പലതുകൊണ്ടും തമ്മിൽ ഭേദമെന്നു് വിശേഷിപ്പിക്കാവുന്ന ഒരു ക്ലൂർ, വെട്ടിവിഴുങ്ങുവാൻ വന്ന ദീഷണികളെ ധാർമ്മികബോധത്തിന്റെ അടിസ്ഥാനത്തിൽ ഉറച്ചുനിന്നു് ചെറുത്തുപോന്നു. ആ കൊടുങ്കാറ്റിൽ, എന്നാലും ഉലഞ്ഞുപോയ അവസരങ്ങളുണ്ടായിരുന്നു. സാധാരണഗതിയിലുള്ള പ്രശ്നപരിഹാരങ്ങളെ ലജ്ജാകരമാംവണ്ണം തോല്പിക്കുന്ന പ്രവണത ആ മുന്നേറ്റത്തിൽ ഉണ്ടായിരുന്നതുകൊണ്ടു് സത്യവും ധർമ്മവും കൈവിടാതെയും ഉത്തമമായ മനഃസാക്ഷിബോധ്യപ്പെടുത്തിത്തന്ന നിലപാടു് പണയപ്പെടുത്താതെയും ആ മുന്നേറ്റത്തിനെതിരെ നില്ക്കുകയും നീങ്ങുകയും ചെയ്യേണ്ടതാവശ്യമായി വന്നു. അപ്പോൾ അന്തിമമായി ഉപദേശത്തിനു് വേണ്ടി ഓടി എത്തിയതു് പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയുടെ സന്നിധിയിലേക്കാണു്. ആ അവസരങ്ങളിൽ പ്രശ്നങ്ങളെ ആകെ വിശാലമായി വിലയിരുത്തിക്കൊണ്ടു് തികഞ്ഞ ക്രിസ്തീയമായ വീക്ഷണത്തോടെ പ. ബാവാ തിരുമേനി ആത്മധൈര്യം നല്കിയിട്ടുണ്ടു്. അതു സത്യത്തിന്റെയും സമാധാനത്തിന്റെയും ചൈതന്യമേറിയ ചേതനയിൽ നിന്നുള്ള സുഭാഷിതങ്ങളായിരുന്നു. പലർക്കും പലപ്രാവശ്യമായിരിക്കും അതു്.

ചെറുതും വലുതുമായ പല ആലോചനാസമിതികളിലും സാക്ഷിയാകുവാൻ ഇടയായിട്ടുണ്ടു്. അപ്പോൾ കെട്ടുപിണഞ്ഞു കിടക്കുന്ന അതിന്റെ മർമ്മസ്ഥാനത്തു പിടിച്ചുകൊണ്ടു് വളരെ യുക്തിപരമായും വ്യവസ്ഥാപിതമായും വിശകലനം ചെയ്തു് ഏറെക്കുറെ എവർക്കും സ്വീകാര്യമായ പരിഹാരം കണ്ടെത്തുന്നതിനു് തിരുമേനിക്കു് സാധിച്ചിട്ടുള്ള പ്രാഗത്ഭ്യം തെളിഞ്ഞുവരുന്നതു കാണാം. പകർത്താൻ പറ്റുകയില്ലെങ്കിലും മറക്കാനാവാത്ത ഒരു സംഭവമാണതു് — പ്രത്യേകിച്ചു് ഈ കാലഘട്ടത്തിൽ.

ഈ വിശ്വാസത്തോടുകൂടി സഭയ്ക്കു് സുധീരനേതൃത്വം നൽകുവാൻ തിരുമേനിക്കു് ആയുരാരോഗ്യം നൽകണമേ എന്നു സർവശക്തനോടു് നമുക്കു പ്രാർത്ഥിക്കാം. തിരുമേനിക്കു നൽകാവുന്ന ഏറ്റവും വലിയ ജന്മദിനോപഹാരവും ഇതുതന്നെയായിരിക്കും.

## പ. ബാവാ തിരുമനസിലെ ഒരു ദിവസം

[17-ാം പേജിൽനിന്നു തുടർച്ച]

രോ ദിവസത്തെ പാട്ടിനും പ്രത്യേക രാഗം ഉണ്ടു് നമസ്കാരത്തിനുപോകുന്നതിനു മുമ്പു് 'എക്കാറ' പുസ്തകം എടുത്തു് രാഗങ്ങൾ തിട്ടപ്പെടുത്തും. ഓരോ ദിവസവും അതുതു് രാഗത്തിൽ ചൊല്ലണമെന്നു് തിരുമേനിക്കു് നിർബന്ധമാണു്.

കിടക്കമുറി എയർകണ്ടീഷൻ ചെയ്തതാണെങ്കിലും ജനാലകൾ തുറന്നിട്ടു് ഉറങ്ങുന്നതാണു് തിരുമേനിക്കിഷ്ടം. അപൂർവമായി മാത്രമേ A/c ഉപയോഗിക്കാറുള്ളു. ആഭരണങ്ങളോടു് തീരെ പ്രതിപത്തിഇല്ലാത്ത തിരുമേനിക്കു് മോതിരം ധരിക്കാൻ മടിയാണു്.

വിശുദ്ധ കുർബാനയ്ക്കു് ആവശ്യമായ എല്ലാ സാധനങ്ങളും തിരുമേനി പോകുന്നിടത്തെല്ലാം കൊണ്ടുപോയിരിക്കും. കാസ, പീലാസ, വിരിശ്ശീല, ധൂപക്കുറ്റി, എന്നിവയ്ക്കു പുറമെ തറയിൽ വിരിക്കുന്ന വീരിപോലും അദ്ദേഹം കരുതിയിരിക്കും.

മാർച്ചു് 27നു 80-ാം ജന്മദിനം ആഘോഷിക്കുന്ന തിരുമേനി കേരളത്തിലെ വൈദികമേലദ്ധ്യക്ഷന്മാരിൽ ഏറ്റവും പ്രായം കൂടിയ ആളാണു്. എൺപതിലും അൻപതിന്റെ മുറുമുറുക്കു്. ദൈവം കൂടെയുള്ളതിനാൽ "കുരിശുകൾ താഴ്വരയിൽക്കൂടി നടന്നാലും യാതൊരു അനർത്ഥവും താൻ ഭയപ്പെടുകയില്ല" എന്നു് സങ്കീർത്തനക്കാരനെപ്പോലെ തിരുമേനിയും വിശ്വസിക്കുന്നു.

# ഹൃദയാലുവായ മഹാപുരോഹിതൻ

(11-ാം പേജിൽനിന്നു തുടർച്ച)

തിരുമേനി അതു വാങ്ങിയപ്പോൾ, സന്തോഷാതിരേകത്താൽ കുഷ്ഠരോഗി വിതുമ്പിക്കരയുന്നുണ്ടായിരുന്നു.

"എന്റെ ജീവിതത്തിലെ മറക്കാനാവാത്ത ദിവസമാണിതു്. ഇവിടെ വരുവാനും ഒരു ദിവസം നിങ്ങളോടൊത്തു ചെലവഴിക്കാനും കഴിഞ്ഞതിൽ എന്റെ ഹൃദയം ആനന്ദംകൊണ്ടു നിറയുന്നു" വി. കുർബ്ബാന മദ്ധ്യേയുള്ള പ്രസംഗത്തിൽ തിരുമേനി പറഞ്ഞു.

"നാം എല്ലാം ദൈവസന്നിധിയിൽ ഒന്നാണു്. ദൈവം നിങ്ങളെ കൂടുതലായി സ്നേഹിക്കുന്നു എന്നു ഞാൻ കരുതുന്നു. നിങ്ങളെ ആശ്വസിപ്പിക്കാൻ ഞാൻ അശക്തനാണു്. എന്നാൽ സർവ്വശക്തനായ ദൈവത്തെ ഞാൻ നിങ്ങൾക്കു കാണിച്ചുതരുന്നു. മറ്റൊന്നും തരുവാൻ എന്റെ പക്കലില്ല. കരയുന്നവരുടെ കണ്ണീരൊപ്പുന്നവനായ ദൈവം അവിടത്തെ കൈകളിൽ നിങ്ങളെ വഹിച്ചു് ആശ്വസിപ്പിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. തിരുമേനിയുടെ വാക്കുകൾ കേട്ടപ്പോൾ കുഷ്ഠരോഗികളായ ആ സാധു സഹോദരങ്ങളുടെ കണ്ണുകൾ നിറഞ്ഞുതുളുമ്പി."

പ. ബാവാ തിരുമനസ്സിലെ ഹൃദയം എത്രമാത്രം കരുണാർദ്രമാണെന്നു് വെളിവാക്കുന്ന ഒരു സംഭവമാണിതു്. തിരുമനസ്സിലെ ദയാവായ്പിനെ വെളിവാക്കുന്ന നിരവധി സംഭവങ്ങളുണ്ടു്. വിസ്താരഭയത്താൽ മുതിരുന്നു.

ഹൃദയാലുവായ നമ്മുടെ പ. ബാവാ തിരുമനസ്സിലെ ആയുരാരോഗ്യങ്ങൾക്കുവേണ്ടി ദൈവസന്നിധിയിൽ നാം അപേക്ഷിക്കുക.

○




മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

# "എന്റെ കർത്താവും എന്റെ ദൈവവുമെ"

പ്രൊഫ. ഇ. ജെ. ജോൺ

പ്രിൻസിപ്പൽ, ബസേലിയോസ്സ് കോളജ് കോട്ടയം

ഭാരതത്തിന്റെ കാവൽ പിതാവായ മത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കര ഓർത്തഡോക്സ് സഭ ഇന്ന് ലോക ക്രൈസ്തവ സഭകൾക്ക് മാത്രമല്ല, മാനവസമൂഹത്തിനാകമാനം മാശ്ലനിർദ്ദേശങ്ങൾ നല്കിക്കൊണ്ട് നേതൃപദവിയിലേയ്ക്ക് ഒന്നാം നിരയിലെത്തിയിരിക്കുന്നു. ഓർത്തഡോക്സ് സഭ ആഗോളവ്യാപകമായി വിവിധ മണ്ഡലങ്ങളിൽ അതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചു കൊണ്ടാണിരിക്കുന്നത് വളരെ വിജയകരമായി തന്നെ സേവനമനുഷ്ഠിച്ചുകൊണ്ട് പുരോഗതിയിൽനിന്ന് പുരോഗതിയിലേക്ക് കുതിച്ചു കയറിക്കൊണ്ടിരിക്കുകയാണ് നമ്മുടെ സഭ. ഒരു പുതിയ ദർശനത്തിന്റെ പ്രകാശകിരണങ്ങൾ പലവിധ പ്രതിഫലനങ്ങളും സൃഷ്ടിച്ചുകൊണ്ട് മാനവ സമൂഹത്തിനു ഒരു പുതിയ പരിവർത്തനത്തിന്റെ പാത കാട്ടിക്കൊടുക്കുകയാണ്.

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഇങ്ങനെ ഒരു ഉന്നത സ്ഥാനം കൈവരുത്തുവാൻ സാധിച്ചത്, വിശുദ്ധ മത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന പൌരസ്ത്യ കാതോലിക്കയും, മലങ്കര മെത്രാപ്പോലീത്തായുമായ, മോറാൻ മാർ ബസേലിയോസ് മത്തോമ്മാ മാത്യൂസ് പ്രഥമൻ തിരുമേനിയുടെ ഒരു വലിയ നേട്ടമായി കണക്കിടേണ്ടിയിരിക്കുന്നു. 1975-ൽ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായി സ്ഥാനമേറ്റതോടെ 1953 മുതൽ ഒരു മേല്പട്ടക്കാരനായും, 1970 മുതൽ നിയുക്ത കാതോലിക്കായായും താൻ രൂപം കൊടുത്തിട്ടുള്ള ആശയങ്ങൾ കൂടുതൽ പ്രകാശോജ്ജ്വലമാക്കി പ്രവർത്തിപഥത്തിലെത്തിച്ചുകൊണ്ട് പുതിയ ഒരു ദർശനത്തോടുകൂടി സഭയെ ഒരു പുതുയുഗത്തിലേയ്ക്ക് കടത്തിവിടുവാൻ തിരുമേനിക്ക് സാധിച്ചു. സഭാചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതപ്പെട്ടു.

**ലേഖകൻ**

ആദ്ധ്യാത്മികവും ധാർമ്മികവുമായ മൂല്യങ്ങൾക്ക് ശരിയായ വില കല്പിച്ചുകൊണ്ടുതന്നെ മനുഷ്യശേഷി വിവേചനാധികാരത്തിനായി വിവിധ മണ്ഡലങ്ങളിൽ പല പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ സഭയ്ക്ക് സാധിക്കുന്നുണ്ട്. വിദ്യാഭ്യാസരംഗത്തും ആതുരസേവനരംഗത്തും സഭയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സേവനങ്ങൾ സ്തുത്യർഹമായി പരിഗണിക്കപ്പെടുന്നുണ്ട്. ക്രിസ്തുമതത്തിന്റെ തുടക്കത്തിൽ തന്നെ മലങ്കരയിൽ ക്രിസ്തുവിന്റെ സുവിശേഷദീപം കൊളുത്തിയ മത്തോമ്മാശ്ലീഹായുടെ കാൽപാടുകളിൽതന്നെ മുന്നോട്ട് നീങ്ങുന്ന പരിശുദ്ധ ബാവാ തിരുമേനി, തന്നിൽ നിക്ഷിപ്തമായിരിക്കുന്ന കടമകളും ചുമതലകളും ദൈവാനുഗ്രഹത്താൽ വളരെ വിജയകരമായി തന്നെ നിറവേറുന്നു എന്നുള്ളതു നമുക്കേവർക്കും സന്തോഷത്തിനും സംതൃപ്തിക്കും വക നൽകുന്ന കാര്യമാണ്.

സ്വയം ശീർഷകത്വമുള്ള, ദേശീയ സ്വഭാവമുള്ള ഒരു സ്വതന്ത്രസഭ എന്ന നിലയിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അതിന്റേതായ പ്രത്യേകതയും പ്രാധാന്യവും ഉണ്ടെന്നുള്ളതു് ഏവരും സമ്മതിക്കും എപ്പിസ്കോപ്പസിയുടെയും ജനാധിപത്യത്തിന്റെയും ഐക്യം കൂട്ടിയിണക്കപ്പെട്ട ഭരണഘടനയോട് കൂടിയ ഒരു സഭയാണ് മലങ്കര ഓർത്തഡോക്സ് സഭ. പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്, മാനേജിംഗ് കമ്മിറ്റി, മലങ്കര അസോസിയേഷൻ ഇവ മൂന്നും ചേർന്ന് ഭരണം നടത്തുന്ന ഒരു സഭ എന്ന നിലയിൽ മലങ്കര സഭയ്ക്ക് അഭിമാനിക്കാവുന്ന പലതും ഇന്ന് നിലവിലുണ്ട്. പല പല അഗ്നിപരീക്ഷകളിലൂടെയും നമ്മുടെ സഭയ്ക്ക് കടന്നുപോകേണ്ടിവന്നിട്ടുണ്ട്. എന്നാൽ അതിനെ

(ശേഷം 23-ാം പേജിൽ)

*With Best Compliments from:*

**INDO-USA TRADING CORP.**

**(Member: Los Angeles Chamber of Commerce)**

**Exporters, Importers, Agents & Consultants**

THOMAS INTERNATIONAL NEW DELHI 110049 (INDIA)

Phones: (818) 963-0991
(213) 843-9206
(818) 559 - 1251
Telex: VIA WUI 650-332-2948 MCI
Cable: IUTC Glendora

President: **P. M. Thomas**

1301, South Glendora Avenue
P. O. Box 1974, Glendora (Los Angeles)
California - 91740 U. S. A.

Associates: **Thomas International, 131, Gulmohar Park Enclave**
**New Delhi - 110049**

**Phones: 665134, 698618**

# Visionary of the Twentieth Century

David Daniel, New Delhi

"The Indian Churches which revere St. Thomas should work in cordiality and mutual faith. I firmly believe that the beliefs and rites do not stand in the way of co-operation among them. My vision is of an All India Church (Akhila Bharata Sabha) formed unitedly by those Churches which uphold the same tradition"* declared Catholicos Mar Thoma Mathews-I on the occasion of Catholicate Sapthathi Celebration inauguration at Ernakulam on 5-12-1982.

This vision of the Catholicos reveals the basic philosophy, the ethos, the faith, the approach and attitude to other Churches enshrouded in the person all at once. When one ponders over these in quiet rapture, the magnificence of the personality comes into view.

The vision is a projection *of the tradition, the Catholicos* upholds and values which he finds in other sister Churches. It his fervent hope and appeal that these Churches would come together under this banner of common tradition that is the Indian tradition of St. Thomas.

St. Thomas tradition high lights two aspects - St. Thomas as founder father of Christianity in india and secondly, the eastern tradition and form of worshlp. These are the primary and broad principles and planks on which the concept of Akhila Bharata Sabha is held in vision.

St. Thomas is revered not only and not merely as one of the twelve disciples of Christ, not only as one among the saints of the Church, not only as the first among those who evangelised in India but also as the disciple of Christ who in pursuance of the command of the lord to spread the gospel to the ends of the world came to India and evangelised here during 52-72 A.D., who shed his blood in the Indian soil for the sake of Christ, suffered martyrdom and was buried in the soil of India. All these aspects of St. Thomas compounded mark him as the founder father of Christianity in India.

St. Thomas, therefore, holds the life-chord of the ***Malankara Church nay, the Indian Church. The pledges*** of successive Catholicoses at different times highlight the depth of this St. Thomas tradition of the Malankara Church which His Holiness Mathews I has fervently hoisted. The following instances deserve mention.

Patriarch Mar Abdul—Messiah of the Orthodox Church of Syria in a sermon delivered on 17th September 1912 soon after the installation of the first Catholicose announced, 'Our Church was established by St. Thomas, one of the twelve disciples of our Lord Jesus Christ. By God's grace, it has been possible to establish the throne of St. Thomas here to ensure preservation of Apostolic priesthood here for ever' (Malayala Manorama 18-9-1912). The significance of the Catholicate of Malankara Church in relationship to the Church established by St. Thomas, was pointed out by the third Catholicos His Holiness Geevarghese II in the following words, 'You shall not forget that the Holy institution of Catholicate is the focal centre of amity, apostolate and independence of the ancient and holy Church established by the apostle St. Thomas" (Fare well message dated 21-12-1963). To Catholicos His Holiness Ougen, St. Thomas was a matter of life and death. He declared "I will not do anything which be littles the glory of the throne of St. Thomas even if I have to lose my position or life even. Just as St. Paul reminded the Corinthians". For though you have ten thousand instructors in Christ yet have ye not many fathers for in Christ Jesus I have begotton you through the gospel" (1 Cor 4/15) St. Thomas is our father who through baptism begat Malankara Sabha and raised the church to apostolic dignity by granting the gift of priesthood.

Till the 17th century the Christians of Kerala were known as St. Thomas Christians Besides, eastern form of worship and Christian thought was in vogue consequent of the association with the Churches of Persia and Syria. In the 17th, 18th, and 19th centuries with the advent of Roman Catholicism and Protestanism, western thought, tradition and forms of worship were introduced among the St. Thomas Christians. Subsequently divisions set in amongst them and they grouped under denominational banners. There emerged groups which retained St. Thomas tradition and image and also eastern form of worship and practises and others which embraced western norms. In this context the visionary call to all denominational Churches upholding St. Thomas tradition irrespective of diverse rites and practises for a comeback to form a united Akhila Bharata Sabha is relevent in the 20 th century.

In the national horizon of India, a Church of St Thomas tradition has relevence. The parishes and missionary centres developed by the Churches of St. Thomas tradition diaspora outside Kerala frontiers augur well. It should be their endeavour to consolidate the position and advance the strides to fulfill the Akhila Bharata vision. The Churches should be oriented to this thought and vision. The vision of the Catholicos thus goes beyond limited denominational orbit and is not circumscribed by the geographical frontiers of Kerala. His devotion is to St Thomas and his mission is to follow his footsteps to spread the gospel to the ends of Bharat that is India. His vision, therefore, is an all India mission. The call has a purpose, an objective and a goal. May the endeavours of Churches of St Thomas tradition be focussed towards rhe realisation of this vision.

o

* Catholicate Sapthathi Souvenir, 1982.

*Compliments from*

**C. M. George & Family**

C-4-B. Flat. No. 14

Janakpuri

**New Delhi**

WITH BEST WISHES FROM

**C. G. PATHROSE & FAMILY**

NANAK PURA

**New Delhi-21**

# His Holiness Baselius

# Mar Thoma Mathews-I

# and Delhi Parish / Diocese

P.M. Thomas New Delhi

During the last 27 yrs, the Delhi Parish had been having the unique privilege of continued blessings from His Holiness, as Metropolitan of Out-Side Kerala (1959 to 1976) and as the Catholicos, for the last 10 yrs.

**Small Parish**

The small orthodox church congregation in the Capital-Delhi - from 1945 used to have occasional Holy Qurbana by our Priests from Kerala. Malpan Rev. Fr. C. J. Zachariah, Cheriamadam, was one of the early priests, who organised our congregation for a church service at the Lady Hardinge Medical College Chapel. Formally the Delhi Parish was established with less than 15 families on the 21st December, 1952, which was inaugurated by Rev. Fr. T. G. Koshy, Vicar of Bombay. Delhi continued as part of Out Side Kerala Diocese under His Grace Metropolitan Alexios Mar Theodocius from 1953 to 1959.

**Services for 27 Yrs.**

From 1959 to 1976 His Grace Metropolitan Dr. Mathews Mar Athanasius as Metropolitan Out-Side Kerala and then as the Catholicos from 1976 continued to nurse, inspire and guide this young Parish and Diocese in many ways. It has been a period of all round steady progress, for which our Church could well be proud of it achievements. The Parish and Diocese have many achievements in Delhi, like construction of four fairly big churches, one high school, four schools and a Diocesan Centre (Orthodox Centre). The Orthodox Centre, an elegant architectural achievement costing about Rs. 32 lakhs, is a great contribution to Orthodox Church of India. Our important churches in Delhi area are, St. Mary's Cathedral (South Delhi), Church of St. Gregorios (Janakpuri, West Delhi), St. Mary's Church (Faridabad - East Delhi) and St. Thomas Church, (Ghaziabad). These big churches cannot contain the congregations of Good Friday. In South Delhi Cathedral alone to accommodate over 3,000 devoutees expansive tents are pitched to meet the demands, in our two acre St. Pauls School compound.

**Dedicated Priests**

From 1953, Delhi had the unique privilege of having the services of 11 dedicated priests like Fr. K. C. Thomas. (H.G. Thomas Mar Makarios, USA), Fr. C. C. Geevarughese, Fr. C. V. Samuel, Fr. K.A. George, Fr. T. T. Thomas, Fr. T. M. George, Fr. T.C. Mathai, Fr. Thomas Yohanon, and Fr. Joseph Vendarapilly, who have taken the heavy burden of building up the parishes and the Diocese in General.

**Deep Interest**

The appointment of His Grace Metropolitan Dr. Poulose Mar Gregoriose as Thirumani's successor in Delhi was another example of His Holiness's deep interest in Delhi. His grace gregorios by his distinguished global services and many of our Parish members like Mrs. Achamma Mathai, C.P. Mathen, A.M. Thomas, C.M. Stephen, Paul Pothen by their services have brought real life into our church besides Universal appreciations. Delhi is reputed as a peaceful law abiding, progressive Parish and Diocese.

Inspite of heavy preoccupations and strain in health for long journey. Delhi had been blessed by His Holiness presence invariably on all important occasions, for foundation stone layings, consecrations, formal openings of schools, Orthodox Centre, etc.

The periodic visits and meetings in Delhi with the presidents of India, Vice Presidents of India, Prime Ministers and other Church Dignitaries had been enhancing the prestige of our Church in the National capital, compared to any other period in our Church history.

**Discipline & Faith**

As a strict disciplinarian, with prayerful and disciplined life continues to inspire all with whom, His Holiness has the chance to associate.

The members of the Delhi Parish and Diocese remember Thirumani on the occasion of His Holiness's 80th birth-day with reverance and gratitude and pray for His Holiness's good health and long life.

O

# വുംബ്രാണ്ടും ഭാര്യ സാബീനയും എഴുതിയ പുസ്തകങ്ങൾ സൗജന്യമായി കൊടുക്കുന്നു

ക്രിസ്തുവിന്റെ അഭിനവ അപ്പോസ്തലനായ റവ. വുംബ്രാണ്ട് 14 വർഷം റുമേനിയായിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ തടങ്കലിൽ അവിശ്വസനീയമായ വിധം പീഡനം അനുഭവിച്ച ഒരു യഹൂദ ക്രിസ്ത്യാനിയാണ്. റുമേനിയ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തങ്ങളുടെ രാഷ്ട്രീയ തടവുകാരുടെ വില്പന ആരംഭിച്ചപ്പോൾ, നോർവ്വെയിലെ ക്രിസ്തുവിശ്വാസികൾ 2500 പവൻ കൊടുത്ത് ഈ സുവിശേഷവീരസാഹസികനെ വിലയ്ക്കുവാങ്ങി,സ്വതന്ത്രനാക്കി.തടവുകാരനായിരിക്കേ, യേശുക്രിസ്തുവിനും അവന്റെ ദിവ്യസുവിശേഷത്തിനും വേണ്ടി ധീരസാക്ഷ്യം വഹിച്ചതു നിമിത്തം ശിക്ഷയായി അരക്കെട്ടുമുതൽ മുകളിലോട്ടു 18, ആഴമുള്ള അപായകരമായ മുറിവുകൾ ഏല്പിക്കപ്പെടുകയുണ്ടായി. തന്റെ ഈ പീഡാനുഭവങ്ങൾ വുംബ്രാണ്ടു് അമേരിക്കൻ സെനറ്റിന്റെ "ഇൻറേറണൽ സെക്യൂരിറ്റി സബ് കമ്മിറ്റി"യുടെ മുമ്പാകെ വിവരിക്കുകയും അവരുടെ വിദഗ്ദ്ധ പരിശോധനക്കായി തന്റെ വസ്ത്രങ്ങൾ മാറ്റി ക്രിസ്തുനിമിത്തം തനിക്കേറ്റ ചൂടടയാളങ്ങൾ വെളിപ്പെടുത്തി കൊടുക്കുകയുണ്ടായി. ഇദ്ദേഹത്തിന്റെ പുസ്തകങ്ങളും, ഇന്നും കമ്മ്യൂണിസ്റ്റുകാർ ക്രിസ്ത്യാനികൾക്കെതിരെ നടത്തുന്ന പീഡനങ്ങളെക്കുറിച്ചുമുള്ള വിവരണങ്ങൾ അടങ്ങിയ ലഘുലേഖകളും താഴെ കാണുന്ന വിലാസത്തിൽ എഴുതുന്നവർക്ക് ലഭിക്കുന്നതാണ്.

# TORTURED FOR CHRIST

Post Box 4532

**New Delhi-110016**

# 'എന്റെ ബാല്യകാല സ്മരണകൾ'

(3-ാം പേജിൽനിന്നു തുടർച്ച)

ന്നു വിളിച്ചിരുന്നു. ഒരു പക്ഷേ, അപ്പച്ചന്റെ അസാന്നിദ്ധ്യത്തിൽ പകരം ആ പേരു് എനിക്കു് ഇട്ടതായിരിക്കാം.

ഇന്റർമീഡിയറിനു സി. എം. എസ് കോളജിൽ ചേർന്നു. അന്നത്തെ പ്രിൻസിപ്പൽ സ്കോട്ട് സായിപ്പ് വലിയ ഫുട്ബോൾ കമ്പക്കാരനായിരുന്നു. ടീമിൽ ഞാനും ഉണ്ടായിരുന്നു. കളിക്കാൻ നാലുമണിക്കു പ്രിൻസിപ്പലിന്റെ വീട്ടിലാണു് കാപ്പി. ഫുട്ബോൾ കമ്പംപോലെ കളിക്കാരോടും പ്രിൻസിപ്പലിനു് കാര്യമായിരുന്നു. ആയിടയ്ക്കു് ടെന്നീസും കളിക്കുമായിരുന്നു.

ഇന്റർമീഡിയറിനു നന്നായി പഠിച്ചു പരീക്ഷയെഴുതി. പക്ഷേ, റിസൽറ്റ് വന്നപ്പോൾ പേരില്ല! ഏതോ സാങ്കേതിക പ്രശ്നംമൂലമുണ്ടായ തകരാറാണു്, എനിക്കു വലിയ മനപ്രയാസമുണ്ടായി. ഏതായാലും സെപ്റ്റംബർ പരീക്ഷയ്ക്കു പഠിക്കാൻ തുടങ്ങി.

സെപ്റ്റംബർ പരീക്ഷയ്ക്കു് പണമടയ്ക്കാൻ പോകുമ്പോൾ വൈ. എം. സി. എ. യിൽ വച്ചു് ഞാൻ തോറ്റില്ല, ജയിച്ചു എന്ന ടെലഗ്രാം കിട്ടി.

നോക്കണേ, ഒരു ഗ്രഹപ്പിഴ! ഇന്റർനു ജയിച്ചശേഷം ഡോക്ടറാകാൻ പഠിക്കണമെന്നായിരുന്നു ഉദ്ദേശ്യം. മുത്തച്ഛനാണു് (പരേതനായ അഡ്വ. കെ. ചെറിയാൻ) അങ്ങനെ നിർദ്ദേശിച്ചിരുന്നതു്. ജ്യേഷ്ഠനാണു് ഞങ്ങളുടെ പഠിത്തകാര്യങ്ങളിലെല്ലാംവേണ്ട മാർഗ്ഗനിർദ്ദേശം തന്നിരുന്നതു്. പക്ഷേ, ജയിക്കാഞ്ഞതിനാൽ മെഡിസിനുപോകാനുള്ള ചാൻസു് നഷ്ടപ്പെട്ടു. പിന്നീടു് ഇന്റർമീഡിയറുള്ള കമ്പിസന്ദേശം കിട്ടിയപ്പോഴേയ്ക്കും മെഡിസിനു മാത്രമല്ല മറ്റു കോഴ്സുകൾക്കുമുള്ള അഡ്മിഷനും കഴിഞ്ഞു. ഒരു കോളജിലും ചേരാൻ കഴിയാത്ത അവസ്ഥ.

ഒടുവിൽ കന്നുകഴിയിൽ കെ. കെ. തോമസ് എം. എൽ. എ ഫ്രൂപാർശചെയ്തു് തിരുവനന്തപുരത്തു സയൻസ് കോളജിൽ ബി. എ. യ്ക്കു അഡ്മിഷൻ കിട്ടി. കെമിസ്ട്രി, ഫിസിക്സ് ഉൾപ്പെട്ട സെക്കൻഗ്രൂപ്പാണു് ബി. എ. യ്ക്കു ലഭിച്ചതു്, മെഡിക്കൽ ലൈൻ ആയിരുന്ന അപ്പോഴും നോട്ടം.

അന്നു് കേരളായൂണിവേഴ്സിറ്റിയില്ല. ഇവിടത്തെ കോളജുകൾ മദ്രാസ് സർവ്വകലാശാലയുടെ കീഴിലാണു്. മദ്രാസിൽ പോയി വേണം പരീക്ഷയ്ക്കിരിക്കാൻ.

പരീക്ഷ എഴുതാൻ മദ്രാസിനു പോയി. കെമിസ്ട്രി പരീക്ഷയ്ക്കു് 'റാഡിക്കൽസ്' കണ്ടുപിടിക്കാൻ മൈക്രോസ്കോപ്പു തന്നു. പഴഞ്ചൻ ഉപകരണം. സയൻസ് കോളജിൽ ഒന്നാംതരം മൈക്രോസ്കോപ്പുകളാണുണ്ടായിരുന്നതു്. അതിൽ ചെയ്ത പരിചയിച്ച എനിക്കു് ഈ പഴയ മൈക്രോസ്കോപ്പ് എങ്ങിനെയൊക്കെ തിരിച്ചിട്ടും റിസൽറ്റു് കിട്ടുന്നില്ല. ആകെ വിഷമിച്ചു. പരീക്ഷകരോടു പരാതി പറഞ്ഞു നോക്കി. പക്ഷേ വലിയ ഹാളിൽ നൂറുകണക്കിനു വിദ്യാർത്ഥികൾക്കിടയിൽ എന്റെ പരാതി ആരു ശ്രദ്ധിക്കാൻ?

പുതുക്കത്തിൽ, അത്തവണ ഞാൻ തോറ്റു. ആദ്യത്തെ പരാജയം. ഭാവിയുടെ മുന്നിൽ വീണ്ടും തടസ്സം. മെഡിക്കൽ ലൈനിലേക്കുള്ള പ്രയാണത്തിൽ പ്രതിബന്ധം.

ഏതായാലും രണ്ടാം തവണ പരീക്ഷയ്ക്കിരുന്നു. 90 ശതമാനം മാർക്കോടെ വിജയിച്ചു.

അങ്ങിനെ 21-ാം വയസ്സിൽ ബി. എ. പാസ്സായി. മെഡിസിനു് അപേക്ഷ കൊടുത്തു. സെലക്ഷൻ കാത്തിരുന്നു. അപ്പോഴാണു് അറിയിപ്പു് - മദ്രാസിൽ അഡ്മിഷൻ കഴിഞ്ഞുപോയി എന്നു്. 'ഇനി വിശാഖപട്ടണം കോളജിൽ ശ്രമിച്ചു നോക്കൂ. അവിടേയ്ക്കു ഫ്രൂപാർശ ചെയ്യാ'മെന്നു് മദ്രാസ് മെഡിക്കൽ കോളജിലെ പ്രിൻസിപ്പൽ എനിക്കു കത്തയച്ചു.

പക്ഷേ, അങ്ങിനെ അഡ്മിഷൻ വേണ്ടെന്നു് എനിക്കു് വാശികയറി.

ഇനിയെന്തു് എന്ന ചിന്താക്ഷീണവുമായി. തിരുമാനത്തിലെത്താതെ വീട്ടിലിരിപ്പായി.

അങ്ങിനെയിരിക്കെ ഒരു ദിവസം ജ്യേഷ്ഠൻ എന്നോടു പറഞ്ഞു: ചെറിയ മഠത്തിൽ മല്ലാനച്ചൻ മാങ്ങാനത്തു വന്നു താമസിക്കുന്നുണ്ടു്. നിന്നെ സുറിയാനി പഠിപ്പിക്കണമെന്നു് ഞാൻ അച്ചനോടു പറഞ്ഞിട്ടുണ്ടു്.

അങ്ങിനെ സുറിയാനി പഠനം ആരംഭിച്ചു. വൈകിട്ടാണു മാങ്ങാനത്തു പോകുന്നതു്. രാത്രിയിൽ സുറിയാനി പഠിക്കും. അവിടെ കിടക്കും.

കൽക്കട്ട ബിഷപ്സ് കോളജിൽ ആ വർഷമാണു് ബി. ഡി. ബിരുദകോഴ്സു് അനുവദിച്ചതു്. നമ്മുടെ സഭയിൽനിന്നു് ബി.ഡി. പഠനത്തിനു് ഏതാനും ചെറുപ്പക്കാരെ അയക്കണമെന്നു് കോളജു് അധികൃതർ വട്ടശ്ശേരിൽ തിരുമേനിക്കു് എഴുതി. അതിനു പറ്റിയ ആളുകളെ കണ്ടുപിടിക്കാൻ തിരുമേനി പുത്തൻകാവിൽ കൊച്ചു തിരുമേനിയെ ചുമതലപ്പെടുത്തി.

കൊച്ചുതിരുമേനി വൈദികനായിരിക്കുമ്പോൾ എം. ഡി. സ്കൂളിൽ തേർഡ് ഫോമിൽ എന്റെ ഗുരുവായിരുന്നു. അദ്ദേഹം വലിയ പണ്ഡകളിക്കാരനായിരുന്നു. ഞാനും പണ്ഡകളിക്കാരനായതിനാൽ എന്നോടു വലിയ താല്പര്യവും ഉണ്ടായിരുന്നു. ബാറിന്മേലുള്ള കായികാഭ്യാസങ്ങളും തിരുമേനി ചെയ്യുമായിരുന്നു. കൂടെനിന്നു ഞാനും ബാർവേല ചെയ്യിരുന്നു. അങ്ങിനെ എന്റെ ചെറുപ്പം തൊട്ടേ തിരുമേനിക്കു് എന്നെ വലിയ കാര്യമായിരുന്നു.

അതുകൊണ്ടായിരിക്കാം, ബി. ഡി. പഠനത്തിനു് വിടാൻ ചെറുപ്പക്കാരെ അന്വേഷിച്ചപ്പോൾ എന്റെ കാര്യം തിരുമേനി ഓർമ്മിച്ചതു്. സെമിനാരിയിലേക്കു് എന്നെ വിളിപ്പിച്ചു. ബി. ഡി. കോഴ്സിനു പോകണമെന്നു് പറഞ്ഞു. ഞാനാകട്ടെ, എന്റെ തിരുമേനി, എനിക്കു് വൈദികനാകാൻ താല്പര്യമില്ല എന്നു പറഞ്ഞു കൈമുത്തി ഇറങ്ങി.

വട്ടശ്ശേരിൽ തിരുമേനി മാളികമുറിയിൽ ഉണ്ടായിരുന്നു. തിരുമേനിയേയും കണ്ടു കൈമുത്തി ഇറങ്ങി സെമിനാരി മുറ്റത്തെ മാന്തോപ്പിലൂടെ തിരിച്ചു നടന്നപ്പോൾ കൊച്ചുതിരുമേനി പിന്നാലെ വരുന്നു! എന്നെ വിളിച്ചു നിർത്തി തിരുമേനി ദീർഘനേരം ഉപദേശിച്ചു. ഒടുവിൽ ബി. ഡി. യ്ക്കു പോകാമെന്നു ഞാൻ സമ്മതിച്ചു.

അങ്ങിനെ 24-25 വയസ്സായപ്പോൾ ഞാൻ ബി. ഡി. യ്ക്കു ചേർന്നു. ആദ്യം എനിക്കു വലിയ വിഷമം തോന്നി. കാരണം സൺഡേസ്കൂൾ നാലാം ക്ലാസ് വരയേ ഞാൻ പഠിച്ചിരുന്നുള്ളൂ. നാലാം ക്ലാസ് കൊണ്ടു് അക്കാലത്തു സൺഡേസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു.

ബി.ഡി. കഴിഞ്ഞുവന്നപ്പോൾ എം. ഡി. സ്കൂൾ ഹെഡ്മാസ്റ്റർ ഇട്ടിച്ചെറിയ സാർ എന്നെ അദ്ധ്യാപക ജോലിക്കു ക്ഷണിച്ചു.

എന്നാൽ സ്കൂൾ അദ്ധ്യാപന ജോലിക്കു് ബി. ഡി. ക്കാർ ആവശ്യമില്ലല്ലോ എന്നു പറഞ്ഞു ഞാൻ അതു നിരസിച്ചു വീട്ടിൽതന്നെ കഴിഞ്ഞു.

1942-ലാണു്, സമുദായക്കേസു് നടന്നുകൊണ്ടിരിക്കുന്ന കാലം. വട്ടശ്ശേരിൽ തിരുമേനി കാലം ചെയ്തശേഷം ദിവംഗതനു് രണ്ടാമത്തെ വീട്ടിലിരിപ്പായി. കേസു് നടത്തിപ്പിൽ ഇന്നത്തേതുപോലുള്ള സംവിധാനമോ സൗകര്യങ്ങളോ ഒന്നും അന്നുണ്ടായിരുന്നില്ല.

കേസു് നടത്തിപ്പിൽ ബാവാ അനുവേച്ച പ്രയാസങ്ങൾ എനിക്കു കണ്ടു മനസ്സിലാക്കാൻ കഴിഞ്ഞു. കോടതിയിൽ ഹാജരാക്കേണ്ട പഴയ പ്രമാണങ്ങളും മറ്റും ശേഖരിക്കാനും ക്രോഡീകരിക്കാനും മറ്റു ഓടിച്ചാട്ടം ആവശ്യങ്ങൾക്കും ബാവായെ സഹായിക്കാൻ മാനേജരച്ചനും (അന്തരിച്ച ഫാ. ടി. സി. ജേക്കബ്) ഞാനും മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രമാണങ്ങളുടെ കോപ്പികൾ എഴുതുക, ആധാരഗ്രന്ഥങ്ങൾ ശേഖരിക്കേണ്ടതുമായ ശ്രമകരമായ ജോലിയിൽ ഞങ്ങൾ മുഴകി.

ഒരു ദിവസം വൈകിട്ടു ഞങ്ങൾ എം. ഡി. സെമിനാരിയിൽ ഇരുന്നു പിറ്റേ ദിവസം ഹാജരാക്കേണ്ട സാക്ഷിപ്പട്ടിക തയ്യാറാക്കുകയായിരുന്നു. രാത്രി ഏട്ടും ഉറങ്ങിയില്ല. ബാവാ തിരുമേനിയും അവിടെ താമസിക്കുന്നുണ്ടായിരുന്നു. രാവിലെ അഞ്ചു മണിക്കു പ്രാർത്ഥിക്കാൻ മണിയടിച്ചു. ബാവാ ഉറക്കമുണർന്നു വന്നു നോക്കിയപ്പോൾ ഞങ്ങൾ ഇരുവരും ഉറക്കമിളച്ചു പട്ടിക തയ്യാറാക്കുന്നതാണു കണ്ടതു്.

ബാവായുടെ മുഖം കലങ്ങി. കണ്ണുകൾ നനഞ്ഞു. കണ്ണീർ കണങ്ങൾ മുഖത്തു പൊടിഞ്ഞു. ബാവാ കരഞ്ഞു. അതോടെ ബാവായ്ക്കു എന്നോടു പ്രത്യേക വാത്സല്യമായി.

സെമിനാരിയിലെ വൈദിക വിദ്യാഭ്യാസം അക്കാലത്തു മുടങ്ങിക്കിടക്കുകയായിരുന്നു. എം. ഡി. സെമിനാരിയിൽ അതു പുനരാരംഭിക്കണമെന്നു് ബാവാ ആലോചിച്ചു കൊണ്ടിരിക്കുകയായിരുന്നു. പെറിയമഠത്തിൽ സ്കറിയാ മല്പാനച്ചനെ പ്രിൻസിപ്പൽ ആയി നിയോഗിക്കണമെന്ന ബാവാ തിരുമേനി ആഗ്രഹിച്ചെങ്കിലും അച്ചനു സൗകര്യമുണ്ടായിരുന്നില്ല.

അങ്ങിനെ സെമിനാരി നടത്തിപ്പിനു് ആളെ കിട്ടാതെ വിഷമിച്ചിരിക്കുന്ന വേളയിലാണു് ഞാൻ ബി.ഡി. പാസ്സായി വന്നതു്. ബാവാ എന്നെ ഏലിയാച്ചാപ്പലിൽ വിളിച്ചു വരുത്തി. ഞാൻ ചെന്നപ്പോൾ പരേതനായ എ. എം. വർക്കിയും മറ്റു ചിലരും ബാവായുമായി സംസാരിക്കുകയായിരുന്നു. സെമിനാരി പുനരുദ്ധരിക്കുന്ന പ്രശ്നമായിരുന്നു ചർച്ചാവിഷയം. പെറിയമഠത്തിലച്ചനു അസൗകര്യമാണു്. മറ്റാരെയെങ്കിലും പ്രിൻസിപ്പൽ ആക്കണം എന്നായി സംസാരം. അപ്പോൾ ചാരുകസേരയിൽ ചാരിക്കിടക്കുകയായിരുന്ന ബാവാ നിവർന്നിരുന്നു് എന്നോടു പറഞ്ഞു: "നീ പ്രിൻസിപ്പൽ ആകണം."

ഞാൻ അത്മായക്കാരനാണു്; അത്മായക്കാരനു് പ്രിൻസിപ്പൽ ആകാൻ പറ്റുകയില്ല എന്നു ഞാൻ മറുപടി പറഞ്ഞു.

തുടർന്നു് ഫാ. കെ. ഡേവിഡിനെ സെമിനാരിയുടെ പ്രിൻസിപ്പൽ ആയി നിയമിച്ചു. എന്നെ അദ്ധ്യാപകനായും.

പക്ഷേ, അക്കൊല്ലം എനിക്കു പഠിപ്പിക്കാൻ കഴിഞ്ഞില്ല. ജില്ലാക്കോടതിയിൽ നടന്നുകൊണ്ടിരുന്ന സമുദായക്കേസിൽ ഞാൻ മുഴകിയിരുന്നതാണു കാരണം.

കേസിൽ പുതക്കഴി അച്ചനാണു് കാനോൻ നിയമത്തിൽ സാക്ഷിയായിരുന്നതു്. ഞാൻ കാനോൻ രേഖകൾ എല്ലാം ശേഖരിക്കുകയും ക്രോഡീകരിക്കുകയും ചെയ്തുകൊടുത്തുകൊണ്ടിരുന്നു. സാക്ഷിവിസ്താരം തുടർന്നുകൊണ്ടിരിക്കെ, പുതക്കഴി അച്ചനു രോഗംബാധിച്ചു കിടപ്പായി. പകരം കാനോൻ സാക്ഷിയായി മറ്റാരെയും തരപ്പെട്ട കിട്ടിയില്ല. അതിനാൽ ഞാൻതന്നെ സാക്ഷിയാകണമെന്നു് ബാവാ തിരുമേനി നിർദ്ദേശിച്ചു.

അങ്ങിനെയാണു് ഞാൻ കേസിലെ കാനോൻ സാക്ഷിയായിത്തീർന്നതും, സെമിനാരിയിൽ അക്കൊല്ലം പഠിപ്പിക്കാൻ കഴിയാഞ്ഞതും. പിറ്റേ വർഷമാണു് സെമിനാരിയിൽ പഠിപ്പിക്കാൻ തുടങ്ങിയതു്.

ആദ്യ ക്ലാസ് ഇപ്പോഴും ഓർമ്മയിൽ നിൽക്കുന്നു. അതേവരെ ഒരിക്കൽപ്പോലും ക്ലാസ്സെടുത്തിട്ടില്ലാത്ത ഞാൻ ഭയാശങ്കകളോടെയാണു് ക്ലാസ്സിൽ ചെന്നതുതന്നെ. എങ്കിലും ക്ലാസ് കഴിഞ്ഞപ്പോൾ വിദ്യാർത്ഥികളായ വൈദികർ എന്നെ വളരെ അഭിനന്ദിച്ചു. തുടക്കത്തിൽത്തന്നെ ലഭിച്ച പ്രോത്സാഹനം എന്നെ ധൈര്യപ്പെടുത്തി.

കേസിന്റെ നടത്തിപ്പിൽ അപ്പോഴും ഞാൻ സഹായിച്ചിരുന്നു.

തുടർന്നു് സഭാവർക്കിംഗ് കമ്മിറ്റി മെംബറായി എന്നെ നിയോഗിച്ചു. കൊച്ചുതിരുമേനിയാണു് എന്നെ നാമനിർദ്ദേശം ചെയ്തതു്. അപ്പോൾ എന്റെ ജ്യേഷ്ഠൻ കെ. ചെറിയാൻ സംശയം പ്രകടിപ്പിച്ചു. "ഓ, അവൻ വന്നു വല്ല പെൻസിലും കടിച്ചുകൊണ്ടിരുന്നുകൊള്ളട്ടെ" എന്നായിരുന്ന കൊച്ചുതിരുമേനിയുടെ പ്രതികരണം.

വർക്കിംഗ് കമ്മിറ്റിമെമ്പർഎന്ന നിലയിൽ എനിക്കു നിശ്ചയിക്കപ്പെട്ട പ്രവർത്തനമേഖല സാഹിത്യം ആയിരുന്നു. അതനുസരിച്ചാണു് ആരാധനാക്രമങ്ങളുടെ തർജ്ജമ തുടങ്ങിയതു്.

സ്കൂൾബാനസ്സാരം ആദ്യുരോഗം തർജ്ജമചെയ്യാൻ നിർദ്ദേശം ലഭിച്ചു.

ഞാൻ പത്തനംതിട്ടയിലേയ്ക്കു് 1943-ൽ ആണു്. 39-ാം വയസ്സിൽ. അതിനകം പിതാവു മരിപ്പു. അമ്മച്ചി നേരത്തെ മരിച്ചുപോയിരുന്നു. ആയിടയ്ക്കു് ഒരു ദിവസം ഞാൻ പഴയസെമിനാരിയിൽ ചെന്നു. ഉച്ചനമസ്കാരത്തിനുശേഷം ചുമന്ന ളോഹ ഊരി കൈയിൽപിടിച്ചുകൊണ്ടു ബാവാ മാളികമുറിയിൽ മറ്റുള്ളവരോടു സംസാരിക്കുകയാണു്. ഞാൻ കയറിച്ചെല്ലുന്നതുകണ്ടു ബാവാ മറ്റുള്ളവരെ നോക്കി പറഞ്ഞു: 'എനിക്കു് ഇനി ഒരാഗ്രഹമേയുള്ളൂ. കുട്ടിക്കു് (ബാവാ എന്നെ കുട്ടി എന്നാണു വിളിച്ചിരുന്നതു്) പട്ടം കൊടുക്കണം.'

അങ്ങിനെ മുപ്പത്തൊമ്പതാം വയസ്സിൽ എനിക്കു ബാവാ സഭോനോപട്ടം നൽകി. പിറ്റേന്നു തന്നെ ശംശോനോ (പുണ്യശ്ലോകൻ) ആക്കി. എന്നിട്ടു പറഞ്ഞു, "ശെമ്മാശ്, വരുന്നയാഴ്ച ഒരുങ്ങിക്കൊള്ളണം."

അടുത്തയാഴ്ച കശ്ശീശാപട്ടം ലഭിച്ചു—നാൽപതാം വയസ്സിൽ. 1953-ൽ 46-ാം വയസ്സിൽ മെത്രാനായി. ബാഹ്യകേരള പള്ളികളുടെ ചുമതലയാണു് ആദ്യം എന്നെ ഏൽപ്പിച്ചതു്. തുടർന്നു് ബാഹ്യകേരള ഇടവകകൾ ചേർന്നു് ഒരു ഭദ്രാസനമാക്കി. അതിന്റെ മെത്രാപ്പോലീത്ത ആയി. തുടക്കത്തിൽ 15 സെന്ററുകൾ മാത്രമുണ്ടായിരുന്ന ബാഹ്യകേരള ഭദ്രാസനം 150 സെന്ററുകളിലായി വളർന്നു. 1975 ഒക്ടോബർ 27-ാം തീയതി കാതോലിക്കായായി ഉയർത്തപ്പെട്ടു.

ഇതിൽനിന്നെല്ലാം എന്റെ വിളി എന്താണെന്നും, ഞാൻ പോകേണ്ട വഴി ഏതാണെന്നും ഞാൻ നിശ്ചയിച്ചിരുന്നില്ലെന്നുവ്യക്തമാകും. ദൈവംതന്നെയാണു് എന്നെ ഈ വഴിയിലേയ്ക്കു നടത്തിയതു്. മെഡിസിനു പഠിക്കാൻ ആഗ്രഹിച്ച ഓരോ ഘട്ടത്തിലുമുണ്ടായ പ്രതിബന്ധങ്ങളിലൂടെ ദൈവം എന്നെ ഇവിടേയ്ക്കു വഴിനടത്തുകയായിരുന്നു.

"ജാതകത്തിൽ എനിക്കു വിധിച്ചിരുന്ന പ്രായമൊക്കെ ഞാൻ കടന്നു. ആയുസ്സിന്റെ കാലാവധി നേരത്തെ കഴിഞ്ഞു. ഇപ്പോൾ എനിക്കു് 'ഗ്രേസ്പീരിയഡ്' (സൗജന്യകാലാവധി) ആണു്—ബാവാതിരുമേനി ചിരിച്ചുകൊണ്ടു പറഞ്ഞു.

○

# എന്റെ കർത്താവും എന്റെ....

[21-ാം പേജിൽനിന്നു തുടർച്ച]

യെല്ലാം അതിജീവിച്ചു് മുടുതൽ പ്രകാശത്തോടുകൂടി പുറത്തേക്കു് വന്നിട്ടുള്ള സന്ദർഭങ്ങൾ നമുക്കു് ഓർമ്മയിലുണ്ടു്. ഇന്നു് സഭ വെല്ലുവിളികളെയും എതിർപ്പുകളെയും തൃണവൽഗണിച്ചുകൊണ്ടു് ആഗോളവീക്ഷണത്തോടുകൂടി മുന്നേറുകയാണു്.

ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണാതെ വിശ്വസിക്കയില്ലെന്നു് പറഞ്ഞ തോമസ് അപ്പോസ്തോലൻ ക്രിസ്തുവിനെ കണ്ടു് തിരിച്ചറിഞ്ഞപ്പോൾ സർവ്വവും ക്രിസ്തുവിൽ അർപ്പിച്ചുകൊണ്ടു് തന്റെ സത്യവിശ്വാസം വിളിച്ചുപറയിച്ചതു് "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്നു് പറഞ്ഞുകൊണ്ടാണു്. പരിശുദ്ധ ബാവാ തിരുമേനിയുടെ പ്രവർത്തനവിജയത്തിനും കാരണം ഇതുതന്നെയാണു്. സത്യവിശ്വാസത്തെ മുറുകെപ്പിടിച്ചുകൊണ്ടു് എല്ലാം ദൈവത്തിൽ അർപ്പിച്ചു് തിരുമേനി സഭയ്ക്കു് നേതൃത്വം നല്കുകയാണു്. അദ്ധ്യാത്മികവും, സാമുദായികവും, സാംസ്കാരികവുമായ ഒരു കേന്ദ്രമെന്നു് വിശേഷിപ്പിക്കപ്പെടുന്ന കോട്ടയം പട്ടണത്തിനു് തിലകക്കുറിയായി ദേവലോകം ഇന്നു് പ്രശോഭിക്കുകയാണു്. മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷന്റെ ആസ്ഥാനം ഒരു ക്രൈസ്തവ പ്രകാശഗോപുരമായിത്തിന്നിരിക്കുകയാണു്. ഒരു ലോകദീപമായി ശോഭവിതറുകയാണു്.

എൺപതാം വയസ്സിലേക്കു് പ്രവേശിച്ചിരിക്കുന്ന പരിശുദ്ധ ബാവാ തിരുമേനിക്കു് എല്ലാവിധമംഗളങ്ങളും നേരുന്നു. തിരുമേനിക്കു് ദീർഘായുസ്സും ആരോഗ്യവും, ആത്മധൈര്യവും, സന്തുഷ്ടിയും, സമാധാനവും കൊടുത്തു് ദൈവം അനുഗ്രഹിക്കട്ടെ.

നമുക്കു് ദൈവത്തെ സ്തുതിക്കാം.

നമുക്കു് ദൈവത്തോടു് പ്രാർത്ഥിക്കാം.

○

# Finally, here is Proof!

New Proof detergent powder.
It makes the whites whiter
and the brights brighter.
The colours sparkle with
life. Your finest clothes look oh
so nice! New Proof detergent.
It's soft on the skin. It smells
so fine. It comes at a price
that's such a pleasant
surprise. New Proof detergent.
Just one wash will give you
all the proof you need.

**Proof**
PERFUMED
Super Detergent Powder

**Super white**
**Super bright**
**At a price**
**That's just right.**

A quality product from Indo Home Products




FOR TRADE ENQUIRIES WRITE To:-
INDO HOME PRODUCTS PVT. LTD., 901 PADMA TOWERS, RAJENDRA PLACE
NEW DELHI- 110008


Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Chris Printers Kottayam - 3
For Catholicate Press, Devalokam, Kottayam - 686038, Manager Fr. Raju Varghese,
Circulation Asst. K. P. Jacob, Chief Editor: Dr. Samuel Chandanappally, Associate Editor Fr. C. A. Issac.